പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂൺ 19-ാം തീയതി സമർപ്പിച്ചത്

(Presented on 19th June, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH 2013)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

737/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 69 |

## സബ്ജക്റ്റ് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

,, ഇ. പി. ജയരാജൻ

,, സി. പി. മുഹമ്മദ്

,, സി. മോയിൻകുട്ടി

,, എസ്. ശർമ്മ

,, എം. വി. ശ്രേയാംസ് കുമാർ

,, പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിച്ച 2011-2013 കാലയളവിലേക്കുള്ള, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 1-4-2012 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 12-4-2012, 17-4-2012, 24-4-2012, 2-5-2012, 23-5-2012, 24-7-2012, 10-12-2012, 7-2-2013, 14-2-2013, 25-3-2013 എന്നീ തീയതികളിലായി പത്ത് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 12-4-2012, 17-4-2012, 24-4-2012 എന്നീ തീയതികളിൽ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനായും, 2-5-2012-ന് 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട്റിപ്പോർട്ട് പരിഗണിക്കുന്നതിനായും, 23-5-2012-ന് 2012-13-ലെ കരട് പീരിയോഡിക്കൽ റിപ്പോർട്ട് പരിഗണിക്കുന്നതിനായും 24-7-2012-ന് 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ കളിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിക്കുന്നതിനായുമാണ് സമിതി യോഗം ചേർന്നത്. 10-12-2012, 7-2-2013 എന്നീ തീയതികളിൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ചുള്ള ചട്ടം 235എ പ്രകാരം യഥാക്രമം 11-ാം പഞ്ചവത്സര പദ്ധതിയിലെ 'ഭക്ഷ്യ സുരക്ഷാ പദ്ധതി'-യുടെ നടത്തിപ്പ്, കൃഷി വകുപ്പും മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പും ലഭ്യമാക്കിയ 2011-12-ലെ വാർഷിക പ്രവർത്തനറിപ്പോർട്ടുകൾ എന്നിവയിന്മേൽ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിനായും, 14-2-2013-ന് 2013-ലെ ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായും, 25-3-2013-ന് 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായും യോഗം ചേരുകയുണ്ടായി. കൂടാതെ, 23-5-2012, 10-12-2012, 7-2-2013 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും പരിശോധിക്കുകയുണ്ടായി.

സമിതി യോഗങ്ങളിൽ ശരാശരി ഹാജർനില 61% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് അദ്ധ്യായങ്ങളിലായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ബില്ലുകളുടെ വിവരങ്ങളും മൂന്നാം അദ്ധ്യായത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി

സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം അദ്ധ്യായമായി റിപ്പോർട്ട് കാലയളവിൽ സഭയിൽ സമർപ്പിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ, ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. യോഗ നടപടിക്കുറിപ്പുകൾ അനുബന്ധം ആയും ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2013 മേയ് 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2013 മേയ് 8.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി I.*

# റിപ്പോർട്ട്

## അദ്ധ്യായം I

2012-2013 സാമ്പത്തികവർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 മേയ് 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു. 2012 ജൂൺ 11-ന് പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

ധനാഭ്യർത്ഥന നമ്പർ XXXI — മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII — മത്സ്യബന്ധനം.

2. സമിതിയുടെ 1-4-2011 മുതൽ 31-3-2012 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2012 ജൂലൈ 13-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ 25-ാം തീയതി സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

### ബില്ലിന്റെ പരിഗണന

(1) 2013-ലെ ക്ഷീര കർഷകക്ഷേമനിധി (ഭേദഗതി) ബിൽ 14-2-2013-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച റിപ്പോർട്ട് 15-2-2013-ന് സഭയിൽ സമർപ്പിച്ചു.

(2) 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ 25-3-2013-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച റിപ്പോർട്ട് 26-3-2013-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിച്ചു. സമിതിയുടെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും ചുവടെ ചേർത്തിരിക്കുന്നു:

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-2006)

1981-ൽ നിശ്ചയിച്ച റേറ്റ് അനുസരിച്ചാണ് പുഞ്ചക്കൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി നൽകിവരുന്നത്. 24 വർഷത്തോളം പഴക്കമുള്ള ഈ റേറ്റ് പരിഷ്കരിക്കേണ്ടതായിട്ടുണ്ടെന്ന് സമിതി കരുതുന്നു. ആയതിനാൽ 1981-ൽ നിശ്ചയിച്ച സബ്സിഡി റേറ്റ് പുനഃപരിശോധിച്ച് കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

### സർക്കാർ സ്വീകരിച്ച നടപടി

7-11-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 261/12/കൃഷി പ്രകാരം പമ്പിംഗ് സബ്സിഡി തുക ഹെക്ടറിന് 750 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

### ശുപാർശ

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പുനരുദ്ധാരണം**

സംസ്ഥാനത്തെ പൊതുമേഖലയിലുള്ള മാംസസംസ്കരണ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് പുതിയ മെഷിനറി വാങ്ങുന്നതുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

### സർക്കാർ സ്വീകരിച്ച നടപടി

2005-06 വർഷത്തിൽ എം.പി.ഐ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ഇടയാർ യൂണിറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 47.35 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക 2004-05 വർഷം അനുവദിച്ചുകിട്ടിയ 87.65 ലക്ഷം രൂപയോടൊപ്പം കമ്പനിയുടെ താഴെപ്പറയുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്:

(എ) നിലവിലുള്ള ഡീഫ്രീസറിന്റെ പുനഃസംഘടന;

(ബി) എഫ്ളുവന്റ് ട്രീറ്റ്മെൻറ് പ്ലാന്റ് സ്ഥാപിക്കുന്നതിന്;

(സി) തറയുടേയും ഡ്രയിനേജിന്റെയും അറ്റകുറ്റപ്പണി;

(ഡി) റീവയറിംഗ്;

(ഇ) കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി;

(എഫ്) കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.

ശുപാർശ

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മിക്ക ഫാമുകളുടെയും പശ്ചാത്തല സൗകര്യങ്ങൾ വളരെ ശോചനീയമായ അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഉയർന്ന ഉൽപ്പാദനശേഷിയുള്ള പിതൃശേഖരം, തീറ്റപ്പുൽ, മരുന്നുകൾ, ഉപകരണങ്ങൾ, ഫാം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2005-06 കാലഘട്ടത്തിൽ 45 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി:

| | |
|---|---|
| (എ) പിതൃശേഖരം വാങ്ങുന്നതിന് | .. 7 ലക്ഷം രൂപ |
| (ബി) കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി | .. 10 ലക്ഷം രൂപ |
| (സി) തീറ്റയും തീറ്റപ്പുല്ലും വാങ്ങുന്നതിന് | .. 6 ലക്ഷം രൂപ |
| (ഡി) കുടപ്പനക്കുന്ന് കന്നുകാലികേന്ദ്രം പുനരുദ്ധരിക്കുന്നതിന് | .. 20 ലക്ഷം രൂപ |
| (ഇ) മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് | .. 1 ലക്ഷം രൂപ |
| (എഫ്) പദ്ധതിയുടെ നടത്തിപ്പ് ചെലവ് | .. 1 ലക്ഷം രൂപ |

ഇതിൽ 42.16 ലക്ഷം രൂപ 2005-06-ൽ ചെലവായി.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-2008)

ശുപാർശ

കാർഷിക സർവ്വകലാശാല നിയമം 45-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ധനാഗമ മാർഗ്ഗം. 2007-08 സാമ്പത്തികവർഷത്തിൽ 2,000 ലക്ഷം രൂപ മാത്രമാണ് സർവ്വകലാശാലയുടെ പ്രവർത്തനത്തിന് പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുക 2490 ലക്ഷം രൂപയായിരുന്നു. സർവ്വകലാശാലയുടെ പ്രവർത്തനം ഒരുപരിധിവരെ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി 2006-07 സാമ്പത്തികവർഷത്തെ ബജറ്റിൽ അനുവദിച്ച

2,490 ലക്ഷം രൂപയെങ്കിലും പുനഃസ്ഥാപിച്ചു കൊടുക്കണമെന്നും അതിനായി 490 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

2007-08 വർഷത്തേക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതി വിഹിതമായി 6,398 ലക്ഷം രൂപ ലഭിക്കുവാൻ വേണ്ട പദ്ധതിരേഖകളാണ് സർവ്വകലാശാല സമർപ്പിച്ചിരുന്നത്. അവ പരിശോധിച്ചശേഷം സർക്കാർ പദ്ധതിവിഹിതം 2,000 ലക്ഷം രൂപയായി നിജപ്പെടുത്തുകയായിരുന്നു. 9-4-2007-ൽ കൂടിയ വിഷയനിർണ്ണയ സമിതി I-ന് മുമ്പാകെ സർവ്വകലാശാല ഇതേ ആവശ്യം വീണ്ടും ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സമിതി സർവ്വകലാശാലയ്ക്ക് മുൻവർഷത്തെ പദ്ധതിവിഹിത സംഖ്യയെങ്കിലും (2,490 ലക്ഷം രൂപ) നൽകണമെന്ന് ശുപാർശ ചെയ്തത്. പിന്നീട് സപ്ലിമെന്ററി ഡിമാന്റിലൂടെ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും വർദ്ധനവ് അനുവദിച്ചു നൽകിയിട്ടില്ല.

ശുപാർശ

കേരള കാർഷിക സർവ്വകലാശാല നാളികേരത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ആരോഗ്യപാനീയത്തിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനാവശ്യമായ സാങ്കേതികവിദ്യ കണ്ടുപിടിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിന് എക്സൈസ് വകുപ്പിന്റെ കൂടി അനുമതി ആവശ്യമാകയാൽ ആയത് ഉടനടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി കൈക്കൊള്ളാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

തെങ്ങ് ചെത്തിയെടുക്കുന്ന കള്ളിൽ 7% ആൽക്കഹോൾ ഉണ്ടാവാറുണ്ട്. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയിലൂടെ തെങ്ങ് ചെത്തി തയ്യാറാക്കുന്ന മധുരക്കള്ളിൽ ആൾക്കഹോൾ ഉണ്ടാകുന്നില്ല. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത മധുരക്കള്ള് പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് നികുതിവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നാളികേരത്തിൽ നിന്നും വ്യാവസായികാടിസ്ഥാനത്തിൽ ആരോഗ്യ പാനീയം ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകാനാവില്ലെന്നും നികുതിവകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

സെമിനാറുകൾ, ജില്ല/ബ്ലോക്ക് ക്ഷീരോൽസവങ്ങൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ, കർഷകർക്കും വനിതകൾക്കും, വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കും പരിശീലന പരിപാടികൾ, വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മാത്രമായുള്ള സെമിനാറുകൾ, ശിൽപ്പശാലകൾ എന്നീ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. പശുക്കളുടെ പ്രസവപ്രായം താഴ്ത്തുന്നതിനും, പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുന്നതിനുംവേണ്ടി പുതിയതായി നടപ്പാക്കുന്ന

പദ്ധതിയുടെ വിജ്ഞാനവ്യാപനവും ഈ സാമ്പത്തികവർഷം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഈ ശീർഷകത്തിൽ 2006-07 വർഷത്തിൽ അനുവദിച്ച 50 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ച സാഹചര്യത്തിലും പുതിയതായി മറ്റൊരു പദ്ധതിയുടെ വിജ്ഞാനവ്യാപന പരിപാടി ആവിഷ്കരിക്കേണ്ടതിനാലും 50 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

## സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷം Re-appropriation മുഖാന്തിരം 2404-102-96-34-OC എന്ന ശീർഷകത്തിലേക്ക് അധികമായി 2402-195-94 എന്ന ശീർഷകത്തിൽ നിന്നും 4,71,000 രൂപ ഈ ശീർഷകത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. അങ്ങനെ പദ്ധതി വിഹിതം 19.71 ലക്ഷം രൂപയായി മാറി. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

## ശുപാർശ

സംസ്ഥാനത്ത് നിലവിലുള്ള അപ്പെക്സ് ഫെഡറേഷൻ, 3 മേഖലാ യൂണിയനുകൾ, 3317 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ വികസനത്തിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞവർഷത്തേക്കാൾ ഇപ്പോൾത്തന്നെ 43 ക്ഷീര സഹകരണ സംഘങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും 2007-08 വർഷം 100 ക്ഷീര സഹകരണ സംഘങ്ങൾ കൂടി രജിസ്റ്റർ ചെയ്യുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 35 ലക്ഷം രൂപ പര്യാപ്തമല്ലെന്നും 15 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും ക്ഷീര സഹകരണ സംഘങ്ങൾ യഥേഷ്ടം അനുവദിക്കണമെന്നും നിലവിൽ തീർപ്പാകാതെ കിടക്കുന്ന എല്ലാ അപേക്ഷകളും പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

## സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരം അധിക തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ല. Re-appropriation മുഖാന്തിരം 4.71 ലക്ഷം രൂപ ഈ ശീർഷകത്തിൽ നിന്നും കുറവുചെയ്ത് 2404-102-96-34-OC എന്ന ശീർഷകത്തിലേക്ക് അധികമായി നൽകി. അങ്ങനെ ഈ ശീർഷകത്തിൽ നിന്നും പദ്ധതി വിഹിതം 30.29 ലക്ഷം രൂപയായി കുറഞ്ഞു. ടി തുക പൂർണ്ണമായും വിനിയോഗിച്ചു. 2008-09 വർഷത്തിൽ 8.29 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങാനുള്ള അപേക്ഷകളെല്ലാംതന്നെ പരിഗണിച്ചിട്ടുണ്ട്. ഇപ്രകാരം സംഘങ്ങളുടെ രൂപീകരണവും നടത്തിയിട്ടുണ്ട്.

ശുപാർശ

ഈ പദ്ധതി മലബാറിൽ മാത്രമായി ക്ലിപ്തപ്പെടുത്തേണ്ടതില്ല എന്നും ശീർഷകത്തിന്റെ പേരിൽ നൽകിയിരിക്കുന്ന മലബാറിലെ എന്ന വാക്ക് ഒഴിവാക്കി 'പാലുൽപ്പാദന സംഘം മുഖേനയുള്ള വനിതാ മൃഗസംരക്ഷണ പദ്ധതി' എന്ന് മാറ്റണം എന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷം തുക അനുവദിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിലും തുക അനുവദിച്ചിട്ടില്ല. തുക ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ശുപാർശ

പാൽ പരിശോധനാ ഉപകരണങ്ങളും രാസവസ്തുക്കളും വാങ്ങുക, പാൽ പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വാർഷിക അറ്റകുറ്റ കരാറിന്റെ ചെലവ് വഹിക്കുക മുതലായ ആവശ്യങ്ങൾക്കാണ് ഈ ശീർഷകത്തിൻകീഴിൽ തുക വകയിരുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാതല ഗുണനിലവാര നിയന്ത്രണ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷം അനുവദിച്ചിരുന്ന തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 2009-10, 2010-11, 2011-12 വർഷങ്ങളിൽ 10 ലക്ഷം രൂപ വീതം ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

കർഷകർക്ക് തീറ്റപ്പുൽക്കൃഷിക്ക് സഹായം നൽകൽ, നടീൽ വസ്തുക്കൾ ലഭ്യമാക്കൽ, പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കൽ അസോള കൃഷി പ്രോത്സാഹിപ്പിക്കൽ, ശമ്പളം ഒഴികെയുള്ള നടത്തിപ്പ് ചെലവ് വഹിക്കൽ എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. 2007-08 വർഷത്തിൽ 1800 ഹെക്ടർ പ്രദേശത്ത് തീറ്റപ്പുൽ കൃഷി ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ഹ്രസ്വകാല പുൽക്കൃഷിക്കു വേണ്ടി 10 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷം സമിതിയുടെ ശുപാർശ പ്രകാരമുള്ള അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല. അനുവദിച്ച തുകയായ 190 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09 വർഷത്തിൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2006-07-ൽ 3 കോടി രൂപ ചെലവഴിച്ച് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് വഴി നടപ്പിലാക്കിയ പശുഗ്രാമം പദ്ധതി സംസ്ഥാനത്തെ ക്ഷീര മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങുന്നതുവഴി സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തും മെച്ചപ്പെട്ടിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്ത് പ്രതിദിനം 50,000 ലിറ്റർ പാൽ കൂടുതലായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ഓൺ ഗോയിങ് പ്രോഗ്രാമാണ്. ഈ പദ്ധതി തുടർന്നും നടപ്പിലാക്കിയാൽ മാത്രമേ സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി വിലയിരുത്തി. ഈ സാഹചര്യ ത്തിൽ പശുഗ്രാമം പദ്ധതി 2007-08-ൽ തുടർന്നും നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പശുഗ്രാമം പദ്ധതി 2006-07-ൽ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2007-08-ൽ ഈ പദ്ധതി അനുവദിച്ചിട്ടില്ല. എന്നാൽ 2007-08-ൽ MSDP എന്ന പേരിൽ പശുക്കളെ വാങ്ങി നൽകുന്ന പദ്ധതിക്കായി 490 ലക്ഷം രൂപ അനുവദിച്ചിരുന്നത് പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞു.

<u>ശുപാർശ</u>

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള അഞ്ച് ക്ഷീരവികസന പരിശീലന കേന്ദ്രങ്ങളിൽ നാലെണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളൂ. ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടയം ക്ഷീര പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ജില്ലാ ഓഫീസും, ക്വാളിറ്റി കൺട്രോൾ യൂണിറ്റും പ്രവർത്തിച്ചുവരികയാണ്. ക്ഷീര പരിശീലന കേന്ദ്രത്തിന് വളരെ പരിമിതമായ സൗകര്യങ്ങളേ കോട്ടയത്ത് നിലവിലുള്ളൂ. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി 42 ലക്ഷം രൂപ അനുവദിക്കണമെന്ന് കഴിഞ്ഞവർഷം അപേക്ഷിച്ചിരുന്നുവെങ്കിലും തുക വകകൊള്ളിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രത്തിന് സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിനും കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന് ലഭ്യമായ സ്ഥലത്ത് കെട്ടിടം പണിയുന്നതിനുമായി ഒരു കോടി രൂപ ഈ ശീർഷകത്തിൽ വകകൊള്ളിക്കണമെന്ന് സമിതി തീരുമാനിച്ചു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കോട്ടയം, ഓച്ചിറ എന്നീ ക്ഷീര പരിശീലന കേന്ദ്രങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള ഫണ്ട് 2007-2008 വർഷത്തിൽ പ്രോജക്ട് സമർപ്പിച്ചിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല. 2011-12-ൽ RIDF-ൽ ഉൾപ്പെടുത്തി ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രത്തിനാവശ്യമായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം ക്ഷീര പരിശീലന കേന്ദ്രം RIDF-ൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേരളത്തിലെ പരമ്പരാഗത ക്ഷീരസംഘങ്ങൾക്ക് ആപ്കോസ് സംഘങ്ങൾ ക്കനുവദിച്ച പദ്ധതിയുടെ മാതൃകയിൽ പശ്ചാത്തല വികസനത്തിന് 75:25 നിരക്കിൽ 25% ആയ 50 ലക്ഷം രൂപ മാച്ചിംഗ് ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷം ടി തുക അനുവദിച്ചിട്ടില്ല.

ശുപാർശ

'എൻറിച്ച്മെന്റ് ഓഫ് പാഡി സ്ട്രാ' എന്ന പദ്ധതി 7 ജില്ലകളിൽ നടപ്പിലാക്കുന്ന തിനാണ് 2005-06-ൽ തുക അനുവദിച്ചത്. പദ്ധതി കർഷകർക്ക് വളരെ പ്രയോജന പ്രദമായിരുന്നതിനാൽ ബാക്കി ജില്ലകളിൽ 2007-08-ൽ പദ്ധതി തുടങ്ങുന്നതിന് 90 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല.

ശുപാർശ

ക്ഷീരവികസന വകുപ്പിനെ കാലോചിതമായി ആധുനികവൽക്കരിക്കേണ്ടതായി ട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും സംയോജിപ്പിച്ച് കേരളത്തെ പാൽ സ്വയംപര്യാപ്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഉദ്യമങ്ങൾക്കായി 50 ലക്ഷം രൂപ വകകൊള്ളിക്കണ മെന്നും ഇതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടില്ല. തുകയും അനുവദിച്ചിട്ടില്ല.

ശുപാർശ

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ക്ഷീരോല്പാദന നിർമ്മാണ മേഖലയിൽ അതിനുള്ള സാദ്ധ്യതകൾ ഏറെയാണ്. ആദ്യഘട്ടമെന്ന നിലയിൽ 2007-08-ൽ യൂണിറ്റൊന്നിന് 30,000 രൂപ ചെലവാക്കി 100 വനിതാ ക്ഷീരോല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന തിനായി 30 ലക്ഷം രൂപ വകകൊള്ളിക്കണമെന്നും ഇതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിരുന്നില്ല.

ശുപാർശ

2007-08-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്ന 'പശുക്കളുടെ പ്രസവ പ്രായം കുറയ്ക്കുന്നതിനും പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനുമുള്ള പദ്ധതി' നടപ്പിലാക്കിയാൽ ക്ഷീര മേഖലയിൽ ഒരു വൻ കുതിപ്പിന് തുടക്കമിടാനാകുമെന്ന് കരുതുന്നു. ഈ ആവശ്യത്തിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങി 15 ലക്ഷം രൂപ ആയതിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിരുന്നില്ല.

ശുപാർശ

സംസ്ഥാനത്തെ 3317 ക്ഷീരസഹകരണ സംഘങ്ങളെ ക്ഷീരവികസന ഓഫീസുകളുമായും മേഖലായൂണിയനുകളുമായും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സുതാര്യവും കാര്യക്ഷമവുമായ സേവനം ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയും കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നതിന് സമർപ്പിച്ച സ്കീമിന് മാച്ചിംഗ് ഗ്രാന്റായി 100 ലക്ഷം രൂപ വകയിരുത്തുകയും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

75% ഗ്രാന്റായി പദ്ധതി അനുവദിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടില്ല. 2010-11-ൽ one time ACA ആയി 10 കോടി രൂപ ഈ ആവശ്യത്തിന് അനുവദിച്ചിട്ടുണ്ട്.

ശുപാർശ

ക്ഷീര സഹകരണ സംഘങ്ങളിൽ പാലൊഴിക്കുന്ന സംസ്ഥാനത്തെ മുഴുവൻ കർഷകരേയും ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരുന്നതിന് കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ നടത്തിപ്പിനായി 1 കോടി രൂപ അനുവദിക്കുകയും ഇതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടില്ല.

ശുപാർശ

ക്ഷീരവികസന രംഗത്തെ തീറ്റപ്പുൽ കൃഷി, ശാസ്ത്രീയ പശുപരിപാലനം, ക്ഷീര സഹകരണ രംഗം, ക്ഷീരോത്പന്നങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കൈപ്പുസ്തകങ്ങളും ലഘുലേഖകളും പോസ്റ്ററുകളും ഡോക്യുമെന്ററികളും മറ്റും തയ്യാറാക്കുന്നതിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല. ഈ ഇനത്തിൽ 10 ലക്ഷം രൂപ അനുവദിക്കുകയും പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ ഗ്രാമീണ ക്ഷീര വ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽനിന്ന് ഈ ആവശ്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ശുപാർശ

ക്ഷീര വ്യവസായ രംഗത്തെ പ്രമുഖ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 3 ദിവസം നീണ്ടുനിൽക്കുന്ന ഒരു ദേശീയ സെമിനാറും പ്രദർശനവും 2008 ജനുവരിയിൽ തിരുവനന്തപുരത്തുവച്ച് നടത്തുന്നതിന് സർക്കാർ ധനസഹായമായി 5 ലക്ഷം രൂപ അനുവദിക്കുകയും അതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ 2010-11-ൽ നടന്ന അഖിലേന്ത്യാ ലൈവ്സ്റ്റോക്ക് ഷോയിൽ വകുപ്പ് പങ്കെടുക്കുകയുണ്ടായി.

ശുപാർശ

പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമായ മലബാറി ആടുകളെ പ്രത്യേകമായി പരിപാലിച്ച് അവയിൽ ശാസ്ത്രീയമായ പ്രജനനവും ജനിതക തെരഞ്ഞെടുപ്പും നടത്തി മേൻമയേറിയ ആട്ടിൻകുട്ടികളെ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് സ്ത്രീകൾക്ക് മുൻഗണനയുള്ള ആട് പ്രജനന സാറ്റലൈറ്റ് യൂണിറ്റുകൾ വഴി, 400 പെണ്ണാട്ടിൻ കുട്ടികളെയും 20 മുട്ടനാട്ടിൻ കുട്ടികളെയും വിതരണം ചെയ്യുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ പുതുതായി ഉചിതമായ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)

ശുപാർശ

കൃഷി വികസന സമിതികൾ ഇപ്പോൾ യഥാവിധി യോഗം ചേരുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. കൃഷി വികസന സമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീ ഏർപ്പെടുത്തണമെന്നും ഈ ആവശ്യത്തിലേക്ക് 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2008-09-ൽ കാർഷിക വികസന സമിതിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് സിറ്റിംഗ് ഫീ അനുവദിക്കാത്തതിനാൽ അധികംതുക വേണ്ടിവന്നില്ല.

25-7-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 184/2011/കൃഷി നമ്പർ പ്രകാരം 2011-12 വർഷത്തിൽ അനുമതി ലഭ്യമായതനുസരിച്ച് കാർഷിക വികസന സമിതിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് നിലവിൽ നടപ്പിലാക്കി വരുന്നു.

ശുപാർശ

ഈ പദ്ധതിയുടെ സബ്സിഡി കർഷകൻതന്നെ വഹിക്കണമെന്നുള്ളതുകൊണ്ട് 25,000 രൂപ മുടക്കുന്ന കർഷകനു മാത്രമേ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്നതു വച്ച് ഈ പദ്ധതിയുടെ സേവനം നൽകാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ ഗവൺമെന്റ് വിഹിതമായ 50%-വും പഞ്ചായത്ത് വിഹിതമായ 40%-വും ചേർത്ത് സബ്സിഡി 90% എന്നാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

2008-09-ലും 2009-10-ലും ഈ പദ്ധതി 90% സബ്സിഡിയോടെ നടപ്പിലാക്കാൻ സാധിച്ചില്ല.

എന്നാൽ 2010-11 മുതൽ മൈക്രോ ഇറിഗേഷൻ പദ്ധതിയിൻകീഴിൽ കർഷകർക്ക് 90% സബ്സിഡി നല്കിവരുന്നുണ്ട്. 2010-11-ലും, 2011-12-ലും സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽപ്പെടുത്തി അധികമായി 30% സബ്സിഡി അനുവദിച്ചതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 50% സബ്സിഡി ഉൾപ്പെടെയാണ് 90% സബ്സിഡി കർഷകർക്ക് നല്കിയിട്ടുള്ളത്.

ശുപാർശ

ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനും അതു നിർമ്മിക്കുന്ന പണിക്കാർക്കും ഗുണഭോക്താവിനും മറ്റു ബന്ധപ്പെട്ടവർക്കും പരിശീലനം നൽകുന്നതിനും, ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധന ചെലവുകൾ എന്നിവ നേരിടുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

2008-09-ൽ ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ അനുമതിക്കനുസൃതമായി 92.21 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല.

ശുപാർശ

ഹരിയാലി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുതല വിഭവ സർവ്വേക്കുവേണ്ടി ഈവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽപ്പറഞ്ഞ രണ്ടു ഹെഡുകളിലായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തികവർഷം 2402-00-001-96—പ്ളാൻ പി.ആർ.എം. എന്ന ഹെഡിൽ 35 ലക്ഷം രൂപയും 2402-00-001-94—പ്ളാൻ കെ.എസ്.ആർ.ഇ.സി. എന്ന ഹെഡിൽ 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത തുക ഉപയോഗപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞതിനാൽ അധികമായി ശുപാർശ ചെയ്ത 10 ലക്ഷം രൂപ ആവശ്യമായി വന്നില്ല.

ശുപാർശ

ആർ.ഐ.ഡി.എഫ്. ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളുടേയും വാട്ടർഷെഡ് പദ്ധതികളുടേയും, മണ്ണ് സംരക്ഷണ വിഭാഗം നടപ്പിലാക്കിവരുന്ന പദ്ധതികളുടേയും നിരീക്ഷണത്തിനും വകയിരുത്തലിനും വേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തേണ്ടത്. പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ പ്രധാന്യം കണക്കിലെടുത്ത് 2008-09 വർഷത്തേക്കായി 15 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിക്കുവാൻ അഭ്യർത്ഥിച്ചെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 15 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ 2402-00-102-82 പദ്ധതി, മേൽനോട്ടവും വിലയിരുത്തലും എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപ അനുവദിക്കുവാൻ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത വർഷത്തെ ആദ്യഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ലെന്നും ആയതിനാൽ പ്രസ്തുത സാമ്പത്തികവർഷം 2402-00-102-82 പദ്ധതി മേൽനോട്ടവും വിലയിരുത്തലും എന്ന ശീർഷകത്തിൽ ചെലവുകളൊന്നും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ അധികതുക വകയിരുത്തേണ്ടതില്ലെന്നുമാണ് മണ്ണുസംരക്ഷണ വിഭാഗം അഡീഷണൽ കൃഷി ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

ശുപാർശ

G.O.(Ms.) No. 271/2000/AD പ്രകാരം ഭരണാനുമതി ലഭിച്ച ഈ പ്രോജക്ട് കെ.എൽ.ഡി.സി. പൂർത്തീകരിച്ചുകഴിഞ്ഞു. 1,010.71 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണത്തിലേക്കായി 725.90 ലക്ഷം രൂപ കെ.എൽ.ഡി.സി-ക്കു ലഭിച്ചിട്ടുണ്ട്. കോർപ്പറേഷൻ 786.838 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ആയതിനാൽ കെ.എൽ.ഡി.സി-ക്കു ലഭിക്കേണ്ട ബാക്കി തുകയായ 60.938 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

RIDF VI-ൽ ഉൾപ്പെട്ട ഡ്രെയിനേജ് വെള്ളപ്പൊക്ക സംരക്ഷണ പദ്ധതി (4402-800-99) (പുതിയ ശീർഷകം)-യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എൽ. ഡി.സി-ക്കു നൽകേണ്ട 60.938 ലക്ഷം രൂപയിൽ 40.81 ലക്ഷം രൂപ സൂപ്പർവിഷൻ ചാർജ് ഇനത്തിൽ 27-10-2010-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1930/2010/എ.ഡി. പ്രകാരം 4402-800-99(പി) എന്ന ഹെഡിൽ ഉൾപ്പെടുത്തിയും, ബാക്കി തുകയായ 20.128 ലക്ഷം രൂപ 4402-00-800-99 എന്ന ശീർഷകത്തിൽ വർക്ക് ഫണ്ടായി (സ്റ്റേറ്റ് ഷെയർ) 15-10-2011-ലെ സ.ഉ.(സാധാ.) നമ്പർ 1885/11/എ.ഡി. ആയും നൽക്കികഴിഞ്ഞു.

ശുപാർശ

(1) ഡ്രെയിനേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ.

(2) ഡ്രെയിനേജ് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി.

ഈ പദ്ധതികൾ പൂർത്തികരിക്കുന്നതിനായി ഈ ശീർഷകത്തിൽ 925 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

## സർക്കാർ സ്വീകരിച്ച നടപടി

2009-10 ബഡ്ജറ്റിൽ RIDF XII-ലെ പദ്ധതികൾക്കായി 100 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും ഇതു കൂടാതെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 125 ലക്ഷം രൂപയും അനുവദിച്ചിരുന്നുവെന്നും ഈ പദ്ധതിക്ക് നാളിതുവരെ 1108.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 2010-11 ബഡ്ജറ്റിൽ ടി പദ്ധതികൾക്കായി 1010 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ടെന്നും കെ.എൽ.ഡി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശുപാർശ ചെയ്തതിലും കൂടുതൽ തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു.

## ശുപാർശ

ആർ.ഐ.ഡി.എഫ്. XIII-ൽ ഉൾപ്പെട്ട പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 806.69 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിലേക്കുള്ള ധനാഭ്യർത്ഥനയിൽ കെ.എൽ.ഡി.സി. RIDF XII-ൽ അല്ല. RIDF XIII-ൽ ഉൾപ്പെട്ട 5 പ്രോജക്ടുകൾക്കാണ് 806.69 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ 4402-800-85, 4402-800-84 എന്നീ ശീർഷകങ്ങളിലായി 2 പദ്ധതികളാണ് RIDF XIII-ൽ കെ.എൽ. ഡി.സി.ക്ക് അനുവദിച്ചിട്ടുള്ളത്. 4402-800-85, 4402-800-84 എന്നീ ശീർഷകങ്ങളിലായി കെ.എൽ.ഡി.സി.ക്ക് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

### 4402-800-85(P)—കുട്ടനാട് ഡവലപ്പ്മെന്റ് പ്രൊജക്ട്—RIDF XIII

ഈ പദ്ധതിയുടെ അടങ്കൽ തുക 441.4 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ 62% പണികൾ പൂർത്തീകരിക്കുകയും ഇതുവരെ 197.048 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി ഇതുവരെ 266.16 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ (2011-12) 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് പര്യാപ്തമാണ്.

### 4402-800-84(P)—പുറക്കാട് കരിനില വികസന പദ്ധതി—RIDF XIII

ഈ പദ്ധതിയുടെ അടങ്കൽ തുക 318.18 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ 91% പണികൾ പൂർത്തീകരിക്കുകയും ഇതുവരെ 219.265 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി ഇതുവരെ 174.69 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ (2011-12) 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക പര്യാപ്തമാണെന്ന് കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4402-800-87(P) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിച്ച പാലക്കാട് ജില്ലയിൽ കുളം നവീകരിക്കൽ പദ്ധതി RIDF XII-ൽ ഉൾപ്പെട്ടതാണ്. ഈ പദ്ധതിയുടെ അടങ്കൽ തുക 221.67 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ 72% പണികൾ

പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതിക്കായി ഇതുവരെ 111.93 ലക്ഷം രൂപ ലഭിക്കുകയും 131.959 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷത്തിൽ (2011-12) ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത് പര്യാപ്തമാണെന്ന് കെ.എൽ.ഡി.സി. എം.ഡി. അറിയിച്ചിട്ടുണ്ട്.

### ശുപാർശ

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 4-1-2012-ലെ യോഗത്തിൽ 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശുപാർശ ഖണ്ഡിക നമ്പർ 53-ന് ലഭ്യമാക്കിയ മറുപടി പരിഗണിക്കവെ, തെന്മല ചെക്ക്പോസ്റ്റിൽ പാൽ പരിശോധനാ വേളയിൽ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന പാൽ ഗുണമേന്മ കുറഞ്ഞതായിരുന്നുവെന്ന വസ്തുത കണ്ടുപിടിച്ചിരുന്നുവെങ്കിലും ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ പ്രസ്തുത പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കാതെയും, ക്രിമിനൽ കേസ് എടുക്കാതെയും തിരിച്ചയച്ച സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 53)

### സർക്കാർ സ്വീകരിച്ച നടപടി

2007-2008 വർഷത്തിലെ ഓണക്കാല ഊർജ്ജിത പാൽ പരിശോധനയ്ക്കിടെ തെന്മല ചെക്ക്പോസ്റ്റിൽ ഗുണനിലവാരം കുറഞ്ഞ പാൽ പിടിച്ചെടുത്ത് നടപടി സ്വീകരിക്കാതെ തിരിച്ചയച്ച ഉദ്യോഗസ്ഥർക്കെതിരെ മേൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ക്വാളിറ്റി കൺട്രോൾ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടിയാൻ നല്കിയ വിശദീകരണത്തിൽ ചെക്ക് പോസ്റ്റിൽ പാൽ പരിശോധനയ്ക്ക് താൽക്കാലിക സംവിധാനം മാത്രമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും മായം കലർന്നിരുന്നോ എന്ന് നിസ്സംശയം പറയുന്നതിനുള്ള കൺഫർമേറ്ററി ടെസ്റ്റുകൾ ചെയ്യുവാൻ സംവിധാനം ഇല്ലായിരുന്നുവെന്നും അറിയിച്ചിരുന്നു. പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരിശോധിക്കുവാൻ എം.എം.പി.ഒ. പ്രകാരം അനുമതി ലഭിച്ചിട്ടുള്ള ഏക ലാബ് പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ആണ് സ്ഥിതി ചെയ്യുന്നത്. തെന്മല ചെക്ക് പോസ്റ്റിൽ നിന്നും കൊല്ലത്തേക്ക് 60 കി.മീ.ഉം അവിടെ നിന്ന് ആലത്തൂരിലേക്ക് 318 കി.മീ. ദൂരമുണ്ട്. ആയതിനാൽ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആലത്തൂർ ലാബിൽ എത്തി അന്നേദിവസം തന്നെ പരിശോധന നടത്തി റിസൽറ്റുമായി മടങ്ങി വരുമ്പോൾ നിർത്തിയിട്ട വാഹനത്തിലെ പാൽ കേടാവാനും പാൽ കൊണ്ടുവരുന്നവർക്ക് നഷ്ടപരിഹാരം നല്കേണ്ടതായും വരും. ക്ഷീരവികസന വകുപ്പിന്റെ ആദ്യ സംരംഭമായിരുന്നു തൻവർഷം ചെക്ക് പോസ്റ്റുകളിൽ നടന്ന ഓണക്കാല പാൽപരിശോധന. വിശദ പരിശോധന നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ചെക്ക് പോസ്റ്റിൽ സ്ഥലം ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ പാൽവണ്ടി തിരികേ അയയ്ക്കുവാനേ നിർവ്വാഹമുണ്ടായിരുന്നുള്ളു.

ആയതിനാൽ ഇക്കാര്യങ്ങളിൽ പ്രത്യേക നിർദ്ദേശങ്ങൾ അന്നത്തെ സാഹചര്യത്തിൽ നൽകുവാൻ കഴിഞ്ഞിരുന്നില്ല. മായം കലർന്നതായി സംശയിക്കപ്പെടുന്ന പാൽ വാഹനങ്ങൾ സംസ്ഥാനത്തേക്ക് കടത്തിവിടാതെ തിരിച്ചയച്ചെന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് ആദ്യമായി നടപ്പിലാക്കിയ ഒരു പുതിയ സംരംഭമായിരുന്നു ചെക്ക് പോസ്റ്റ് പാൽ പരിശോധന എന്നതിനാൽ മാതൃകകൾ ലഭ്യമായിരുന്നില്ല.

അന്ന് ചെക്ക് പോസ്റ്റിന്റെ ചുമതല ഉണ്ടായിരുന്ന ഡെപ്യൂട്ടി ഡയറക്ടർ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച് നല്ല ഉദ്ദേശത്തോടുകൂടി സ്വീകരിച്ച നടപടി എന്ന നിലയിൽ മേൽ നടപടികളൊഴിവാക്കണമെന്ന് ഇപ്പോൾ ചുമതലയുള്ള ഉദ്യോഗസ്ഥൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കരുതെന്നുള്ള കർശനമായ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട് എന്ന് ഡെയറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകൾ അംഗീകരിച്ച് ഇക്കാര്യത്തിലുള്ള തുടർനടപടികൾ അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സമിതിയോട് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-2010)

### ശുപാർശ

ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഘടകങ്ങളിലൊന്നായ ഓണാട്ടുകര മേഖലയിലെ നെല്ലുത്പാദനത്തിനായി 2,100 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എള്ള്, നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്ന ഓണാട്ടുകര മേഖലയിൽ ഏകദേശം 72,000 ഏക്കർ ഭൂമി ഈ വർഷം ലഭ്യമാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കൂടാതെ നെൽവയൽ സംരക്ഷണ നിയമംവഴി സംസ്ഥാനത്തൊട്ടാകെ കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടി വരികയും ചെയ്യും. അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ ഓണാട്ടുകര മേഖലയിലെ കൃഷിക്കും നെൽവയൽ നിയമം വഴി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ കൃഷിക്കുമായി ഈ ശീർഷകത്തിൻകീഴിൽ 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സർക്കാർ സ്വീകരിച്ച നടപടി

ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി ഓണാട്ടുകര പ്രദേശത്തേക്ക് 4 കോടി രൂപ അനുവദിച്ചു നൽകി. ഇതിനുപുറമേ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 430 ലക്ഷം രൂപയും ഓണാട്ടുകര പ്രദേശത്തെ നെൽകൃഷി വികസനത്തിനും എള്ളുകൃഷി വികസനത്തിനുമായി നൽകിയിട്ടുണ്ട്. അതിനാൽ ഈ ഹെഡ്ഡിൽ അധികം തുക അനുവദിച്ചില്ല.

ശുപാർശ

തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളക്കൃഷി, സമ്മിശ്ര കൃഷി എന്നിവ നടപ്പാക്കി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കിയ നാളികേര വികസന പരിപാടി ഇതിനകം തന്നെ കേരകർഷകർക്ക് വളരെയധികം പ്രയോജനകരമായിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. കേരകൃഷി കൂടുതലായി നടത്തിവരുന്ന ജില്ലകളായ കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ ക്ലസ്റ്റർ സംവിധാനം കൂടുതലായി വ്യാപിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി 10 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതി ക്ലസ്റ്റർ അടിസ്ഥാനത്തിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് നടപ്പിലാക്കിയത്. ഈ ജില്ലകളിൽ 415 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും 1448.04 ലക്ഷം രൂപ നാളികേര വികസനത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നാളികേര വികസനത്തിനായി 148.75 ലക്ഷം രൂപയുടെ പ്രോജക്ടിന് അനുമതി ലഭിക്കുകയുണ്ടായി. ഇതിൻപ്രകാരം കഴിഞ്ഞ (2009-10) സാമ്പത്തിക വർഷം 4.605 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ബാക്കി തുക 2010-11 വർഷത്തിൽ ചെലവഴിക്കുന്നതാണ്.

2009-10 സാമ്പത്തിക വർഷം തെങ്ങുകൃഷി വികസനം എന്ന പദ്ധതിക്ക് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിൻ പ്രകാരം കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കി. തെങ്ങുകൃഷി വിളയ്ക്കായുളള പരിചരണ മുറകൾ (ജലസേചനം ഒഴിച്ച്) നടപ്പിലാക്കുവാൻ പറ്റിയസമയം ജൂൺ മാസം മുതൽ നവംബർ മാസം വരെയുളള കാലവർഷം ലഭിക്കുന്ന സമയത്താണ്. ഈ സാഹചര്യത്തിൽ അധികമായി തുക ലഭ്യമാക്കുന്നതുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരും. കർഷകർക്ക് ലഭിക്കുന്ന പ്രയോജനവും കുറവായിരിക്കും. കൂടാതെ സാമ്പത്തിക വർഷത്തിന്റെ അവസാനസമയം ആയതുകൊണ്ടും പദ്ധതിയിൽ അധിക തുക ആവശ്യപ്പെട്ടില്ല. ഓരോ വർഷവും 2401-00-103-87-പ്ലാൻ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| | *ഒറിജിനൽ ബഡ്ജറ്റ്* | *പുതുക്കിയ ബഡ്ജറ്റ്* |
|---|---|---|
| 2009-2010 | 1525 ലക്ഷം രൂപ | 1525 |
| 2010-2011 | 3000 ലക്ഷം രൂപ | 2971.76 |
| 2011-2012 | 3000 ലക്ഷം രൂപ | 3000 |

2009-2010-ൽ കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ 4 ജില്ലകളിൽ കേരശ്രീ പദ്ധതി നടപ്പിലാക്കി. 10375 ഹെക്ടർ സ്ഥലത്ത് 415 ക്ലസ്റ്ററുകൾ രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.

2010-2011-ൽ കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, വയനാട് എന്നീ ജില്ലകളിലായി 423 ക്ലസ്റ്ററുകളിലൂടെ 10588 ഹെക്ടറിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി.

2011-2012-ൽ കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം വയനാട് എന്നീ ജില്ലകളിൽ പുതുതായി 408 ക്ലസ്റ്ററുകൾ കൂടി രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ജില്ലകളിൽ പുരോഗമിക്കുന്നു.

2009-2010, 2010-2011 എന്നീ വർഷങ്ങളിൽ പുതുതായി രൂപീകരിച്ച ക്ലസ്റ്ററുകൾക്ക് രണ്ടാംവർഷ ധനസഹായവും പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ

കേരളത്തിലെ കേരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തെങ്ങുകളുടെ കൂമ്പുചീയൽ ആണ്. കൂമ്പുചീയൽ രോഗം ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള ധനസഹായം തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകൾക്കു മാത്രമാണ് കേന്ദ്ര ഏജൻസിയായ കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് നൽകിയത്. കേരളത്തിൽ തെങ്ങുകൃഷി ഏറ്റവും അധികമുള്ള ജില്ലയായ കോഴിക്കോട്, പാലക്കാട്, കണ്ണൂർ മേഖലകളെക്കൂടി ഉൾപ്പെടുത്തി കൂമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്ന് സംസ്ഥാന കൃഷിവകുപ്പ് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2009-2010 വർഷം സംസ്ഥാനാവിഷ്കൃത കേരശ്രീ പദ്ധതി ക്ലസ്റ്റർ അടിസ്ഥാനത്തിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലാണ് നടപ്പാക്കിയത്. ഈ പദ്ധതികളിൽ ഉൾപ്പെട്ട ഒരു ഘടകമാണ് കൂമ്പുചീയൽ രൂക്ഷമായി ബാധിച്ച ഉൽപ്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം നൽകുക എന്നത്. ഈ പദ്ധതി പ്രകാരം കൂമ്പുചീയൽ ബാധിച്ച ഉൽപ്പാദനക്ഷമത കുറഞ്ഞ 82973 തെങ്ങുകളെ മുറിച്ചുമാറ്റുകയുണ്ടായി. ഈ ഘടകത്തിന് പുറമെ 1859033 തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം, 12 ജലസേചന കിണറുകൾ, 4819 പമ്പുസെറ്റുകൾ, 1843365 തെങ്ങുകൾക്ക് തടവെട്ടുകയും, 126 കളനീക്കം ചെയ്യുന്ന യന്ത്രങ്ങൾ, 10 റോക്കർ സ്പ്രേയറുകൾ എന്നീ ഘടകങ്ങളും 415 ക്ലസ്റ്ററുകളിലൂടെ 10375 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി 1448.0448 ലക്ഷം രൂപ വിനിയോഗിച്ചു.

2010-2011, 2011-2012 എന്നീ വർഷങ്ങളിൽ ഈ പദ്ധതിയിൽ പാലക്കാട് ജില്ല കൂടി ഉൾപ്പെടുത്തി സർക്കാർ നിർദ്ദേശപ്രകാരം നാളികേര വികസന ബോർഡ് മുഖേന കൂമ്പുചീയൽ രോഗത്തിന് 2003-2004 മുതൽ നാളികേര വികസന ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന നാളികേര വികസന പദ്ധതിയിലും, റ്റി.എം.ഒ.സി. പദ്ധതിയിലും ഉൾപ്പെടുത്തി തെങ്ങിന്റെ കൂമ്പുചീയൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കൂമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിന് 2003-2004-ൽ 6,80,250 രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയും സബ്സിഡി തുകയായി 1.70 ലക്ഷം രൂപ 2004-2005 വർഷം പദ്ധതി നടത്തിപ്പിനായി കൃഷിവകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

നാളികേര തോട്ടങ്ങളിലെ സമഗ്ര കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 2005-2006 വർഷം കോഴിക്കോട് ജില്ലയിലെ കൂമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിന് 262 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ ധനസഹായമായി 1.66 കോടി രൂപ അനുവദിച്ചതിൽ 1,446 കോടി രൂപ വിനിയോഗിക്കുകയും ബാക്കി 6.01888 ലക്ഷം രൂപ തിരിച്ചടയ്ക്കുകയും ചെയ്തു.

റ്റി.എം.ഒ.സി. പദ്ധതിയിൽ ഉൾപ്പെടുത്തി 2008 വർഷം കൂമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിനായി 20.609 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് അനുവദിച്ചു. ഈ തുക ഉപയോഗിച്ച് കൂമ്പുചീയൽ രോഗ നിവാരണത്തിന് സി.പി.സി.ആർ.ഐ. ഒരു സമഗ്രപാക്കേജ് ഉരുത്തിരിച്ച് എടുത്തിട്ടുണ്ട്.

കാസറഗോഡ് ജില്ലയിലെ കൂമ്പുചീയൽ രോഗം മാരകമായി ബാധിച്ചിട്ടുള്ള 3 പഞ്ചായത്തുകളിൽ കൂമ്പുചീയൽ രോഗനിയന്ത്രണത്തിനായി ജില്ലാ കളക്ടറുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ റ്റി.എം.ഒ.സി. പദ്ധതിയിൽ ഉൾപ്പെടുത്തി 16.439 കോടിയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിൽ നാളികേര വികസന ബോർഡിന്റെ വിഹിതം 3.73 കോടി രൂപയാണ്. ഈ പദ്ധതി ഡിസംബർ 2008-ൽ തുടങ്ങി ഡിസംബർ 2009-ൽ പൂർത്തീകരിച്ചു.

ശുപാർശ

വിപണിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ സംഭരണശാലകൾ, ശീതീകരണ സൗകര്യങ്ങൾ എന്നിവ തമ്മിൽ ഒരു സാങ്കേതിക ശൃംഖല സ്ഥാപിക്കുന്നതിനും ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സംഭരണശാലകൾ, റൈസ് മില്ലുകൾ എന്നിവ നിർമ്മിക്കുന്നതിനുമാണ് ഈ ഹെഡ്ഡിൽ 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഈ തുക മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് അപര്യാപ്തമായതിനാൽ പ്രസ്തുത തുക 5 കോടിയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര വിപണികളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകരെ ആകർഷിക്കുന്നതിനും വേണ്ടി 2009-10, 2010-11 വർഷങ്ങളിൽ താഴെപ്പറയുന്ന പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു. 2009-10-ൽ കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവരികയും ലേല നടപടികൾക്കുവേണ്ടി നെടുമങ്ങാട് വിപണിക്ക് 10 ലക്ഷം രൂപയും മരട് വിപണിക്ക് 15 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

2. മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പദ്ധതി പ്രകാരം വേങ്ങേരി വിപണിക്ക് 27.50 ലക്ഷം രൂപ, മൂവാറ്റുപുഴ വിപണിക്ക് 25 ലക്ഷം രൂപ, സുൽത്താൻ ബത്തേരി വിപണിക്ക് 30 ലക്ഷം രൂപയും യഥാക്രമം നൽകുകയുണ്ടായി. ആയതിനാൽ 2009-10 സാമ്പത്തിക വർഷം അധികം തുക ആവശ്യമായി വന്നില്ല.

3. 2010-11 വർഷത്തിൽ നെടുമങ്ങാട്, മരട്, ആനയറ, മൂവാറ്റുപുഴ വിപണികളിൽ കർഷകർ ഉൽപ്പന്നങ്ങൾ നേരിട്ട് എത്തിക്കുന്നതിനുള്ള പ്രോത്സാഹനമായി 5 ലക്ഷം രൂപ വീതം ട്രാൻസ്പോർട്ട് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ പ്രസ്തുത മാർക്കറ്റുകളിൽ വെയർഹൗസ്/ശീതീകരണശാല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി 20 ലക്ഷം രൂപ, 25 ലക്ഷം രൂപ, 30 ലക്ഷം രൂപ യഥാക്രമം അനുവദിച്ചിട്ടുണ്ട്.

4. മരട് വിപണിയുടെ ശീതീകരണശാലകൾ അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 500 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് ആർ.ഐ.ഡി.എഫ്. മുഖേന നബാർഡിന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

കർഷകർ ഉത്പാദിപ്പിക്കുന്ന ഓരോ ലിറ്റർ പാലിനും ആനുപാതികമായി കാലിത്തീറ്റയ്ക്ക് കിലോഗ്രാമിന് 50 പൈസ വീതം സബ്സിഡി ലഭിക്കത്തക്ക വിധത്തിൽ പദ്ധതി നടപ്പാക്കുന്നതിന് ഈ ശീർഷകത്തിൽ 5.25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതമായ 2.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

നടപ്പ് വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 2008-09-ൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതിന് 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

2008-2009 സാമ്പത്തിക വർഷം ക്ഷീര കർഷകരുടെ ക്ഷേമനിധിക്കായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അധിക തുക ലഭിച്ചിട്ടില്ല.

ശുപാർശ

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള അഞ്ച് ക്ഷീര പരിശീലന കേന്ദ്രങ്ങളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രത്തിനും അടൂർ മേഖലാ പരിശീലന കേന്ദ്രത്തിനും സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിനും കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന് ലഭ്യമായ സ്ഥലത്ത് കെട്ടിടം പണിയുന്നതിനുമായി ഒരു കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതം 150 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

കേരളത്തിലെ ക്ഷീര കർഷകർക്ക് കാലിത്തീറ്റ നൽകുന്നത് ഇപ്പോൾ മേഖലാടിസ്ഥാനത്തിൽ വ്യത്യസ്ഥ നിരക്കിലാണെന്നും മലബാർ മേഖലയിലെ കർഷകരിൽ നിന്നും കൂടിയ നിരക്കാണ് ഈടാക്കി വരുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. ഇപ്രകാരമുള്ള വിവേചനം ഗുണകരമല്ലെന്നും കേരളത്തിലെ മുഴുവൻ കർഷകർക്കും ഒരേനിരക്കിൽ കാലിത്തീറ്റ ലഭ്യമാകുന്നതരത്തിൽ പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇപ്രകാരം മേഖലാടിസ്ഥാനത്തിലല്ലാതെ കേരളത്തിലെ എല്ലാ കർഷകർക്കും ഒരേവിലയ്ക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നമുറയ്ക്ക് ഈ ഹെഡ്ഡിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതം 65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

'എന്റിച്ച്മെന്റ് ഓഫ് പാഡി സ്ട്രാ' എന്ന പദ്ധതി 7 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കർഷകർക്ക് വളരെ പ്രയോജനപ്രദമായതിനാൽ ശേഷിക്കുന്ന ജില്ലകളിൽ കൂടി പദ്ധതി തുടങ്ങുന്നതിന് 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിരുന്നില്ല.

ശുപാർശ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്കു താഴെയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾ എൽ.പി.ജി. തുടങ്ങിയവയിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി അവയുടെ വിലയുടെ 50% പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകുന്നതാണ്. 2009-10 വർഷത്തിൽ 150 ഔട്ട്ബോർഡ് മോട്ടോറുകൾ മാറ്റിവയ്ക്കുന്നതിന് സഹായം നൽകാൻ ലക്ഷ്യമിടുന്നു. ഇതിനും നാടൻ വള്ളങ്ങളുടെ നവീകരണം എന്നിവയ്ക്കുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതം ഉപയോഗിക്കുന്നതിനുമായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2405-00-800-87 ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

2405-00-800-87 എന്ന ശീർഷകത്തിൽ 2009-10 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപതമായതിനാൽ 50 ലക്ഷം രൂപ എസ്.ഡി.ജി. വഴി അധികമായി വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

നെൽകർഷകരുമായി ബന്ധപ്പെട്ട ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകൾക്കുള്ള ധനസഹായം എന്ന പദ്ധതിയെക്കുറിച്ച് സമിതി ചർച്ച ചെയ്തു. ഈ ശീർഷകത്തിൽ അനുവദിച്ച തുകയുപയോഗിച്ച് മൃഗസംരക്ഷണം, കൃഷി എന്നീ വകുപ്പുകൾ സംയുക്തമായി ഒരു മോഡൽ പദ്ധതി എന്ന നിലയിൽ ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സർക്കാർ സ്വീകരിച്ച നടപടി

2010-11-ൽ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി '2401-00-102-82' പ്ലാൻ പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട ഉപപദ്ധതി നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ അനുവദിക്കുകയും മൃഗസംരക്ഷണ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നെൽകർഷകർക്ക് 1250 കറവ പശുക്കളെ നൽകി. ഇതുമൂലം 5200 ടൺ പാൽ അധികം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. പദ്ധതിക്കായി നൽകിയ 250 ലക്ഷം രൂപയും 2010-11 വർഷം ചെലവഴിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

### ശുപാർശ

സംസ്ഥാനത്ത് പുതുതായി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് നെൽകൃഷി വിള ഇൻഷ്വറൻസ്. വിളനാശം സംഭവിച്ച കർഷകർക്ക് ഈ പദ്ധതി പ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം മൂന്നാഴ്ചയ്ക്കകം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സർക്കാർ സ്വീകരിച്ച നടപടി

നെൽകൃഷി വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് നമ്പർ 319/10/കൃഷി 8-12-2010 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## 2008-2011 കാലയളവിലെ സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും വനവും മത്സ്യബന്ധനവും)-ൽ നിന്നും കൈമാറി ലഭിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-2011)

### ശുപാർശ

പഞ്ഞമാസങ്ങളിൽ കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾ നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യമായ വിഹിതം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് നിക്ഷേപിക്കുന്നു. ഈ തുക മൂന്നോ നാലോ തവണകളായി പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് തന്നെ തിരികെ നൽകുകയും ചെയ്യുന്നു. 1,60,000 ഗുണഭോക്താക്കളും 600 രൂപ വിഹിതവുമായ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ കുറവായതിനാൽ ഈ ശീർഷകത്തിൽ 2400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-11 വർഷത്തിൽ 2405-00-800-75 എന്ന ശീർഷകത്തിൽ 548 ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2040 ലക്ഷം രൂപ കൂടി ആവശ്യമാണ് എന്ന് അറിയിച്ചിരുന്നു. 2011-12 വർഷത്തിൽ 1000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള തുകയ്ക്ക് അടുത്ത SDGയിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്.

<u>ശുപാർശ</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികളെ ബോർഡ് ഇൻഷ്വർ ചെയ്തിട്ടുണ്ട്. 63000-ൽപ്പരം ഗുണഭോക്താക്കളുള്ള ഈ പദ്ധതിയിൽ വാർഷിക പ്രീമിയം അടയ്ക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്ക് കീഴിൽ 65907 അനുബന്ധത്തൊഴിലാളികൾക്ക് ആവശ്യമായി വരുന്ന പ്രീമിയം തുക 30,53,208 രൂപയാണ്. 2011-12 വർഷത്തിൽ റീഅപ്രോപ്രിയേഷനിലൂടെ 10.54 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ധനസഹായത്തിനായി ബഡ്ജറ്റ് പ്രൊവിഷനിലുള്ള 20 ലക്ഷം രൂപയും അഡീഷണൽ ഓതറൈസേഷനിലൂടെ 78.76 ലക്ഷം രൂപയും G.O(Rt.) 824/11/F&PD dated 3-12-2011 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

മത്സ്യത്തൊഴിലാളി പെൻഷനും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി തൃശ്ശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡിന്റെ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1685 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി പെൻഷൻ നൽകുന്നതിനായി 803.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2011-12 വർഷത്തിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 400 രൂപ നിരക്കിൽ പെൻഷൻ വിതരണത്തിനായി 11.46 കോടി രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിച്ചിട്ടുണ്ട് [G.O(Ms.] 81/11/മതുവ തീയതി 29-8-2011]. കൂടാതെ സെപ്റ്റംബർ 11 മുതൽ മാർച്ച് 12 വരെ പെൻഷൻ നൽകുന്നതിന് 13.44 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത് പരിഗണനയിലാണ്. File No. 15084/B3/11/F&PD.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

### ശുപാർശ

ഈ സാമ്പത്തിക വർഷം ആകെ 22,459 ലക്ഷം രൂപ ഈ ഇനത്തിൽ ആവശ്യമുണ്ട്. ആയതിനാൽ 14,959 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സർക്കാർ സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം അധിക ധനാഭ്യർത്ഥന (additional authorisation) മുഖേന 3265.22584 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ലഭിച്ചു.

### ശുപാർശ

സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണത്തിന് പ്രത്യേകിച്ച് നെൽകൃഷി മേഖലയിൽ ഇതിനകം തന്നെ തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം കരക്കൃഷിക്കു കൂടി ഉതകുന്ന വിധത്തിൽ പുനഃക്രമീകരിക്കേണ്ടതുണ്ട്. കരക്കൃഷിക്കു ചേരുന്ന യന്ത്രങ്ങളുടെ വികസനം, ഉയർന്നുതാഴ്ന്ന പ്രദേശങ്ങൾക്കു യോജിച്ച യന്ത്രങ്ങളുടെ ഇറക്കുമതി, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള ഗവേഷണം, വികസനം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. തണ്ണീർത്തട പ്രദേശങ്ങളിലെ യന്ത്രവൽക്കരണത്തിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായും കാർഷിക സർവ്വകലാശാലയിലെ പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 150 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് 2401-00-102-82 പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ നിലവിലുള്ള 150 ലക്ഷം രൂപയ്ക്കു പുറമെ അധികമായി 150 ലക്ഷം രൂപക്കുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ടെന്നും ഇത്തരത്തിൽ ആകെ 300 ലക്ഷം രൂപ 2011-12-ൽ വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ 2401-00-113-90 ശീർഷകത്തിൽ യന്ത്രവൽക്കരണത്തിന് കൂടുതൽ തുക ലഭ്യമാക്കേണ്ടതില്ലെന്നും കൃഷി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

### ശുപാർശ

പഞ്ചായത്തുതല വിഭവ സർവ്വേ പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമാകയാൽ അധികമായി 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

## സർക്കാർ സ്വീകരിച്ച നടപടി

പഞ്ചായത്തുതല വിഭവ സർവ്വേ പദ്ധതിക്കായി 10-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 291/12/ധന ഉത്തരവ് പ്രകാരം പത്ത് ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ

വിളവെടുപ്പുകാലത്ത് കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കത്തക്ക രീതിയിൽ അംഗീകൃത ഏജൻസികൾ മുഖേന കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സർക്കാർ നിബന്ധനകൾക്ക് വിധേയമായി അംഗീകൃത സംഭരണ ഏജൻസികൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഉത്സവ സീസണിലെ പച്ചക്കറി സംഭരണം, വിപണനം, പച്ചതേങ്ങ സംഭരണം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ, സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തന ചെലവുകൾ എന്നിവ ഈ വിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നു. ഏലം വിലനിയന്ത്രണ ഫണ്ടിനായി 100 ലക്ഷം രൂപയും ഇതിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി അധികമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സർക്കാർ സ്വീകരിച്ച നടപടി

2011-12 വർഷം 2435-01-101-85 പ്ലാൻ ശീർഷകത്തിൽ 350 ലക്ഷം രൂപയാണ് ആദ്യ ബഡ്ജറ്റിൽ അനുവദിച്ചത്. 2011-12-ലെ ഭേദഗതി പത്രിക പ്രകാരം ഏലം വില നിയന്ത്രണ ഫണ്ടിനായി 100 ലക്ഷം രൂപകൂടി അനുവദിച്ചു.

തുടർന്ന് റബറിന്റെ വിലസ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന സഹകരണ റബർ മാർക്കറ്റിംഗ് ഫെഡറേഷന് നൽകുവാൻ ഉപധനാഭ്യർത്ഥന പ്രകാരം ഈ ശീർഷകത്തിൽ 456.85 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

## ശുപാർശ

ഹോർട്ടിക്കോർപ്പ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പൊതുമേഖലാ സ്ഥാപനം പഴം, പച്ചക്കറി എന്നിവയുടെ സംഭരണത്തിലും വിതരണത്തിലുമാണ് മുഖ്യമായും ഏർപ്പെട്ടിരിക്കുന്നത്. സംസ്ഥാനം കോർപ്പറേഷന് നൽകുന്ന മൂലധന ഓഹരിയായും, പുതിയ വായ്പയ്ക്കുള്ള സീഡ് മണിയായും നീക്കിവെച്ചിട്ടുള്ളതാണ് വിഹിതം. പ്രസ്തുത വിഹിതം അപര്യാപ്തമാകയാൽ 45 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

കൃഷി ഭവനുകളിൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ രില്ലാത്തതിനാൽ സാങ്കേതിക ജോലികൾ നിർവ്വഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ നിലവിൽ എല്ലാത്തരം ക്ലറിക്കൽ ജോലികളും മറ്റനുബന്ധ ജോലികളും ചെയ്യേണ്ടിവരുന്നു. തന്മൂലം കാർഷിക പദ്ധതികൾ നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർക്ക് തങ്ങളിൽ അർപ്പിതമായ ജോലി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് നില വിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാരെയും ക്ലർക്കുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ 1076 കൃഷിഭവനുകളിലായി 1076 ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതിനാലും നിലവിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിയന്ത്രണം നിലനിൽക്കുന്നതിനാലും സംസ്ഥാ നത്തെ എല്ലാ കൃഷിഭവനുകളിലും ക്ലർക്കുമാരെ നിയമിക്കുകയെന്ന ശുപാർശയിലെ ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള നടപടി-കൃഷി (ഇഎ) വകുപ്പിലെ ഫയൽ നമ്പർ 34778/ ഇഎ2/ 11/എഡി-യിൽ പരിശോധിച്ചുവരുന്നു.

ശുപാർശ

മൃഗാശുപത്രികൾവഴി കർഷകർക്ക് മരുന്ന് വിതരണത്തിന് വകയിരുത്തിയ 500 ലക്ഷം രൂപയിൽ നിന്നും കഴിഞ്ഞ സാമ്പത്തികവർഷം വാങ്ങിയ മരുന്നിന്റെ വില കൂടി നൽകേണ്ടതുണ്ട്. ആയതിനാൽ 2011-12 സാമ്പത്തികവർഷത്തേക്ക് മരുന്നു വാങ്ങുന്നതിനായി 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

മരുന്ന് വാങ്ങുന്നതിന് ഈ സാമ്പത്തിക വർഷം 500 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ മരുന്നിന്റെ വില നൽകുന്നതിനും ഈ സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിനും അധികമായി 300 ലക്ഷം രൂപകൂടി ആവശ്യമുണ്ടായിരുന്നുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

കൃഷി വകുപ്പിന്റെ മുണ്ടേരി ഫാമിൽ സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

മുണ്ടേരി ഫാമിൽ സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിക്കുകയുണ്ടായി.

## ശുപാർശ

കണ്ണൂരിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂരിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിന് കേന്ദ്രസഹായത്തോടുകൂടി 50 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ശുപാർശ

ബഡ്ജറ്റ് വിഹിതത്തിൽ 61 ലക്ഷം രൂപയാണ് ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നീക്കിവച്ചിട്ടുള്ളത്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കോഴി വളർത്തൽ ഫാമുകളിലൂടെ ഈ വർഷം 20 ലക്ഷം മുട്ടക്കോഴികളെ വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ ഉത്പാദനം 10 ലക്ഷം മാത്രമാണ്. അധികമായി കോഴിക്കുഞ്ഞുങ്ങളെ ഉത്പ്പാദിപ്പിക്കുന്നതിലേക്കായി പേരന്റ് സ്റ്റോക്ക് വർദ്ധിപ്പിക്കുന്നതിനും അതിനാവശ്യമായ തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 100 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

## സർക്കാർ സ്വീകരിച്ച നടപടി

കെ.എസ്.പി.ഡി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 1 കോടി രൂപ സമിതി ശുപാർശ ചെയ്യുകയുണ്ടായി. അധികമായി കോഴിക്കുഞ്ഞുങ്ങളെ ഉത്പ്പാദിപ്പിക്കുന്നതിനും, പിതൃശേഖരം വർദ്ധിപ്പിക്കുന്നതിനും 13-ാം ധനകാര്യ കമ്മീഷനിലൂടെ കുര്യോട്ടുമലയിൽ ഒരു ഹൈടെക് ലെയർ ഫാം സ്ഥാപിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ സാമ്പത്തികവർഷം 3 കോടി രൂപ വിനിയോഗിക്കുന്നതാണ്.

## ശുപാർശ

കേരളത്തിലെ കുടുംബശ്രീകളുടേയും ജില്ലാ പഞ്ചായത്തുകളുടേയും സഹകരണത്തോടെ മാംസവിപണനശൃംഖല വിപുലീകരിക്കുന്നതിന് 340 വിപണന കേന്ദ്രങ്ങളിൽ ഗാഢശിതീകരണി സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 128 ലക്ഷം രൂപയും, എം.പി.ഐ.യ്ക്ക് സ്റ്റോറേജ് സൗകര്യങ്ങളും വാഹന സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി 100 ലക്ഷം രൂപയും ഉൾപ്പെടെ 228 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

228 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്തിലെ തിരുവാങ്ങൂരിൽ പ്രതിദിനം 300 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 600 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്തിലെ തിരുവാങ്ങൂരിൽ ഒരു ഹൈടെക് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് ഭരണാനുമതിക്കായി സർക്കാരിൽ പ്രോപ്പോസൽ സമർപ്പിക്കുകയും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അധികം തുക കണ്ടെത്തുന്നതുമാണ്.

ശുപാർശ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 930 ലക്ഷം രൂപ നിലവിലുള്ള കന്നുകുട്ടികളുടേയും പുതുതായി ചേർത്തിട്ടുള്ള കന്നുകുട്ടികളുടേയും ധനസഹായത്തിനും പദ്ധതി നിർവ്വഹണത്തിനുമായാണ് വിനിയോഗിക്കുന്നത്. ഈ സാമ്പത്തികവർഷം ലക്ഷ്യമിട്ടിരിക്കുന്ന 50,000 കന്നുകുട്ടികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 792 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

792 ലക്ഷം രൂപ ഓൾട്ടറേഷൻ മെമ്മോറാണ്ടത്തിലൂടെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 13-ാം ധനകാര്യ കമ്മീഷനിലൂടെ ഈ സാമ്പത്തികവർഷം 12,500 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 15.84 കോടി രൂപ അനുവദിക്കുകയുണ്ടായി. അധികമായി 792 ലക്ഷം രൂപ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് അഭ്യർത്ഥിച്ചുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനായി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

ടോക്കൺ പ്രൊവിഷൻ എന്ന നിലയിൽ 1000 രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിക്കുകയുണ്ടായി.

ശുപാർശ

ജനശ്രദ്ധ ആകർഷിച്ച പദ്ധതികളായ വീട്ടമ്മയുടെ അരുമക്കോഴികൾ, കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് എന്നിവയ്ക്കായി തുകയൊന്നും വക കൊള്ളിച്ചിട്ടില്ല. കെ.എസ്.പി.ഡി.സി.യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുഖേന സംയോജിതമായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതികൾക്കായി 700 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.പി.ഡി.സി.യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുഖേന സംയോജിതമായി പദ്ധതി നടപ്പിലാക്കുന്നതിന് 575 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി.

ശുപാർശ

2403 മേജർ ഹെഡിൽ പദ്ധതിയേതര ചെലവുകളിൽ അധികമായി 105,65,000 രൂപ താഴെപ്പറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

**മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്**

| | | | |
|---|---|---|---|
| 2403-00-001-99 | : | 1,00,000 | |
| 2403-00-101-97 | : | 50,000 | |
| 2403-00-101-87 | : | 50,000 | |
| 2403-00-102-99 | : | 1,00,000 | |
| ആകെ | : | 3,00,000 | 3,00,000 |

**പി.ഒ.എൽ.**

| | | | |
|---|---|---|---|
| 2403-00-001-99-45 | : | 40,000 | |
| 2403-00-101-87-45 | : | 10,000 | |
| ആകെ | : | 50,000 | 3,50,000 |

**യാത്രാബത്ത**

| | | |
|---|---|---|
| 2403-00-001-98 | : | 2,00,000 |
| 2403-00-101-97 | : | 1,50,000 |

| | | | |
|---|---|---|---|
| 2403-00-101-87 | : | 60,000 | |
| 2403-00-102-97 | : | 30,000 | |
| 2403-00-102-96 | : | 2,00,000 | |
| 2403-00-103-99 | : | 50,000 | |
| 2403-00-103-96 | : | 20,000 | |
| 2403-00-104-99 | : | 10,000 | |
| 2403-00-105-99 | : | 20,000 | |
| 2403-00-113-98 | : | 1,50,000 | |
| ആകെ | : | 8,90,000 | 12,40,000 |

**മറ്റുചെലവുകൾ**

| | | | |
|---|---|---|---|
| 2403-00-101-99-34 | : | 50,000 | |
| 2403-00-103-99-34 | : | 20,00,000 | |
| 2403-00-103-96-34 | : | 5,00,000 | |
| 2403-00-105-99-34 | : | 7,00,000 | |
| ആകെ | : | 32,50,000 | 44,90,000 |

**വെള്ളക്കരം**

| | | | |
|---|---|---|---|
| 2403-00-001-98 | : | 15,000 | |
| ആകെ | : | 15,000 | 45,05,000 |

**വൈദ്യുതി ചെലവ്**

| | | | |
|---|---|---|---|
| 2403-00-103-99 | : | 50,000 | |
| 2403-00-103-96 | : | 1,00,000 | |
| ആകെ | : | 1,50,000 | 46,55,000 |

**ടെലഫോൺ**

| | | | |
|---|---|---|---|
| 2403-00-103-99 | : | 10,000 | |
| ആകെ | : | 10,000 | 46,65,000 |

**സാധന സാമഗ്രികൾ**

| | | | |
|---|---|---|---|
| 2403-00-101-98 | : | 1,00,000 | |
| ആകെ | : | 1,00,000 | 47,65,000 |

**കണ്ടം ചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്**

| | | | |
|---|---|---|---|
| 2403-00-101-97 | : | 30,00,000 | |
| 2403-00-102-99 | : | 3,00,000 | |
| 2403-00-800-88 | : | 25,00,000 | |
| ആകെ | : | 58,00,000 | 105,65,000 |

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

വിവിധ ശീർഷകങ്ങളിലായി 15,20,000 രൂപ അധിക ഫണ്ട് വഴി ലഭിച്ചിട്ടുണ്ട്.

ശുപാർശ

2009-10 സാമ്പത്തികവർഷം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 190 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 2009-10-ൽ 38 ലക്ഷം രൂപയും 2010-11-ൽ 75 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. ബാക്കി തുക നൽകുന്നതിനായി 77 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

77 ലക്ഷം രൂപ അധികമായി ഈ പദ്ധതിക്കായി ഉൾപ്പെടുത്തുന്നതിന് പുതുക്കിയ ബഡ്ജറ്റിലൂടെയും ഉപധനാഭ്യർത്ഥനയിലൂടെയും പ്രൊപ്പോസലുകൾ സമർപ്പിച്ചെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

ഒരു ആധുനിക അറവുശാല വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ സ്ഥാപിക്കുന്നതിന് 2010-11 സാമ്പത്തികവർഷം 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 458.59 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തികവർഷം നൽകുകയുണ്ടായി. 2-ാം ഗഡു നൽകുന്നതിന് 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

200 ലക്ഷം രൂപ അധികമായി ഈ പദ്ധതിക്കായി ഉൾപ്പെടുത്തുന്നതിന് പുതുക്കിയ ബഡ്ജറ്റിലൂടെയും ഉപധനാഭ്യർത്ഥനയിലൂടെയും പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത കൃത്രിമ പാരുകൾ കൂടുതൽ സ്ഥലത്ത് നിക്ഷേപിക്കുന്നത് പ്രസ്തുത പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായ മത്സ്യ ആവാസ വ്യവസ്ഥ രൂപപ്പെടുന്നതിനും മത്സ്യസമ്പത്തിന്റെ വർദ്ധനവിനും സഹായകമാണ്.

ഇത് അധിക ചൂഷണത്തിൽ നിന്നും മത്സ്യ ഇനങ്ങളെ പരിരക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ കൃത്രിമപാരുകൾ (Artificial reef) സ്ഥാപിക്കുന്നതിനും മത്സ്യ സങ്കേത ങ്ങൾ (Sanctuaries) സ്ഥാപിക്കുന്നതിനുമായി 20 ലക്ഷം രൂപ അധികമായി വകയിരു ത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

2405-00-101-94 (പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 65 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനായി 13.20 ലക്ഷം രൂപ 'ഫിർമ്മ'-യ്ക്കും, കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനായി 49.5 ലക്ഷം രൂപ കേരള തീരദേശ വികസന കോർപ്പറേഷനും ടി തുകയിൽ നിന്നും അനുവദിച്ച് നല്കിയിട്ടുണ്ട്. 2011-12 സാമ്പത്തികവർഷം ടി ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി 10 ലക്ഷം രൂപകൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വാർദ്ധക്യകാല പെൻഷൻ/വിധവാ പെൻഷൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളി കൾക്കും നൽകിവരുന്നു. ഈ ആവശ്യത്തിനായി ഈ വർഷം പദ്ധതി ഇതര ചെല വുകളിൽ 300 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 49000 ഗുണഭോക്താ ക്കൾക്ക് പെൻഷൻ നൽകുന്നതിനായി ഈ വർഷം വേണ്ടത് (കുടിശ്ശിക 486 ലക്ഷം ഉൾപ്പെടെ) 28 കോടി രൂപയാണ്. ആയതിനാൽ 28 കോടി രൂപ അധികമായി വകയി രുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി പെൻഷൻ നൽകുന്നതിനായി 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1146 ലക്ഷം രൂപ G.O.(Rt.) No. 6671/2011/Fin. തീയതി 29-8-2011 പ്രകാരം അധികമായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. 2011 സെപ്റ്റംബർ മാസം മുതൽ 2012 മാർച്ച് വരെയുള്ള പെൻഷൻ അനുവദിക്കുന്നതിന് 1344 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. G.O.(Rt.) No. 523/2012/Fin. dated 18-1-2012.

ശുപാർശ

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് അധികമായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

700 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

ശുപാർശ

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കും, മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് പദ്ധതിയുടെ സബ്സിഡിക്കായി 1220.78 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യഫെഡ്-പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളി കൾക്കുള്ള വായ്പ-സബ്സിഡിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയി രുന്നു. അധികമായി 11,74,83,000 രൂപ അഡീഷണൽ ആതറൈസേഷൻവഴി അനുവ ദിച്ച് ഉത്തരവായിട്ടുണ്ട്. [G.O.(Rt.) No. 1351/12/Fin. dated 15-2-12.]

ശുപാർശ

ഈ വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ തുക വിതരണം ചെയ്യുന്നത് 2012-ഏപ്രിൽ മാസത്തിലായതിനാൽ 700 ലക്ഷം രൂപ കൂടി അധികമായി വകയി രുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 10 കോടി രൂപയ്ക്കു പുറമെ അഡീഷണൽ ഓതറൈസേഷൻ വഴി 11 കോടി 20 ലക്ഷം രൂപ കൂടി ലഭിച്ചി ട്ടുണ്ട്. ടി തുക ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

കടബാദ്ധ്യതമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തി രാശ്വാസം നൽകുന്നതിന് താഴെ പറയുന്ന ശുപാർശകൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടത്തിയിട്ടുണ്ട്.

| | | |
|---|---|---|
| സഹകരണ മേഖല | : | 225 കോടി രൂപ |
| FDWCS | : | 10 കോടി രൂപ |

ഇതിനു പുറമെ ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള 240 കോടി രൂപ എഴുതിത്തള്ളേണ്ടിവരുമെന്നു പ്രതീക്ഷിക്കുന്നു. നിലവിൽ 30,000-ൽപ്പരം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ആയതിനാൽ കടാശ്വാസം നൽകുന്നതിന് വേണ്ടി 300 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച 8 കോടി രൂപയ്ക്കു പുറമെ കമ്മീഷൻ ശുപാർശ പ്രകാരം മത്സ്യത്തൊഴിലാളികളുടെ വായ്പകൾ തീർപ്പാക്കുന്നതിന് അധികമായി ആവശ്യമുള്ള തുകയ്ക്കുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള സംസ്ഥാനാവിഷ്കൃത ഭവനനിർമ്മാണ പദ്ധതിക്ക് 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശ മേഖലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 1,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

10 കോടി രൂപ എസ്.ഡി.ജി.-യിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എസ്.ഡി.ജി.-യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുക അഡീഷണൽ ഓതറൈസേഷൻവഴി അനുവദിക്കുന്നതിന് ശുപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

ശുപാർശ

തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

2011-12 വർഷത്തിൽ 48.65 കോടി രൂപ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുണ്ട്. 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. നടപ്പ് സാമ്പത്തികവർഷത്തിൽ 7865.45 ലക്ഷം രൂപയുടെ ചെലവ് ഈ ശീർഷകത്തിൽ പ്രതീക്ഷിക്കുന്നു. 2011-12-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ച് 500.00 ലക്ഷം രൂപ അധികം അനുവദിക്കുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

ശുപാർശ

ആലപ്പുഴ ജില്ലയിൽ അന്ധകാരനഴിയുടെ വടക്കുഭാഗത്തായി പാലം പണിയുന്നതിനായി 497.597 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അന്ധകാരനഴി പാലം നിർമ്മാണത്തിനായി 497.597 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. നടപ്പ് സാമ്പത്തികവർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തിന് 498 ലക്ഷം രൂപ ആവശ്യമാണ്. അടിയന്തിരമായി 200.00 ലക്ഷം രൂപ അനുവദിക്കുന്നതിന് ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

## 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>ശുപാർശ</u>

നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ 13200 നെൽക്കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. 2 ഹെക്ടർ സ്ഥലംവരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് കൂടി പെൻഷൻ നൽകുന്ന പുതിയ പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പെൻഷൻ തുക 300 എന്നുള്ളത് പ്രതിമാസം 400 രൂപയായി വർദ്ധിപ്പിച്ചു.

നെൽക്കർഷകർക്കുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരുന്ന കിസാൻ അഭിമാൻ പെൻഷൻ പദ്ധതി 2012-13-ൽ 2401-00-800-31 നോൺ പ്ലാൻ ശീർഷകത്തിൽ ലയിപ്പിച്ചു. കിസാൻ അഭിമാൻ പദ്ധതിയിലെ അംഗങ്ങൾക്ക് 2011-12 വർഷത്തെ പെൻഷൻ കുടിശ്ശിക 250.80 ലക്ഷം രൂപ നൽകാനുള്ളതിനാലും കൂടാതെ എല്ലാ നാമമാത്ര കർഷകർക്കും പെൻഷൻ നൽകുന്ന പുതിയ "ചെറുകിട നാമമാത്ര കർഷക പെൻഷൻ" പദ്ധതിക്കായി 4,800.00 ലക്ഷം രൂപ വേണ്ടിവരുന്നതിനാലും ഈ ശീർഷകത്തിൽ അധികമായി 5,050.80 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13-ൽ 2401-00-800-31 നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി 6381.887 ലക്ഷം രൂപ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടെങ്കിലും 1000 ലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ.

<u>ശുപാർശ</u>

ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ ജില്ലകളിലും യൂണിറ്റ് ഓഫീസുകളിലും ഇൻസ്പെക്ഷൻ, പ്ലാൻ മോണിറ്ററിംഗ്, റീകൺസിലിയേഷൻ മുതലായവയ്ക്കായി ധാരാളം യാത്രകൾ ചെയ്യേണ്ടിവരുന്നതിനാൽ ഈ ഇനത്തിൽ 2,08,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിലേക്ക് 2012-13-ലേക്ക് ബഡ്ജറ്റിൽ 5,08,000 രൂപയ്ക്ക് ശുപാർശ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി 2,08,000 രൂപയ്ക്ക് 2012-13 ഒന്നാം ഉപധനാഭ്യർത്ഥനയ്ക്ക് നിർദ്ദേശം സമർപ്പിച്ചെങ്കിലും തുക ലഭിച്ചിട്ടില്ല.

ശുപാർശ

സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് കുടിശ്ശിക നൽകേണ്ടതിനാൽ അധികമായി 24,000 രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 1,08,000 രൂപയ്ക്ക് ശുപാർശ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 84,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 24,000 രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായില്ല.

ശുപാർശ

ഡയറക്ടറേറ്റിലെ 'മറ്റിനങ്ങൾ' എന്ന ഹെഡിൽ അനുവദിച്ച തുക അപര്യാപ്തമാണ്. രജിസ്റ്റേർഡ് പോസ്റ്റായി അയയ്ക്കേണ്ട സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾ തുടങ്ങിയ ചെലവുകൾ ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. വൈദ്യുതി ചാർജ്ജിൽ വന്നിട്ടുള്ള വർദ്ധനവും കൂടി കണക്കിലെടുത്ത് ഈ ഇനത്തിൽ അധികമായി 10.55 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 18,60,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 8.05 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 10.55 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

പദ്ധതി നടത്തിപ്പ്, മറ്റ് സ്റ്റാറ്റ്യൂട്ടറി ജോലികൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഓഫീസർമാർക്ക് നിരന്തരമായി യാത്ര ചെയ്യേണ്ടിവരുന്നു. ഇതിനായി ഇപ്പോൾ ഉപയോഗിക്കുന്നത് 15 വർഷത്തോളം കാലപ്പഴക്കമുള്ള ജീപ്പാണ്. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് 2 വാഹനങ്ങൾ വളരെ അത്യാവശ്യമാണ്. ആയതിനാൽ ഈ ആവശ്യത്തിനായി 24.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിന് 2012-13 ബഡ്ജറ്റിൽ 25,00,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റിൽ ടോക്കൻ പ്രൊവിഷൻ മാത്രമേ ലഭിച്ചിട്ടുളളൂ. ഈയിനത്തിൽ നൽകിയ 50 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥനയ്ക്കുള്ള ശുപാർശകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. തുക ലഭിച്ചിട്ടില്ല. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 24.99 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

വാഹനങ്ങളുടെ സ്പെയർ പാർട്ടുകൾ, റിപ്പയർ ചാർജ് എന്നിവയുടെ ചെലവ് വർദ്ധിച്ചിരിക്കുന്നതിനാൽ ഈ വകയിൽ അധികമായി 45,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 1,00,000 രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 55,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 0.45 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

14 ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പുവർഷത്തിലെ തുക നൽകുവാനും അനുവദിച്ച തുക അപര്യാപ്തമാണ്. കൂടാതെ, റിട്ടയർ ചെയ്ത ജീവനക്കാർക്ക് റ്റി.എ. കുടിശ്ശിക നൽകുന്നതിനും ടി തുക അനിവാര്യമാണ്. ഈ ഇനത്തിൽ 2.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിന് 2012-13 വർഷത്തേക്ക് ബഡ്ജറ്റിൽ 12,50,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 9,95,000 രൂപ 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തി. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 2.55 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

14 ജില്ലാ ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്കും, വൈദ്യുതി, വെള്ളം മുതലായവയ്ക്കും, തപാലുകൾ അയയ്ക്കുന്നതിനും ഈ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 2.7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2012-13-ലെ ബഡ്ജറ്റിൽ 5,00,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 2,70,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 2.70 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

വകുപ്പിലെ വളരെയധികം കാലപ്പഴക്കമുള്ള 14 വാഹനങ്ങൾ കണ്ടം ചെയ്ത് ലേലം ചെയ്തവയ്ക്ക് പകരമായി പുതിയ വാഹനങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മിക്ക ജില്ലകളിലും ഔദ്യോഗിക ഉപയോഗത്തിന് വാഹനമില്ലാത്ത അവസ്ഥയാണ്. പുതുതായി 8 വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 50.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 50,00,000 രൂപ അധിക തുകയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റ് പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് (50,00,000) 2011-12 സാമ്പത്തിക വർഷം സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ ഈ ഇനത്തിൽ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 49.99 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

152 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാ ബത്ത കുടിശ്ശിക നൽകുവാനും നടപ്പു വർഷത്തിലെ തുക നൽകുവാനും അനുവദിച്ച തുക അപര്യാപ്തമാണ്. ഇതിലേക്കായി കൂടുതൽ തുക ആവശ്യമാണ്. കൂടാതെ റിട്ടയർ ചെയ്ത ജീവനക്കാരുടെ റ്റി.എ. കുടിശ്ശിക നൽകുന്നതിനും ടി തുക അനിവാര്യമാണ്. ആയതിനാൽ ഇതിനായി 12.98 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ 2012-13 വർഷത്തിലെ ബഡ്ജറ്റിൽ 17,00,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റിൽ 5,02,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 12.98 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുമായിട്ടാണ് ഈ ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിക്കുന്നത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ഇരുപത് ഡയറിഫ്രണ്ട്‌ലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പരിപാടികളെപ്പറ്റിയുള്ള വിജ്ഞാന വ്യാപനത്തോടൊപ്പം പുതിയതായി ഏറ്റെടുക്കുന്ന പരിപാടികളുടെ വിജ്ഞാന വ്യാപനം കൂടി നടപ്പിലാക്കുന്നതിനും അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ഹെഡിൽ 500 ലക്ഷം കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുള്ള 202 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ലെ ബഡ്ജറ്റിൽ ആകെ 235 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റെയും ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ 20 പുതിയ ക്ഷീരവികസന യൂണിറ്റുകൾ നടപ്പിലാക്കാൻ 17-4-2012-ലെ സബ്ജക്ട് കമ്മിറ്റിക്ക് വീണ്ടും കുറിപ്പുകൾ നൽകിയിരുന്നത് സമിതി അംഗീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ ടി തുകയ്ക്ക് (500 ലക്ഷം രൂപ) ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

സംസ്ഥാനത്തെ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള തുകയാണിത്. ഈയിനത്തിൽ 2012-13 വർഷത്തേക്ക് തുക അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിലേക്ക് മേഖലാ യൂണിയനുകൾ സമർപ്പിച്ച 351.882 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളിൽ 203.85 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ റിലീസ് ഓർഡർ ലഭിച്ചിട്ടുണ്ട്. അതിൽ തന്നെ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച 135 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള ധനസഹായം 2011-12-ൽ ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ഈ ശീർഷകത്തിൽ മൊത്തം 351.882 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുകയായി സമിതി ശുപാർശ ചെയ്ത തുകയായ 227.96 ലക്ഷം രൂപയുൾപ്പെടെ 2011-12 ലേക്ക് ആവശ്യമായ 869.36 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥനക്കായുള്ള ശുപാർശ ധനകാര്യവകുപ്പിന് സമർപ്പിച്ചിരുന്നു.

2011-12 ലേക്ക് ആകെ 357.46 ലക്ഷം രൂപ മാത്രമാണ് അനുവദിച്ച് കിട്ടിയത്. 2012-13-ലെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ 351.882 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള കുറിപ്പ് 17-4-2012-ലെ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈയിനത്തിൽ ബാക്കി 135 ലക്ഷം രൂപയ്ക്കുള്ള ശുപാർശ 2012-13-ലെ ഒന്നാം ഉപധനാഭ്യർത്ഥനയ്ക്ക് സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

കാലിത്തീറ്റ സബ്സിഡി ദുർബല വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നത് ഉല്പാദന വർദ്ധനവിനെ സഹായിക്കില്ല. സംഘത്തിൽ പാലൊഴിക്കുന്ന എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയാൽ മാത്രമേ സംഘടിത മേഖലയിൽ പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ സാധിക്കൂ. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ഈ ഇനത്തിൽ കുറച്ച് തുക കണ്ടെത്താൻ കഴിയുമെന്നതിനാൽ ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

2011-12 ലേക്ക് 600 ലക്ഷം രൂപ അനുവദിച്ചിരുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള അധിക തുക യായ 1614 ലക്ഷം രൂപയിൽ ഈ സാമ്പത്തിക വർഷം ഇനി ചെലവാക്കാൻ പറ്റുന്ന 300 ലക്ഷം രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥനയ്ക്കുള്ള ശുപാർശ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2011-12-ലേക്ക് ആകെ 600 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2012-13-ലേക്കും 600 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ 1200 ലക്ഷം രൂപയുടെ അധിക പ്രൊപ്പോസൽ 17-4-2012-ന്റെ സബ്ജക്റ്റ് കമ്മിറ്റിയുടെ കുറിപ്പുകളിൽ നൽകിയത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ ബാക്കി 1800 ലക്ഷം രൂപയ്ക്കുള്ള ശുപാർശ 2012-13-ലെ ഒന്നാം ഉപധനാഭ്യർത്ഥനയ്ക്ക് സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

ക്ഷീരവികസന പരിശീലന കേന്ദ്രത്തോട് ബന്ധപ്പെട്ട യാത്രാബത്ത കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഇതിനായി 1.8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിന് 2012-13 വർഷത്തേക്ക് ബഡ്ജറ്റിൽ 2,50,000 രൂപയ്ക്ക് ശുപാർശകൾ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 70,000 രൂപ വകയിരുത്തി യിട്ടുണ്ട്. 2012-13 ഒന്നാം ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 1,80,000 രൂപ അധികമായി ആവശ്യപ്പെട്ട് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

ജില്ലകളിലെ നിലവിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി അധിക തുക ആവശ്യമുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അധികമായി 1.77 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിന് 2012-13 വർഷത്തേക്ക് ബഡ്ജറ്റിൽ 5,00,000 രൂപയ്ക്ക് ശുപാർശകൾ സമർപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റിൽ 3,23,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13-ലെ ഒന്നാം ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 1.77 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും, നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്ന പ്രകാരം മൂന്ന് റീജിയണൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മൊബൈൽ ഗുണനിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്ത 50 ലക്ഷം രൂപയുംകൂടി ചേർത്ത് 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 88 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. ഇതിനുമുമ്പും സബ്ജക്റ്റ് കമ്മിറ്റി സമാന ശുപാർശ നൽകിയിരുന്നുവെങ്കിലും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല.

2012-13-ലേക്ക് 15 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നയപ്രഖ്യാപന പ്രസംഗത്തിൽ വാഗ്ദാനം ചെയ്ത റീജിയണൽ ഡയറി ലബോറട്ടറി സ്ഥാപിക്കുന്നതിനും മറ്റുമായി 350 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് കൂടിയ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ ബാക്കി 350 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

കൂടുതൽ കർഷകരിലേക്ക് പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതികൾ എത്തിക്കുവാനും കാഫ് അഡോപ്ഷൻ പദ്ധതി നടപ്പിലാക്കുവാനുമായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്ത 358 ലക്ഷം രൂപ അടക്കം 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 729 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ പ്രസ്തുത ശുപാർശ പരിഗണിച്ച് 1300 ലക്ഷം വകയിരുത്തിയിട്ടുണ്ട്. പുതുതായി പ്രഖ്യാപിച്ച കാഫ് അഡോപ്ഷൻ പദ്ധതിയുടെ നടത്തിപ്പിനായി 500 ലക്ഷം രൂപ കൂടി അധികമായി ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് ചേർന്ന സബ്ജക്റ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ ബാക്കി 446.47 ലക്ഷം രൂപയ്ക്ക് 2012-13-ലെ ഒന്നാം ഉപധനാഭ്യർത്ഥനയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

## ശുപാർശ

കന്നുകാലി പ്രജനന പരിപാടികൾക്കും ക്ഷീരോല്പാദന വർദ്ധനവിനും ആവശ്യമായ ഗാഢശീതീകരിച്ച ബീജവും തീറ്റപ്പുൽ വിത്തും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനുമാണ് പദ്ധതിവിഹിതം. കന്നുകാലികളുടെ വംശവർദ്ധന, തീറ്റപ്പുൽ ഉൽപ്പാദനം എന്നീ രംഗങ്ങളിൽ ബോർഡ് ഗവേഷണം നടത്തുന്നുണ്ട്. ഈ വിധ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പിലാക്കുന്നതിനും പതിനൊന്നാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മൃഗസംരക്ഷണ വികസന പരിപാടികൾക്ക് ആവശ്യമായ അനുബന്ധ സേവനങ്ങൾ നൽകുന്നതിനും ബോർഡ് താഴെ വിവരിക്കുന്ന രംഗങ്ങളിൽ പ്രവർത്തന പരിപാടികൾ നടപ്പിലാക്കുന്നതാണ്.

1. ഹൈടെക് ഡയറി ഫാമുകൾ (ബുൾ/മദർ ഫാമുകൾ) സ്ഥാപിക്കുക.
2. കൂടുതലായി ലക്ഷ്യമിട്ടിട്ടുള്ള ബീജധാന പരിപാടികൾക്കായി ബീജ ഉൽപ്പാദനവും ദ്രവനൈട്രജൻ ഉൽപ്പാദന വിതരണ ശൃംഖലയും വിപുലപ്പെടുത്തുക.
3. ഉൽപ്പാദനക്ഷമതയുള്ള പശുക്കുട്ടികളെ വിതരണം ചെയ്യുക.
4. തീറ്റപ്പുൽ ഉൽപ്പാദനത്തിന് വേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പ്രായോഗികതല ഗവേഷണം നടത്തുകയും ചെയ്യുക.
5. ആടിന്റെ വംശഗുണം വർദ്ധിപ്പിക്കുന്നതിനും ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനും ആടിന്റെ കൃത്രിമ ബീജസങ്കലന പരിപാടി വ്യാപിപ്പിക്കുന്നതിനും,
6. സുനന്ദിനി വർഗ്ഗത്തിന് ഒരു ഹേർഡ് ബുക്ക് സംവിധാനം നടപ്പിലാക്കുക.
7. ഈ മേഖലയിലെ സാങ്കേതിക വിദഗ്ദ്ധർക്കും സഹായികൾക്കും കർഷകർക്കും പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ വിപുലീകരിക്കുക.
8. കന്നുകാലി പ്രജനന പരിപാടിയെക്കുറിച്ചും സാങ്കേതിക മാറ്റങ്ങളെക്കുറിച്ചും ആവശ്യമായ വിവരശേഖരം കെട്ടിപ്പടുക്കുന്നതിനും അപഗ്രഥിക്കുന്നതിനും കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ചുള്ള വിജ്ഞാപന സങ്കേതത്തിന് രൂപം നൽകുക.

*10. വെച്ചൂർ കന്നുകാലി ജനുസ്സിന്റെ സംരക്ഷണത്തിനും വംശ വർദ്ധനവിനും ഉള്ള പദ്ധതി നടപ്പിലാക്കുക.

ഈ പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷം 576 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-13-ൽ ഈ തുകയിൽ താഴെപ്പറയുന്ന ഇനങ്ങൾക്കായി ആകെ 374.5 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്.

1. തീറ്റപ്പുല്ലിന്റേയും പുൽവിത്തുകളുടേയും ഗവേഷണവും വികസനവും നടത്തുന്നതിനുള്ള പദ്ധതിക്കായി 2 ലക്ഷം രൂപ അധികമായി വകയിരുത്തണം.
2. പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണം.
3. കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ അധികം വകയിരുത്തണം.
4. കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണം.
5. ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലും ഹൈടെക്ക് ഡയറി ഫാമുകൾക്ക് സഹായം നൽകുന്നതിനായി 79.5 ലക്ഷം രൂപ അധികമായി വകയിരുത്തണം.
6. ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ്‌വഴി നൂതന വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണം.
7. കേരളത്തിന്റെ തനതു ജനുസ്സുകളായ വെച്ചൂർ പശുക്കളുടേയും കാസർഗോഡ് ഡ്വാർഫ് പശുക്കളുടേയും മറ്റ് നാടൻ പശുക്കളുടേയും സംരക്ഷണത്തിനായുള്ള പദ്ധതിക്കുവേണ്ടി അധികമായി 68 ലക്ഷം രൂപയും വകയിരുത്തണം.

ഈ ഇനങ്ങൾക്കായി ആകെ 374.5 ലക്ഷം രൂപ (2+50+25+50+79.5+100+68=374.5) അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

കോലാഹലമേട് ഹൈടെക് ബുൾ മദർ ഫാമിന് 350 ലക്ഷവും, കുളത്തൂപ്പുഴ ഹൈടെക് മദർ ഫാമിന് 175 ലക്ഷവും ഉൾപ്പെടെ 525 ലക്ഷം രൂപ 4404 ക്യാപ്പിറ്റൽ ശീർഷകത്തിൽ മാറ്റുന്നതിന് ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും ആയത് പരിഗണിച്ചിട്ടില്ല. കൂടാതെ 2012-13-ലെ കേരളാ ലൈവ്‌സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിനുള്ള പ്രസ്തുത ധനസഹായം റവന്യൂ ഹെഡിൽ തന്നെ നിലനിർത്തി ഭരണാനുമതി നൽകുകയാണുണ്ടായത്. [ജി.ഒ. (ആർറ്റി.) നമ്പർ 1436/2012/എഡി. തീയതി 13-7-2012]

ശുപാർശ

ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ഇൻഷ്വറൻസും, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് ഈ തുക വിനിയോഗിക്കുന്നത്. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷകർക്ക് ആവശ്യമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും പെൻഷൻ തുക 300 രൂപയിൽ നിന്ന് 400 രൂപ യായി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകർക്ക് പെൻഷൻ നൽകേണ്ടി വരുമെന്ന തിനാലും 750 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ അധിക തുകയായി 325 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല. എന്നാൽ 2012-13 ലേക്കുള്ള ബഡ്ജറ്റിൽ 400 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2012-13 ലേക്കുള്ള ബഡ്ജറ്റിൽ 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 750 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന കുറിപ്പുകൾ 17-4-2012-ന് കൂടിയ സബ്ജക്റ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 750 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം 60 വർഷ ത്തോളം പഴക്കമുള്ളതാണ്. ഇതിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ് റോഡ് ഗതാഗത യോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യമാണ്. ക്ഷീര പരിശീലനകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാ ശാലയുടെ ലേസൺ ഓഫീസ് പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽവച്ച് വിവിധ പരിശീലനങ്ങൾ നടത്തു ന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്തായി രണ്ട് നിലകൂടി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ഡയറി ഡയറക്ടറേറ്റ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകന യോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുണ്ട്. ആയതിനാൽ ഈ ആവശ്യത്തിനായി ഈ ഹെഡിൽ 250 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ സമിതി ശുപാർശ ചെയ്ത 250 ലക്ഷം സപ്ലിമെന്ററി ഡിമാന്റി നുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല. 2012-13-ലെ ബഡ്ജറ്റിലും തുക അനുവദിക്കാത്തതിനെ തുടർന്ന് 250 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് കൂടിയ സബ്ജക്ട് കമ്മിറ്റി അംഗീകരി ച്ചിട്ടുണ്ട്. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 250 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

## പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ശുപാർശ

മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ ഒരു കാർഷിക പ്രക്രിയ ഇന്ന് നിലവിലില്ല. ജലത്തിന്റെ ലഭ്യത മനസ്സിലാക്കാതെ കർഷകർക്ക് ഇഷ്ടപ്പെടുന്ന വിളയാണ് കൃഷി ചെയ്തു വന്നിരുന്നത്. തന്മൂലം മതിയായ ജലം ലഭിക്കാതെ കൃഷി വിളകൾ ഉണങ്ങിപ്പോകുന്നുണ്ട്. ജലത്തിന്റെ ലഭ്യതയും മണ്ണിന്റെ പ്രത്യേകതയും കണക്കിലെടുത്ത് ഓരോ ഭാഗത്തേക്കും അനുയോജ്യമായ വിള മുൻകൂർ തന്നെ തീരുമാനിക്കേണ്ടതാണ്. അതിനുവേണ്ടി കൃഷി വകുപ്പിന്റെയും ജലവിഭവ വകുപ്പി ന്റെയും കർഷകരുടെയും പ്രതിനിധികളടങ്ങുന്ന ഒരു വിള നിർണ്ണയസമിതി ഓരോ ജലസേചന പദ്ധതിയുടെ കീഴിലും രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടി തീർപ്പ് ഉത്തരവ് നമ്പർ ടി.ബി.(2) 7692/2011 തീയതി, 19-3-2012 പ്രകാരം കൃഷി വകുപ്പിന്റെയും കർഷകരു ടെയും പ്രതിനിധികളടങ്ങുന്ന ഒരു വിള നിർണ്ണയസമിതി ഓരോ ജലസേചന പദ്ധതിയുടെയും കീഴിൽ കൃഷി വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

ഈ സമിതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, പാലക്കാട്, എല്ലാ ജലസേചന പ്രോജക്ടുകളുടെയും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അംഗങ്ങളാണ്.

ശുപാർശ

ജൈവവളവും രാസവളവും മാറിമാറി ഉപയോഗിച്ച് മണ്ണിന്റെ ഗുണനിലവാരം വളരെയധികം മോശമായിക്കൊണ്ടിരിക്കുകയാണ്. വികസിത രാജ്യങ്ങൾ ജൈവ കൃഷിയിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അമിതമായ രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും കുറച്ചുകൊണ്ടുവരേണ്ടത് അത്യന്താ പേക്ഷിതമാണ്. എന്നാൽ കാലിസമ്പത്തിലെ കുറവുമൂലം കൃഷിക്ക് ആവശ്യമായ ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞു. ആയതിനാൽ ജില്ലയെ ഒരു പ്രത്യേക

പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണവകുപ്പ് മുൻകൈ എടുത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്നും മൃഗസംരക്ഷണ വകുപ്പും കൃഷിവകുപ്പും ഒരുമിച്ചുചേർന്ന് ഒരുസംയോജിത കൃഷി സമ്പ്രദായം കെട്ടിപ്പടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിന്റെ നെല്ലറ എന്ന പേരിൽ അറിയപ്പെടുന്ന പാലക്കാട് ജില്ലയിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയും മൃഗസംരക്ഷണവുമാണ്. രാസവളത്തി ലധിഷ്ഠിതമായ നെൽകൃഷിയിൽ നിന്നും, കൃഷി വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും ഏകോപിച്ചുള്ള പ്രവർത്തനംവഴി ജൈവകൃഷിയിലേക്ക് വളരെ വേഗം മാറിക്കൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 198474 ഹെക്ടറാണ്. നെൽക്കർഷകർക്കായി 1 പശു വീതം നൽകുന്ന അഗ്രി മിൽച്ച് കൗ പദ്ധതി പ്രകാരം 625 പശുക്കളെ നെൽകർഷകർക്കു വിതരണം ചെയ്തു. പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർ കൂടി സെലക്ഷൻ ടീമിൽ പങ്കെടുക്കുന്നു. പഴയ ഐ.എൽ.ഡി.പി പദ്ധതി പ്രകാരം 50 എരുമകളെ കർഷകർക്ക് വിതരണം ചെയ്തു. മിക്സഡ് ഫാമിംഗ് പദ്ധതി പ്രകാരം 180 കർഷകർക്ക് 3 പശുക്കൾ+2 എരുമകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 360 എരുമകൾ 540 പശുക്കൾ എന്നിവയെ വിതരണം ചെയ്തു. ഇവ കൂടാതെ കടക്കെണിയിലകപ്പെട്ട കർഷകരെ സഹായിക്കുന്നതിനായുള്ള വിദർഭ പദ്ധതി പ്രകാരം 3000 പശുക്കളെ വിതരണം ചെയ്യുകയുണ്ടായി. 2007-ലെ സെൻസസ് പ്രകാരം 210770 എണ്ണമാണ് പാലക്കാട്ടെ കന്നുകാലികളുടെ എണ്ണം. ഇവ ഉത്പാദിപ്പിക്കുന്ന 25 ലക്ഷം കി.ഗ്രാം ചാണകം ഇവിടെ കൃഷിക്ക് ഉപയോഗിക്കുകയാണ്.

മണ്ണിര കമ്പോസ്റ്റ് ടാങ്കുകൾ സ്ഥാപിച്ചതുവഴി മൂല്യ വർദ്ധന നടത്തിയ ജൈവവളം മണ്ണിര കമ്പോസ്റ്റ്, വെർമി വാഷ് എന്നീ രീതിയിലും ബയോഗ്യാസ് ടാങ്കറുകളുടെ വ്യാപനംവഴി ബയോഗ്യാസ് സ്ലറി എന്ന പോഷകമൂല്യം കൂടിയ ജൈവവളവും കൃഷിക്ക് ഉപയോഗിച്ച് മണ്ണിന്റെ ജൈവാംശം മെച്ചപ്പെടുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് നൽകിയ കോൺക്രീറ്റ് നിലമുള്ള തൊഴുത്തുകളും തൊഴുത്തിലെ നിർഗ്ഗമന ജലം സംഭരിക്കുന്നതിനുള്ള ഫൈബർ ടാങ്കുകൾ 1000 എണ്ണവും വിതരണം ചെയ്തു. പാഴായി പോയിരുന്ന തൊഴുത്തു മാലിന്യങ്ങൾ ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കുന്നതിന് ഇതുമൂലം സാദ്ധ്യമായി.

പാലക്കാട് ജില്ലയിൽ ജൈവകൃഷി, ജൈവപച്ചക്കറികൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് കന്നുകാലി വളർത്തലിന് സഹായം നൽകുന്നു.

ചാണകം, ഗോമൂത്രം എന്നിവ ഉപയോഗിച്ചുള്ള സീറോ ബഡ്ജറ്റ് ഫാമിംഗ്, ബയോ ഡൈനാമിക് കൃഷി എന്നിവയും പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്.

**ഭാവിയിൽ ചെയ്യാവുന്ന കാര്യങ്ങൾ**

1. ഒരു ഹെക്ടർ നെൽകൃഷിയുള്ള കർഷകർക്ക് 50% സബ്സിഡിയോടുകൂടി 2 പശുക്കൾ, കോൺക്രീറ്റ്തറയുള്ള തൊഴുത്ത്, ഗോമൂത്രം സംഭരിക്കുന്നതിന് സിൻടക്സ് ടാങ്ക് എന്നിവ നൽകാം.
2. പച്ചക്കറി കർഷകർക്ക് 1 പശു, മണ്ണിര കമ്പോസ്റ്റ് ടാങ്ക് എന്നിവ നൽകാം.
3. വീട്ടുമാലിന്യങ്ങളും തൊഴുത്തു മാലിന്യങ്ങളും ജൈവവളമാക്കുന്നതിനുള്ള ബയോഗ്യാസ് ടാങ്കറുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകാം.
4. 5 ഹെക്ടറിൽ കൂടുതൽ നെൽകൃഷിയുള്ള കർഷകർക്ക് 5 പശുക്കൾ അടങ്ങിയ മീഡിയം ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകാവുന്നതാണ്.
5. ജൈവവളം, വെർമികമ്പോസ്റ്റ്, ബയോഗ്യാസ് സ്ലറി എന്നിവ പായ്ക്കു ചെയ്ത് വിപണനം ചെയ്യുന്നതിന് പാടശേഖര സമിതികൾവഴി കുടുംബശ്രീ സംരംഭകരെ പരിശീലിപ്പിക്കാവുന്നതാണ്.

ശുപാർശ

മുകളിൽ സൂചിപ്പിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

1. മഴവെള്ളം ശേഖരിച്ചു നിർത്തുന്നതിനായി പ്രദേശത്തെ എല്ലാ വീടുകളിലും ജനപങ്കാളിത്തത്തോടെ സംവിധാനങ്ങൾ ഉണ്ടാക്കുക.
2. ആറുകളുടെയും തോടുകളുടെയം മറ്റും വശങ്ങളിൽ മരം നട്ടും കല്ലടുക്കിയും സംരക്ഷിക്കുക.
3. കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിച്ച് പ്രദേശം കൂടുതൽ ഹരിതപൂർണ്ണമാക്കുക.
4. വരൾച്ചമൂലം ദുരിതമനുഭവിക്കുന്നവർക്ക് ജോലിയും ആഹാര സാധനങ്ങളും നൽകുക.
5. വനമേഖലകളിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് പരിസ്ഥിതി സംരക്ഷണത്തിനായി വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പാലക്കാട് ഡിവിഷന് കീഴിൽ വരുന്ന സ്ഥലങ്ങളിലെ ആറുകളുടെയും തോടുകളുടെയും മറ്റും വശങ്ങളിൽ 2010-11-ൽ 30510 മുളകളും 4000 നീർമരുതും നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ വഴിയോര തണൽ പദ്ധതി പ്രകാരം 6950 തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വിവിധ സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഞ്ചായത്ത് മതസ്ഥാപനങ്ങൾ, യുവജന സംഘടനകൾ എന്നിവയ്ക്കായി മഹാഗണി, തേക്ക്, ഉങ്ങ്, നെല്ലി, പ്ലാവ്, പതിമുഖം, കൊന്ന, പൂവരശ്, വേങ്ങ, വേപ്പ്,

രക്തചന്ദനം, ഞാവൽ, താന്നി, അഗസ്തിച്ചീര എന്നീ ഇനങ്ങളിൽപ്പെട്ട 445568 തൈകളും നൽകിയിട്ടുണ്ട്. സമിതിയുടെ മറ്റ് അഭിപ്രായങ്ങളായ ജനപങ്കാളിത്ത ത്തോടെയുള്ള മഴവെള്ള ശേഖരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ കാര്യങ്ങൾക്ക് മണ്ണു സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ത്രിതല പഞ്ചായത്തുകൾ മുഖേന വിവിധ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

ശുപാർശ

വാളയാർ സിമന്റ്സ് ഫാക്ടറി വന്നതിനുശേഷം സിമന്റ് വന്നടിഞ്ഞ് വൃക്ഷങ്ങളുടെ ഇലകൾ ചെറുതാവുകയും ഫാക്ടറിയുടെ പ്രദേശങ്ങളിൽ വൃക്ഷങ്ങൾക്ക് നാശം സംഭവിക്കുകയും ചെയ്യുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതു നേരിടുന്നതിനായി ഇതുപോലുള്ള പ്രദേശങ്ങളിൽ എൻവയോൺമെന്റ് ആക്ട് അനുസരിച്ച് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ നടപടി ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ഡിവിഷന്റെ കീഴിലുള്ള ഒലവക്കോട്, വാളയാർ റേയ്ഞ്ചുകളിലുള്ള വന സംരക്ഷണ സമിതികൾ മുഖേന 2009 വർഷം മുതൽ നാളിതുവരെ 25 ഹെക്ടർ ചൂരൽ, 50 ഹെക്ടർ മുള എന്നിവ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലലഭ്യത ഉറപ്പു വരുത്തുന്നതിനും വിവിധ സംസ്ഥാന കേന്ദ്ര ഫണ്ടുകൾ ഉപയോഗപ്പെടുത്തി 2009 വർഷം മുതൽ നാളിതുവരെ 904.48 $M^3$ ഗള്ളി പ്ലഗ്ഗിങ്, 5 കുളങ്ങൾ എന്നിവയും, 2010 വർഷത്തിൽ ഒരു തടയണയും നിർമ്മിക്കുകയും നിലവിലുള്ളവ സംരക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്.

വാളയാർ സിമന്റ് ഫാക്ടറി പരിസര പ്രദേശങ്ങളിൽ അടക്കിമുറി എന്ന സ്ഥലത്ത് 5.75 ഹെക്ടർ തേക്ക് തോട്ടവും, ഒലവക്കോട് റെയ്ഞ്ചിൽ 12.28 ഹെക്ടർ തോട്ടവും 2009 വർഷത്തിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

ശുപാർശ

ആദിവാസികളുടെ അറിവ് മാനദണ്ഡമായി എടുത്ത് ഇക്കോഡെവലപ്-മെന്റിന് പ്രയോജനപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സർക്കാർ സ്വീകരിച്ച നടപടി

1. ആദിവാസികളുടെ അറിവ് മാനദണ്ഡമായി സ്വീകരിച്ച് വനസംരക്ഷ ണത്തിലും, വനവത്കരണത്തിലും ആദിവാസികൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് തൊഴിൽ ലഭ്യമാക്കുന്നുണ്ട്.
2. ഇക്കോടൂറിസം മേഖലകളിൽ ആദിവാസികളെ ടൂറിസ്റ്റ് ഗൈഡാക്കി നിയോഗിക്കുന്നതിന് പുറമേ വാച്ചർമാരായും നിയോഗിക്കുന്നുണ്ട്.

3. സുസ്ഥിര വനവിഭവ ശേഖരണം ഉറപ്പുവരുത്തുന്നതിനായി വനവിഭവങ്ങൾ, ഔഷധ സസ്യങ്ങളുടെ ശേഖരണം എന്നിവയിൽ ആദിവാസികളുടെ അറിവ് പ്രയോജനപ്പെടുത്തുന്നുണ്ട്.

4. കൂടാതെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ ട്രക്കിംഗ്, വന്യമൃഗവേട്ട തടയൽ, കഞ്ചാവ് കൃഷി നശിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലും ആദിവാസികളുടെ അറിവ് മാനദണ്ഡമായി സ്വീകരിച്ച് ഇക്കോ ഡെവലപ്മെന്റിന് പ്രയോജനപ്പെടുത്തുന്നുണ്ട്.

ശുപാർശ

ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ലെന്നും അതിനായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ഇത് പരിഹരിക്കുന്നതിനായി കർഷക സമിതിയുടെ നിയന്ത്രണത്തിൽ ഗുണഭോക്താക്കളുടെ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കണമെന്നും അതിൽ നിന്നുള്ള തുക മുൻഗണനാക്രമമനുസരിച്ച് പണികൾക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കനാലുകളുടെ സംരക്ഷണത്തിനു വേണ്ടിവരുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

സർക്കാർ സ്വീകരിച്ച നടപടി

കനാലുകളുടെ സംരക്ഷണത്തിന് വേണ്ടിവരുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യണമെന്ന സമിതിയുടെ ശുപാർശയിൻമേൽ പാലക്കാട് ജില്ലയിലെ ജലസേചന കനാലുകളുടെ സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതായി എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ശുപാർശ

വിദേശ ഇന്ത്യക്കാർ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറാവുന്നത് കണക്കിലെടുത്ത് ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണംവഴി നാളികേരത്തിന്റെ മൂല്യവർദ്ധനവ് ലക്ഷ്യം വച്ച് എൻ. ആർ. ഐ. നിക്ഷേപം ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുവേണ്ട ബോധവൽക്കരണവും പ്രചാരണവും നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

### സർക്കാർ സ്വീകരിച്ച നടപടി

കേരള കൃഷി വകുപ്പ് നാളികേരത്തിന്റെ മൂല്യവർദ്ധനവ് ലക്ഷ്യംവച്ച് നടത്തുന്ന എല്ലാ വിജ്ഞാനവ്യാപന പരിപാടികളിലും നാളികേര വികസന ബോർഡിന്റെ പങ്കാളിത്തം കൂടി ഉറപ്പുവരുത്താവുന്നതാണ്. കൂടാതെ ഓരോ ജില്ലകളിലും പ്രദേശങ്ങളിലും വിജയകരമായി നടപ്പാക്കാൻ പറ്റുന്ന ഉൽപ്പന്ന വൈവിധ്യവൽക്കരണം കൂട്ടായ ചർച്ചയിലൂടെ മനസ്സിലാക്കി വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേരഫെഡ്, മാർക്കറ്റിംഗ് സൊസൈറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ആവശ്യമായ ബോധവൽക്കരണവും പ്രചാരണവും നടത്താവുന്നതാണ്. ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി ഈ വകുപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്. ഇതിനായി കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനും എമർജിംഗ് കേരളയിൽ Investors meet നടത്തുന്നതിനും നടപടി എടുത്തുവരുന്നു.

## നെല്ലിയാമ്പതിയിലെ ഫ്ളോറിക്കൾച്ചർ മേഖലയിൽ നിന്ന് തോട്ടം തൊഴിലാളികളെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ

### ശുപാർശ

നെല്ലിയാമ്പതിയിലെ ഫ്ളോറികൾച്ചർ മേഖലയിൽ തോട്ടം തൊഴിലാളികളെ ഒഴിപ്പിക്കണമെന്നും ഇതിന്റെ ഭാഗമായി റവന്യൂ ഡിവിഷണൽ ഓഫീസറും പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറും സ്ഥലം സന്ദർശിച്ച് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ റവന്യൂ, ആഭ്യന്തരം, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടണമെന്നും സമിതി നിദ്ദേശിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

തോട്ടം തൊഴിലാളികളെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് യാതൊരു പ്രശ്നങ്ങളും ഇപ്പോൾ നിലനിൽക്കുന്നില്ല എന്നും ആയതിനാൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഇപ്പോൾ മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് പ്രസക്തി ഉണ്ടെന്ന് തോന്നുന്നില്ല എന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ നെല്ലിയാമ്പതി മേഖലയിൽ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം മാത്രമാണ് ഉള്ളത്. ഈ ഫാമിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ മാത്രമെ കൃഷി വകുപ്പിന് ഇടപെടാൻ സാധിക്കുകയുള്ളൂ.

## സ്കൂൾ പൗൾട്രി ക്ലബ്ബുമായി ബന്ധപ്പെട്ട ശുപാർശ

### ശുപാർശ

2010 നവംബർ 10-ാം തീയതി ചേർന്ന സമിതി യോഗത്തിൽ സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ കോഴിയെ വളർത്താൻ താല്പര്യവും ആയതിന് സൗകര്യവുമുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം ലഭിക്കുന്നതിനായി 160 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് നമ്പർ 2128/2010/എ.ഡി. തീയതി 30-11-2010 പ്രകാരം സ്കൂൾ പൗൾട്രി ക്ലബ്ബിലേക്ക് ആഗ്മെന്റേഷൻ ഓഫ് മിൽക്ക് & എഗ്ഗ് എന്ന പദ്ധതി പ്രകാരം 2403-800-70-പ്ലാൻ എന്ന ഹെഡ്ഡിൽ 160 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 50000 പേർക്ക് ഈ പദ്ധതിപ്രകാരം പ്രയോജനം ലഭിക്കും.

# 1967 കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചുള്ള ശുപാർശകൾ

## ശുപാർശ

ഇപ്പോൾ നിലവിലുള്ള "കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിൽ" ധാരാളം പോരായ്മകൾ ഉണ്ട്. നെൽപ്പാടങ്ങളുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുവരുന്നതിനാൽ സംസ്ഥാനത്ത് നെൽപ്പാടങ്ങൾ നികത്തുന്നതും രൂപഭേദം വരുത്തുന്നതും തടയുവാൻ ഒരു പുതിയ നിയമം ആവശ്യമാണ്. ആയതിനാൽ പുതിയ നിയമം നിർമ്മിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

പുതിയ നിയമത്തിന് കേന്ദ്രാനുമതി ആവശ്യമാണ്. പുതിയ നിയമം നടപ്പിൽ വരുന്നതുവരെ നിലം നികത്തുന്നതും രൂപഭേദം വരുത്തുന്നതും കർശനമായി തടയേണ്ടതാണ്. ആയതിലേക്കായി നിലവിലുള്ള "കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറി"ൽ ആവശ്യമായ ഭേദഗതികൾ അടിയന്തരമായി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

കുടുംബസ്വത്ത് ഭാഗംവച്ചുകിട്ടിയ വകയിൽ കരഭൂമി ലഭിക്കാതെ വയൽ മാത്രം ലഭിച്ചവർക്ക് സ്വന്തമായി വേറെ കരഭൂമിയില്ലെങ്കിൽ വീട് വയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ പരമാവധി അഞ്ച് സെന്റും ഗ്രാമ പ്രദേശങ്ങളിൽ പരമാവധി പത്ത് സെന്റും നെൽപ്പാടം നികത്തുന്നതിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇങ്ങനെ വയൽ നികത്തുമ്പോൾ അടുത്തുള്ള കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിന് യാതൊരു തടസ്സവും ഉണ്ടാകാൻ പാടില്ല. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് ജനപ്രതിനിധികൾ അടങ്ങുന്ന ഒരു പ്രാദേശിക സമിതിയെ നിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

പൊതു ആവശ്യത്തിനായി നിലം നികത്തുമ്പോൾ ജില്ലാ കളക്ടറുടെ അനുവാദം മാത്രം മതിയെന്നുള്ള വ്യവസ്ഥ മാറ്റപ്പെടേണ്ടതാണ്. ഗവൺമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ ഇപ്രകാരം നിലം നികത്താവൂ. ഗവൺമെന്റിന്റെ ആവശ്യങ്ങൾക്കായാൽ പോലും ഭൂമി കിട്ടാൻ മറ്റു മാർഗ്ഗങ്ങളില്ലാത്ത പ്രത്യേക സാഹചര്യത്തിൽ മാത്രമേ നെൽപ്പാടം നികത്തിയെടുക്കാൻ പാടുള്ളൂവെന്നും വ്യവസ്ഥയുണ്ടാകണം.

(ഖണ്ഡിക 4)

അനധികൃതമായി നെൽപ്പാടങ്ങൾ മണ്ണിട്ടു നികത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാൻ നടപടിയുണ്ടാകണം. ഇതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 5)

ഒരു സീസണിലെങ്കിലും നെൽകൃഷി ചെയ്യാൻ സാധ്യതയുള്ള നെൽപ്പാടങ്ങളിൽ ഒരുപ്പൂ കൃഷി നിർബന്ധമായും ചെയ്തിരിക്കണമെന്നും, ശേഷിക്കുന്ന ഇടവേളയിൽ ഹ്രസ്വകാല പച്ചക്കറി കൃഷികളോ നെൽപ്പാടങ്ങൾക്ക് രൂപഭേദം വരാതുള്ള മറ്റ് കൃഷികളോ (മൽസ്യകൃഷി ഉൾപ്പെടെ) ചെയ്യാൻ അനുവദിക്കണമെന്നുമുള്ള വ്യവസ്ഥ ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

നെൽകൃഷി ചെയ്തുവരുന്ന സ്ഥലത്ത് നിർബന്ധമായും അതുതന്നെ തുടരണമെന്ന് വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

നെൽകൃഷിക്ക് ഒട്ടും അനുയോജ്യമല്ലാത്ത പാടങ്ങളിൽ അവയ്ക്ക് രൂപഭേദം വരുത്താതെ ഹ്രസ്വകാല ഭക്ഷ്യവിള കൃഷിയോ മൽസ്യകൃഷിയോ അല്ലാതെ മറ്റൊന്നും അനുവദിക്കാൻ പാടില്ലെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ ഏതുതരം കൃഷിയാണ് നടത്തേണ്ടതെന്ന് കൃഷി വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കാവൂ എന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

ഓട്, ഇഷ്ടിക എന്നിവയുടെ നിർമ്മാണത്തിനുവേണ്ടി യാതൊരു നിയന്ത്രണവുമില്ലാതെ ഇപ്പോൾ നെൽപ്പാടങ്ങളിലെ മണ്ണ് കുഴിച്ചെടുക്കുന്നുണ്ട്. ഇതിന് നിയന്ത്രണം ആവശ്യമാണെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓട്, ഇഷ്ടിക എന്നിവയുടെ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുക്കുന്നതിന് പ്രത്യേക ഏരിയ മാർക്ക് ചെയ്ത് വിജ്ഞാപനം ചെയ്യണം. ഇങ്ങനെ വിജ്ഞാപനം ചെയ്യുന്ന സ്ഥലത്തു നിന്ന് ഒരു നിശ്ചിത ആഴത്തിൽ മാത്രമേ മണ്ണ് കുഴിച്ചെടുക്കുവാൻ അനുവാദം നൽകാവൂ. മണ്ണ് എടുത്തു കഴിഞ്ഞാൽ ആ പാടം ഉടൻതന്നെ മേൽമണ്ണിട്ട് കൃഷി യോഗ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

### 1 മുതൽ 9 വരെ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻതോതിൽ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും, ഇത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള യാതൊരു നിയമവും ഇല്ലാത്തതിനാലും, നെൽവയലുകളും തണ്ണീർത്തടങ്ങളും

സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് 2008 ആഗസ്റ്റ് 12-ന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നു.

പ്രസ്തുത ആക്ട് അതുനസരിച്ച് നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്ന തിനുവേണ്ടി പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റ് സ്ഥലം നിബന്ധനകൾക്ക് വിധേയമായി നികത്തുന്നതിന് അനുമതി നൽകുന്നുണ്ട്.

പൊതു ആവശ്യത്തിന് നിലം നികത്തുന്നതിന് ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുള്ള അപേക്ഷ സംസ്ഥാനതല സമിതി പരിശോധിച്ച് നിബന്ധനകൾക്ക് വിധേയമായി മാത്രമാണ് നികത്തുന്നതിന് അനുമതി നൽകുന്നത്. അനധികൃതമായി നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തുവാൻ ഉപയോഗി ക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാൻ 2008-ലെ നിയമമനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അനുവാദം നൽകിയിട്ടുണ്ട്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നെൽവയലിന്റെ ഉടമസ്ഥനോ, അധിവാസിയോ, കൈവശക്കാരനോ, ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ, രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യുവാൻ പാടില്ല. എന്നാൽ പ്രസ്തുത നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം വരുത്താതെ ഏതെങ്കിലും ഇടക്കാല വിളയുടെ കൃഷിക്കോ, കൃഷി സംരക്ഷിക്കുന്നതിനായി പുറം ബണ്ടുകൾ ബലപ്പെടുത്താവുന്നതാണ്.

## അദ്ധ്യായം IV

**(എ) ചട്ടം 236(5) പ്രകാരം ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ**

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

#### ശുപാർശ

നെൽകർഷകരുമായി ബന്ധപ്പെട്ട ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകൾക്കുള്ള ധനസഹായം എന്ന പദ്ധതിയെക്കുറിച്ച് സമിതി ചർച്ച ചെയ്തു. ഈ ശീർഷകത്തിൽ അനുവദിച്ച തുകയുപയോഗിച്ച് മൃഗസംരക്ഷണം, കൃഷി എന്നീ വകുപ്പുകൾ സംയുക്തമായി ഒരു മോഡൽ പദ്ധതി എന്ന നിലയിൽ ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

2010-11-ൽ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി '2401-00-102-82-പ്ലാൻ' പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട ഉപപദ്ധതി നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ അനുവദിക്കുകയും മൃഗസംരക്ഷണ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നെൽക്കർഷകർക്ക് 1250 കറവ പശുക്കളെ നൽകി. ഇതുമൂലം 5200 ടൺ പാൽ അധികം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. പദ്ധതിക്കായി നൽകിയ 250 ലക്ഷം രൂപയും 2010-11 വർഷം ചെലവഴിച്ചിട്ടുണ്ട്.

(ഖണ്ഡിക 2 സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് 27-6-2012-ന് സഭയിൽ സമർപ്പിച്ചു.)

ശുപാർശ

കർഷകരുടെ സുരക്ഷയും സംരക്ഷണവും കണക്കിലെടുത്ത് "കിസാൻശ്രീ" എന്ന പേരിൽ സർക്കാർ നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഇതിനകം അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് (520836) കർഷകർ അംഗങ്ങളായിട്ടുണ്ട്. പ്രസ്തുത കർഷകരുടെയും അവരുടെ കുടുംബങ്ങളുടെയും പരിരക്ഷ സർക്കാർ ഉറപ്പ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് ആവശ്യപ്പെട്ടിട്ടുള്ള 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

2010-11 വർഷത്തിൽ ധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസലിൽ 2401-00-110-93-പ്ലാൻ (കിസാൻശ്രീ) ശീർഷകത്തിൽ 70 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നു. എങ്കിലും അംഗീകരിച്ച ബഡ്ജറ്റിൽ ടി തുക ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ആയതിനാൽ 2010-11 വർഷത്തിൽ 'കിസാൻശ്രീ' പദ്ധതിക്കായി 2401-00-110-93—പ്ലാൻ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഖണ്ഡിക 10-മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 21-3-2013-ന് സഭയിൽ സമർപ്പിച്ചു.)

ശുപാർശ

4402 എന്ന മേജർ ഹെഡ്ഡിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് 5.3 കോടി രൂപയും സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ വിവിധ മൈനർ ഹെഡ്ഡുകളിൽ 6.74 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ കെ.എൽ.ഡി.സി. നടപ്പിലാക്കിവന്ന പദ്ധതികൾക്കായി 20 കോടി രൂപ അനുവദിച്ചിട്ടുള്ളത് കൂടാതെ ആവശ്യമായ തുക എസ്.ഡി.ജി.വഴി നേടിയെടുത്തതിനാൽ കൂടുതൽ തുക അനുവദിക്കേണ്ടതില്ലെന്ന്

കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. 6.74 കോടി രൂപ സൂപ്പർവിഷൻ ചാർജ്ജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് കെ.എൽ.ഡി.സി. നടപ്പിലാക്കിയ 7 പദ്ധതികൾക്കായി 530.03 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക കെ.എൽ.ഡി.സി. വാങ്ങിയെടുക്കുകയും ചെയ്തിട്ടുണ്ട്.

കെ.എൽ.ഡി.സി. പൂർത്തീകരിച്ച പദ്ധതികൾക്കായി ഇനിയും സൂപ്പർ വിഷൻ ചാർജ്ജ് തുകയായ 105.035 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാരിന്റെ (ധനകാര്യ വകുപ്പ്) പരിഗണനയിലാണ്.

ശുപാർശ

വിവരസാങ്കേതികവിദ്യ പ്രായോഗികമാക്കൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 11 ലക്ഷം രൂപ സറണ്ടർ ചെയ്തു. ഈ പദ്ധതിക്ക് 2010-11 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വന്നിട്ടില്ല. ആയതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(ഖണ്ഡിക 17, 53 എന്നിവയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 14-2-2013-ന് സഭയിൽ സമർപ്പിച്ചു.)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശുപാർശ

കർഷകരുടെയും കർഷക തൊഴിലാളികളുടെയും ഉന്നമനത്തിനായി കാർഷിക വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളിൽ നിന്നും സഹായം സ്വീകരിച്ചുകൊണ്ട് ഒരു കോർപ്പസ് ഫണ്ട് ഇതിനകം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി തെരഞ്ഞെടുത്ത നെൽക്കർഷകർക്ക് മാസംതോറും 300 രൂപ നിരക്കിൽ പെൻഷൻ നൽകുകയും ചെയ്യുന്നു. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരംഗം മരണപ്പെട്ടാൽ കുടുംബത്തിന് മാസംതോറും 150 രൂപ കുടുംബ പെൻഷന് അർഹതയുണ്ട്. കൂടാതെ പദ്ധതിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹത്തിന് 25,000 രൂപയുടെ ധനസഹായത്തിനും അർഹതയുണ്ട്. പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഇവ നൽകുന്നത്. ഈ പദ്ധതിക്കായി 285 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

2011-12-ലെ അന്തിമ ഉപധനാഭ്യർത്ഥനയിൽ 2401-00-109-79-പ്ലാൻ ശീർഷകത്തിൽ അധികം തുക ആവശ്യപ്പെട്ടെങ്കിലും ലഭിച്ചത് നോൺ പ്ലാൻ ശീർഷകമായ 2401-00-800-31 എന്ന ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിലൂടെയാണ്. അതായത് 2401-00-800-31 എന്ന നോൺ പ്ലാൻ പെൻഷൻ പദ്ധതിയിൽ 1000.01 ലക്ഷം രൂപ ലഭിച്ചു.

2012-13 വർഷം 2401-00-109-79 പ്ലാനിലെ "കർഷകക്ഷേമപദ്ധതി" 2401-00-800-31 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ ലഭിച്ചിട്ടുണ്ട്.

ശുപാർശ

ഉദ്യോഗസ്ഥരില്ലാത്തതിനാൽ സാങ്കേതിക ജോലികൾ നിർവ്വഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ നിലവിൽ എല്ലാത്തരം ക്ലറിക്കൽ ജോലികളും ചെയ്യേണ്ടിവരുന്നു. തന്മൂലം കാർഷിക പദ്ധതികൾ നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർക്ക് തങ്ങളിൽ അർപ്പിതമായ ജോലി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരെയും ക്ലാർക്കുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ 1076 കൃഷിഭവനുകളിലായി 1076 ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതിനാലും നിലവിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിയന്ത്രണം നിലനിൽക്കുന്നതിനാലും സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും ക്ലാർക്കുമാരെ നിയമിക്കുകയെന്ന ശുപാർശയിലെ ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള നടപടി കൃഷി (ഇ.എ.) വകുപ്പിലെ ഫയൽ നമ്പർ 34778/ ഇഎ2/11/എ.ഡി.യിൽ പരിശോധിച്ചുവരുന്നു.

ശുപാർശ

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജ്ഞാപന വ്യാപന പ്രവർത്തനത്തിനും, ഉപദേശക സേവനങ്ങൾക്കുമായിട്ടാണ് ഈ ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിക്കുന്നത്. 20 ഡെയറി ഫ്രണ്ട്‌ലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പരിപാടികളെപ്പറ്റിയുള്ള വിജ്ഞാന വ്യാപനത്തോടൊപ്പം പുതുതായി ഏറ്റെടുക്കുന്ന പരിപാടികളുടെ വിജ്ഞാന വ്യാപനം കൂടി നടപ്പിലാക്കുന്നതിനും അനുവദിച്ച തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ അധികമായി 202 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന സമിതി ശുപാർശ ചെയ്തിട്ടുള്ള 202 ലക്ഷം രൂപ കൂടി ചേർത്ത് 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 321 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ലെ ബഡ്ജറ്റിൽ ആകെ 235 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റേയും ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുമായ 20 പുതിയ ക്ഷീരവികസന യൂണിറ്റുകൾ നടപ്പിലാക്കാൻ 500 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കാൻ 17-4-2012-ലെ സബ്ജക്ട് കമ്മിറ്റിക്ക് വീണ്ടും കുറിപ്പുകൾ നൽകിയിരുന്നത് സമിതി അംഗീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ ടി തുകയ്ക്ക് (500 ലക്ഷം രൂപ) പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

സംസ്ഥാനത്തെ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള തുകയാണ് മുൻവർഷങ്ങളിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്. ഈ ഇനത്തിൽ 2011-12-ലേക്ക് തുക അനുവദിച്ചിട്ടില്ല. അനുമതി ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടർന്ന് ഫെയ്സ് 1-ൽ എറണാകുളം ജില്ലയ്ക്ക് 26.98 ലക്ഷം രൂപയും ഫെയ്സ് 2-ൽ ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി 200.98 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 227.96 ലക്ഷം രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുകയായി സമിതി ശുപാർശ ചെയ്ത തുകയായ 227.96 ലക്ഷം രൂപയുൾപ്പെടെ 2011-12-ലേക്ക് ആവശ്യമായ 869.36 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2011-12-ലേക്ക് ആകെ 357.46 ലക്ഷം രൂപ മാത്രമാണ് അനുവദിച്ച് കിട്ടിയത്. 2012-13-ലെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ 351.882 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള കുറിപ്പ് 17-4-2012-ലെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 135 ലക്ഷം രൂപയ്ക്കുള്ള ശുപാർശ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

2010-11-ൽ ക്ഷീരകർഷകർ സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ കിലോയ്ക്ക് ഒരു രൂപ സബ്സിഡി നൽകി വിതരണം ചെയ്തിരുന്നു. കാലിത്തീറ്റ സബ്സിഡി ദുർബല വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നത് ഉല്പാദന വർദ്ധനവിനെ സഹായിക്കില്ല. സംഘത്തിൽ പാലൊഴിക്കുന്ന എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയാൽ മാത്രമേ സംഘടിത

മേഖലയിൽ പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ സാധിക്കു. ആയതിനാൽ ഈ ശീർഷകത്തിൽ 1614 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

2011-12-ലേക്ക് 600 ലക്ഷം രൂപ അനുവദിച്ചിരുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ, സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള അധിക തുകയായ 1614 ലക്ഷം രൂപയിൽ ഈ സാമ്പത്തിക വർഷം ഇനി ചെലവാക്കാൻ പറ്റുമായിരുന്ന 300 ലക്ഷം രൂപയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. 2011-12-ലേക്ക് ആകെ 600 ലക്ഷം മാത്രമേ അനുവദിച്ചിട്ടുള്ളു. 2012-13-ലേക്കും 600 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ 1200 ലക്ഷം രൂപയുടെ അധിക പ്രൊപ്പോസൽ 17-4-2012-ന്റെ സബ്ജക്ട് കമ്മിറ്റിയുടെ കുറിപ്പുകളിൽ നൽകിയത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 1800 ലക്ഷം രൂപയ്ക്കുള്ള ശുപാർശ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

പാൽ ഗുണനിലവാര പ്രവർത്തനങ്ങൾ ഏറ്റവും ഊർജ്ജിതമാക്കേണ്ട കാലഘട്ടമാണിത്. നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും, നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഇതിനായി 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്ത 50 ലക്ഷം രൂപയും കൂടി ചേർത്ത് 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 88 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് മുമ്പും സബ്ജക്ട് കമ്മിറ്റി സമാന ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. 2012-13-ലേക്ക് 15 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നയപ്രഖ്യാപന പ്രസംഗത്തിൽ വാഗ്ദാനം ചെയ്ത റീജിയണൽ ഡെയറി ലബോറട്ടറി സ്ഥാപിക്കുന്നതിനും മറ്റുമായി 350 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് കൂടിയ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 350 ലക്ഷം രൂപയ്ക്ക് 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ കീഴിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ ഡയറി യൂണിറ്റുകളിലെ പശുക്കൾക്ക് വറ്റുകറവക്കാലത്ത് കാലിത്തീറ്റയ്ക്കുള്ള ധനസഹായം നൽകേണ്ടതുണ്ട്. കൂടാതെ കൂടുതൽ കർഷകരിലേക്ക് പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതികൾ എത്തിക്കുവാനും മറ്റുമായി 358 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്ത 358 ലക്ഷം രൂപയടക്കം 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 729 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ പ്രസ്തുത ശുപാർശ പരിഗണിച്ച് 1300 ലക്ഷം വകയിരുത്തിയിട്ടുണ്ട്. പുതുതായി പ്രഖ്യാപിച്ച കാഫ് അഡോപ്ഷൻ പദ്ധതിയുടെ നടത്തിപ്പിനായി 500 ലക്ഷം രൂപ കൂടി അധികമായി ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് ചേർന്ന സബ്ജക്റ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 446.47 ലക്ഷം രൂപയ്ക്ക് 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്ന ഹേർഡ് ബുക്ക് സ്കീം പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനും ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ പുതിയതായി ഹേർഡ് ബുക്ക് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുംവേണ്ടി 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി 1130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

കേരളത്തിന്റെ തനത് ജനുസ്സായ മലബാറി ആടുകളുടെ സംരക്ഷണത്തിനും വർഗ്ഗോദ്ധാരണത്തിനും അവയുടെ ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തുന്നതിനും അധികമായി 4 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി 1130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

പുതിയ തീറ്റപ്പുല്ലിനങ്ങളും അവയുടെ വിത്തുകളും വികസിപ്പിച്ച് ക്ഷീരവികസന വകുപ്പുവഴി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പദ്ധതിക്കായി 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി 1130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

കെ.എൽ.ഡി. ബോർഡിന്റെ പ്രായോഗിക വൈദഗ്ദ്ധ്യങ്ങൾ ഉപയോഗപ്പെടുത്തി മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് നൽകുന്ന പരിശീലന പദ്ധതിക്കായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി 1130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി താഴെപ്പറയുന്ന പദ്ധതികൾക്കായി 829.5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പന്നിവളർത്തൽ മേഖലയുടെ വികസനം**

കെ.എൽ.ഡി. ബോർഡിന്റെ കൈനൂർ പന്നി വളർത്തൽ കേന്ദ്രത്തിൽ നിന്നും വിദേശ ജനുസ്സിൽപ്പെട്ട ലാൻഡ്രേസ്, ലാർജ് വൈറ്റ്, യോർക്ക്ഷയർ, ഡ്യൂറോക്ക് എന്നീ ഇനങ്ങളിൽപ്പെട്ട ശുദ്ധ ജനുസ്സ് പന്നികളെ കൂത്താട്ടുകുളത്തുള്ള മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിലേക്ക് (എം.പി.ഐ.) മാറ്റിയിരുന്നു. വിദേശത്ത് നിന്നുള്ള ഇറക്കുമതി നിരോധിക്കപ്പെടുകയും, രാജ്യത്ത് മറ്റൊരു സ്ഥലത്തും പ്രസ്തുത ജനുസ്സുകൾ ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവയെ ഒരു ദേശീയ സമ്പത്തായി നിലനിർത്തേണ്ടത് ആവശ്യമാണ്. കെ.എൽ.ഡി.ബോർഡും എം.പി.ഐ.യും ഒരു സംയുക്ത സംരംഭമായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. 250 പന്നികളേയും അവയുടെ സന്തതികളെയും നിലനിർത്തുവാൻ പാകത്തിൽ എം.പി.ഐ.യിൽ വേണ്ട സജ്ജീകരണങ്ങൾ ചെയ്യുവാനും ഈ വിദേശ ജനുസ്സിൽപ്പെട്ട പന്നികളെ നിലനിർത്തുവാനാവശ്യമായ ചെലവുകൾക്കുമായി 125 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതാണ്.

കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി :

കന്നുകാലികൾ കൂടുതലുള്ളതും, കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവമായതുമായ പത്ത് ജില്ലകൾ തെരഞ്ഞെടുത്ത് ഓരോ ജില്ലയിലും ഒരു ഏക്കർ വീതമുള്ള 50 മോഡൽ തീറ്റപ്പുൽ കൃഷി യൂണിറ്റുകൾ സ്ഥാപിക്കുകയും അവിടെ ഉൽപ്പാദിപ്പിക്കുന്ന പുല്ല് പ്രത്യേകം സജ്ജമാക്കിയ വിപണന കേന്ദ്രങ്ങൾവഴി വിതരണം ചെയ്യുകയുമാണ് പദ്ധതി. ഇതിനുവേണ്ടി കർഷകർക്കും, കുടുംബശ്രീ പ്രവർത്തകർക്കും ബോർഡ് പരിശീലനം നൽകുകയും ചെയ്യും. ഈ പദ്ധതിയുടെ നടത്തിപ്പിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണ്.

**കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം**

കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ബീജോൽപ്പാദന കേന്ദ്രങ്ങൾ, പ്രാദേശിക ബീജ ബാങ്കുകൾ, ദ്രവനൈട്രജൻ വിതരണ ശൃംഖല ഇവ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗാഢ ശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദന സമയത്തുള്ള ഗുണനിലവാരം പശുക്കളിൽ നിക്ഷേപിക്കപ്പെടുന്നതുവരെ നിലനിർത്തേണ്ടത് പ്രത്യുല്പാദന ക്ഷമതയ്ക്കും, അതിലൂടെ ഉൽപ്പാദന നിരക്കിന്റെ വർദ്ധനയ്ക്കും അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിക്കുവേണ്ടി 50 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതാണ്.

**കോലാഹലമേട് ഹൈടെക് ഡയറിഫാം**

നിലവിലുള്ള ഫാമുകൾ നവീകരിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഷെഡ്ഡും, അനുബന്ധ മിൽക്കുംഗ് പാർലർ, കന്നുകുട്ടി യൂണിറ്റ്, ജലശേഖരണ വിതരണ സൗകര്യങ്ങളുടെ വികസനം, പുൽകൃഷി സൗകര്യ വികസനം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു. കോലാഹലമേട് ഹൈടെക് ഡയറി ഫാമിന് 604.5 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതാണ്.

ആകെ : 125+50+50+604.5=829.5 ലക്ഷം രൂപ

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹ മില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായമായി 1130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

തീറ്റപ്പുൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് പാൽ ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ പ്രദേശത്തേക്ക് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ തീറ്റപ്പുൽ കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 146 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ സമിതി ശുപാർശ ചെയ്ത അധിക തുക കൂടി ചേർത്ത് 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 340 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷകർക്ക് ആവശ്യമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമാകയാൽ 325 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ അധിക തുകയായി 325 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. എന്നാൽ 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 100 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2012-13-ലേക്കുള്ള ബഡ്ജറ്റിൽ 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയി ട്ടുള്ളത്. ആയതിനാൽ 750 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന കുറിപ്പുകൾ 17-4-2010-ന് കൂടിയ സബ്ജക്റ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 750 ലക്ഷം രൂപയ്ക്ക് ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ക്ഷീരവികസന മേഖലയിലെ ദേശീയ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളിൽ പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 2404 മേജർ ഹെഡ്ഡിൽ പദ്ധതി ഇതര ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ വാങ്ങൽ, ടൂർ ടി.എ. മറ്റു ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ, ട്രെയിനിംഗ് എന്നിവയ്ക്കായി 124.96 ലക്ഷം രൂപ താഴെപ്പറയുംപ്രകാരം അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2404-00-001-99-05 ഓഫീസ് ചെലവുകൾ | : | 2.07 ലക്ഷം |
| 2404-00-001-99-21-1 വാഹനം വാങ്ങൽ | : | 12.66 ലക്ഷം |
| 2404-00-001-99-21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 1.52 ലക്ഷം |
| 2404-00-001-98-04-1 യാത്രാബത്ത | : | 6.11 ലക്ഷം |
| 2404-00-001-98-05-4 മറ്റിനങ്ങൾ | : | 3.65 ലക്ഷം |
| 2404-00-001-98-21-1 വാഹനം വാങ്ങൽ | : | 75.32 ലക്ഷം |
| 2404-00-001-97-04-1 യാത്രാബത്ത | : | 13.51 ലക്ഷം |
| 2404-00-109-98-21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 0.12 ലക്ഷം |
| 2404-00-109-99 പരിശീലനം | : | 10.00 ലക്ഷം |
| ആകെ | : | 124.96 ലക്ഷം |

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഖണ്ഡികയിലെ ശുപാർശകളിന്മേൽ ചുവടെ പറയുന്ന ഇനങ്ങൾക്ക് അധിക തുകയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റ് പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

1. 2404-00-001-99-21-1 വാഹനം വാങ്ങൽ : 50 ലക്ഷം
2. 2404-00-001-98-21-1 വാഹനം വാങ്ങൽ : 50 ലക്ഷം
3. 2404-00-101-97-04-1 യാത്രാബത്ത : 5 ലക്ഷം

സാമ്പത്തിക വർഷാവസാനമായതിനാൽ മറ്റിനങ്ങൾക്ക് പുതിയ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

1. 2404-00-001-99-05—ഓഫീസ് ചെലവുകൾ

ഈയിനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 18,60,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 8.05 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 1055 ലക്ഷം രൂപയ്ക്ക് ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

2. 2404-00-001-99-21-1—വാഹനം വാങ്ങൽ

ഈയിനത്തിന് 2012-13 ബഡ്ജറ്റിൽ 25,00,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റിൽ ടോക്കൻ പ്രൊവിഷൻ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഈയിനത്തിൽ നൽകിയ 50 ലക്ഷം രൂപയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റ് പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. തുക ലഭിച്ചിട്ടില്ല. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 24.99 ലക്ഷം രൂപയ്ക്ക് ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

3. 2404-00-001-99-21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈയിനത്തിൽ 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 1 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 55,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 0.45 ലക്ഷം രൂപയ്ക്ക് ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

4. 2404-00-001-98-04-1—യാത്രാബത്ത

ഈയിനത്തിന് 2012-13 വർഷത്തേക്ക് ബഡ്ജറ്റിൽ 12,50,000 രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 9,95,000 രൂപ 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 2.55 ലക്ഷം രൂപയ്ക്ക് ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

5. 2404-00-001-98-05-4—മറ്റിനങ്ങൾ

ഈയിനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 5,00,000 രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 2,70,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 2.70 ലക്ഷം രൂപയ്ക്ക് ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

6. 2404-00-001-98-21-1—വാഹനം വാങ്ങൽ

ഈയിനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 50,00,000 രൂപയുടെ അധിക തുകയ്ക്കുള്ള സപ്ലിമെന്ററി ഡിമാന്റ് പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് (50,00,000) 2011-12 സാമ്പത്തിക വർഷം സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ ഈയിനത്തിൽ നാളിതുവരെ ലഭിച്ചിട്ടുള്ളു. ഈയിനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് 49.99 ലക്ഷം രൂപയ്ക്ക് ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

7. 2404-00-001-97-04-1—യാത്രാബത്ത

ഈയിനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 17,00,000 രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റിൽ 5,02,000 രൂപ വകയിരുത്തിയിട്ടുണ്ട്.

8. 2404-00-109-98-21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈയിനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 50,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റിൽ 3,23,000 രൂപ വകയിരുത്തിയിട്ടുണ്ട്.

9. 2404-00-109-99—പരിശീലനം

ഈയിനത്തിന് 2012-13-ലേക്കുള്ള ബഡ്ജറ്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. 2012-13 വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുക വകയിരുത്തിയിട്ടില്ല.

ശുപാർശ

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന 60 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്റോഡ് ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യമാണ്. ക്ഷീരപരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാശാലയുടെ ലേസൺ ഓഫീസ് പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽവച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് രണ്ട് നിലകൂടി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്തായി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ഡയറി ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകന യോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുണ്ട്. ഈ ആവശ്യങ്ങൾക്കായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ സമിതി ശുപാർശ ചെയ്ത 250 ലക്ഷം സപ്ലിമെന്ററി ഡിമാന്റിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല. 2012-13-ലെ ബഡ്ജറ്റിലും തുക അനുവദിക്കാത്തതിനെ തുടർന്ന് 250 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് കൂടിയ സബ്ജക്റ്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

[ഖണ്ഡിക 6, 41 മുതൽ 54 വരെയും ഉള്ളവയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 18-12-2012-ന് സഭയിൽ സമർപ്പിച്ചു]

ശുപാർശ

ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിൽ 350 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും റീ-അപ്രോപ്രിയേഷൻ മുഖേന 295.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതും അനുവദിക്കാനായില്ല.

ആയതിനാൽ ടി ശീർഷകത്തിൽ 2011-12 ചെലവ് ഉണ്ടായില്ല. 2012-13 സാമ്പത്തിക വർഷത്തിൽ 400 ലക്ഷം (പ്ലാൻ) രൂപയും നോൺ പ്ലാൻ ഇനത്തിൽ ആയിരം രൂപയും അനുവദിച്ചിട്ടുണ്ട്.

ശുപാർശ

ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 827.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 827.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം ഈ പദ്ധതിയുടെ പ്രവൃത്തികൾക്കായി SDG വഴി 372.53 ലക്ഷം രൂപയും റീ-അപ്രോപ്രിയേഷൻവഴി 193.51 ലക്ഷം രൂപയും കൂടി ആകെ 566.04 ലക്ഷം രൂപ 2011-12-ൽ അനുവദിക്കുകയും ആയത് ചെലവാക്കുകയും ചെയ്തു. 2012-13 വർഷത്തേക്ക് ടി പദ്ധതിക്ക് 640 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 1027.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 1027.47 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ടി തുക ഒന്നാം ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും അനുവദിക്കാനായില്ല. രണ്ടാം SDG-യിൽ ഉൾപ്പെടുത്തി 272.53 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ റീ-അപ്രോപ്രിയേഷൻവഴി 230.09 ലക്ഷവും അനുവദിച്ചിരുന്നു. 2011-12-ൽ ആകെ 502.62 ലക്ഷം രൂപ അനുവദിക്കുകയും ആയത് ചെലവാകുകയും ചെയ്തു. 2012-13-ൽ 400 ലക്ഷം രൂപ ഈ പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്.

ശുപാർശ

എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന ഹാർബർ നിർമ്മാണത്തിലേക്കാവശ്യമായ 1.37 ഹെക്ടർ സ്ഥലം പൊന്നിൻവിലയ്ക്ക് എടുക്കുന്നതിന് 198 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

2011-12-ലെ വിഹിതം 500 ലക്ഷമായിരുന്നു. എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 1.37 ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് ഈ കണക്കിനത്തിൽ 198 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. 2011-12-ൽ ഒന്നാം ഉപധനാ

ഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ട 1,000 ലക്ഷം രൂപ അനുവദിച്ചില്ല. ഫൈനൽ ഉപധനാഭ്യർത്ഥനയിലൂടെ 1,250 ലക്ഷം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 1000 ലക്ഷം രൂപയാണ് അനുവദിച്ചത്. കൂടാതെ റീ-അപ്രോപ്രിയേഷൻവഴി 85.86 ലക്ഷവും അനുവദിച്ചിട്ടുണ്ട്. ആകെ 2011-12-ൽ 1585.86 ലക്ഷം രൂപ അനുവദിക്കുകയും ടി തുക മുഴുവനും ചെലവാകുകയും ചെയ്തിട്ടുണ്ട്. 2012-13 വർഷത്തിൽ ടി ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

[ഖണ്ഡിക 62 മുതൽ 65 വരെ ഉള്ളതിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 14-2-2013-ന് സഭയിൽ സമർപ്പിച്ചു.]

**(ബി) ചട്ടം 236 (6) പ്രകാരം ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന* | *സാമ്പത്തിക വർഷം* | *ഗവ: റഫറൻസ്* | *സഭയിൽ സമർപ്പിച്ച തീയതി* |
|---|---|---|---|---|
| 1 | XXIX-കൃഷി (കേരള സംസ്ഥാന ലാൻഡ് യൂസ് ബോർഡ് | 2011-12 | 7651/ബി1/2012/ പ്ലാനിംഗ് 9-7-2012 | 24-7-2012 |
| 2 | XXXII-ക്ഷീരവികസനം | 2010-11 | 8814/ഡി3/2012/ എ.ഡി 19-7-2012 | 24-7-2012 |
| 3 | XXIX-കൃഷി ബോർഡ് | 2010-11 | 12210/എപി/2011 എ.ഡി 11-7-2012 | 18-12-2012 |
| 4 | XXXIII-മത്സ്യബന്ധനം | 2011-12 | 8014/പിഎസ്/ 2012/മതുവ 25-8-2012 | 18-12-2012 |
| 5 | XXIX-കൃഷി & കൃഷി (മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്) | 2011-12 | 17467/എപി1/ 2012/എ.ഡി 12-12-2012 | 7-2-2013 |
| 6 | XXXI-മൃഗസംരക്ഷണം | 2011-12 | 14640/എ.എച്ച്.ജി1/ 2012/ എ.ഡി 19-12-2012 | 9-4-2013 |
| 7 | XXXII-ക്ഷീരവികസനം | 2011-12 | 35068/ഡി3/2012/ എ.ഡി 20-12-2012 | 9-4-2013 |

തിരുവനന്തപുരം,
2013 മേയ് 8.

**കെ. പി. മോഹനൻ,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി I.*

## അനുബന്ധം

## 12-4-2012-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2012 ഏപ്രിൽ 12, വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗമായ ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ , എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. സുബ്രതാ ബിശ്വാസ്, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി (ഇൻ-ചാർജ്), കൃഷി വകുപ്പ്
3. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, പി. ആന്റ് ഇ.എ.ഡി
4. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ
6. ശ്രീ. ജോസ് ഐസക്, കമ്മീഷണർ, കേരളാ സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ്, തിരുവനന്തപുരം
7. ഡോ. കെ. പ്രതാപൻ, ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

8. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

9. ഡോ. പി. എൻ. പ്രേമചന്ദ്രൻ, അഡീഷണൽ ഡയറക്ടർ ആന്റ് ഹെഡ്, സോയിൽ സർവ്വേ ആന്റ് കൺസർവ്വേഷൻ

10. ശ്രീ. എസ്. എം. രഘുനാഥൻ, എം.ഡി. കാംകോ ആന്റ് കെ.എസ്. ഡബ്ള്യൂ.സി.

11. ഡോ. പി.ജി. രവീന്ദ്രനാഥ്, എം.ഡി., കെ.എൽ.ഡി.സി.

12. ശ്രീ. എൻ. കെ. മനോജ്, എം.ഡി. കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

13. ശ്രീ. ആർ. പി. ശർമ്മ, ഐ.എഫ്.എസ്, ഡയറക്ടർ, കെ.എസ്.ആർ.ഇ.സി, തിരുവനന്തപുരം

14. ശ്രീ. ബി. ജെ. ജയകുമാർ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

15. ശ്രീ. സി. ആർ. രമേഷ്, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)

16. ശ്രീ. എ. സ്റ്റാൻലി, സ്പെഷ്യൽ ഓഫീസർ, ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

17. ശ്രീ. എം. ദിവാകരൻ, ജോയിന്റ് ഡയറക്ടർ, വെസ്റ്റേൺ ഘാട്ട് സെൽ

18. ശ്രീ. ടി. വിമൽ കിഷോർ, ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വേ), വെസ്റ്റേൺ ഘാട്ട് സെൽ

19. ശ്രീ. എൻ. വിജയൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ.

20. ശ്രീ. ടി. എസ്. മജീദ്, കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല

21. ശ്രീ. എ. എം. സുനിൽകുമാർ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

2012-2013 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി, XXX-ഭക്ഷ്യം (കേരള വെയർഹൗസിംഗ് കോർപ്പറേഷൻ) എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുന്നതിന്റെ ഭാഗമായി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതം സംബന്ധിച്ച് കൃഷി വകുപ്പു സെക്രട്ടറി ഇൻ-ചാർജ്ജ് വിവരണം നൽകി. 2012-2013 വർഷം പദ്ധതിവിഹിതത്തിൽ 28%-ന്റെ വർദ്ധനവുണ്ട് എന്നും പദ്ധതിയിതര ഇനത്തിൽ 42629. 946 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്നും ഈ വർഷം കൃഷിക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന്, താഴെപ്പറയുന്ന ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

34-മറ്റു ചെലവുകൾ

2012-13 വാർഷിക പദ്ധതിയിൽ ഭക്ഷ്യ സുരക്ഷയ്ക്ക് ഊന്നൽ നൽകി തിരഞ്ഞെടുക്കപ്പെട്ട 75-80 പ്രധാന നെല്ല് ഉല്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ, തരിശുനിലകൃഷി, കരകൃഷി, ആധുനീകരിച്ച യന്ത്രവത്കരണം ഉപയോഗിക്കുന്നതിന് കൃഷിക്കാരുടെ വൈദഗ്ദ്ധ്യം കൂട്ടുക, അടിസ്ഥാന സൗകര്യ വികസനം, തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ മാതൃകാ പാടശേഖരത്തിന് ധനസഹായം എന്നിവയ്ക്കാണ് പ്രസ്തുത തുക വകകൊള്ളിച്ചിട്ടുള്ളത്.

2012-13 വർഷം 1.75 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള ധനസഹായം 1,500 രൂപ/ഹെക്ടർ എന്നത് 2012-13 മുതൽ 5,000 രൂപ/ഹെക്ടർ ആയി ഉയർത്തുന്നതിനുമായി ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 5000 ലക്ഷം രൂപയ്ക്ക് പുറമേ 6300 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-102-84—ഉൽപ്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 350 രൂപ ഉല്പാദന പ്രോത്സാഹന സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. ഇതനുസരിച്ച് മൂന്നു തവണ കൃഷിയിറക്കുന്ന ഒരു കർഷകന് ഒരു ഹെക്ടറിന് 1,050 രൂപ ലഭിക്കുന്നതാണ്. ഉല്പാദന പ്രോത്സാഹന സഹായം ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഇതിനായി 861.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-103-87—നാളികേരവികസനം

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന ബോർഡിന്റെയും, കേരള കാർഷിക സർവ്വകലാശാലയുടെയും, സി.പി.സി.ആർ.ഐ.-യുടെയും സഹായത്തോടെ നാളികേരത്തിന്റെ ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനത്തിന് ഒരു സംസ്ഥാനതല സംയോജിത വികസന സംവിധാനം രൂപപ്പെടുത്തുന്നതിനും മൂല്യവർദ്ധനവിനുവേണ്ടി കിൻഫ്രയുടെ കേരപാർക്കിനെ സഹായിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിലൂടെ 2012-13 വർഷം 25000 ഹെക്ടറിൽ സംയോജിത കൃഷി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ നിലവിലുള്ള 4500 ലക്ഷം രൂപയ്ക്കു പുറമേ 945.00 ലക്ഷം രൂപ കൂടി അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-104-86(04)—നെല്ലുസംഭരണത്തിന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്ന നഷ്ടപരിഹാരം

2011-12 വർഷം (മാർച്ച് 2012 വരെ) 3.95 ലക്ഷം ടൺ നെല്ല് സംഭരിക്കുക യുണ്ടായി. 2011-12-ലെ ഒന്നാംവിളയുടെയും രണ്ടാം വിളയുടെയും നെല്ല് സംഭരണം നടത്തിയവകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകേണ്ടത് 16200 ലക്ഷം രൂപയാണ്. ആയതിനാൽ 16200 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-190-96—കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഗ്രാന്റ് ഇൻ എയ്ഡ്

കേരള ഭൂവികസന കോർപ്പറേഷന്റെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി വരുന്ന എസ്റ്റാബ്ളിഷ്മെന്റ് ചെലവുകളും, ജീവനക്കാരുടെ ശമ്പളം, മറ്റു വേതനങ്ങൾ എന്നിവയ്ക്കും ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണംമൂലമുണ്ടായ അധികബാധ്യത നികത്തുന്നതിനും അതുപോലെ KLDC-യ്ക്ക് തിരുവനന്തപുരത്ത് സ്വന്തമായി ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് 2401-190-96 ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 1,000 രൂപ token provision-ന് പുറമെ 5 കോടി രൂപ Grant-in-aid ആയി 2401-00 190-96(NP) എന്ന ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-800-68—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

33-സബ്സിഡികൾ

നെൽക്കർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിയ്ക്ക് 2 ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്ന ഈ പദ്ധതിക്കായി വൈദ്യുതി ചാർജ്ജ് നൽകുന്നതിന് ഒരു വർഷത്തേക്ക് 32.00 കോടി രൂപ ആവശ്യമാകയാലും 3.00 കോടി രൂപ 2011-12-ലെ കുടിശ്ശികയായി നൽകാനുള്ളതിനാലും ഈ ഇനത്തിൽ 705 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-800-61(13)—വാട്ടർഷെഡ് വികസനം (എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.)

34-മറ്റു ചെലവുകൾ

മഴയെ ആശ്രയിച്ച് കൃഷി നടത്തപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്രവും സ്ഥായി യുമായ വികസനം ലക്ഷ്യമിടുന്ന ഒരു കേന്ദ്രാവിഷ്കൃത വാട്ടർഷെഡ് വികസന പദ്ധതിയാണിത്. ഇതിനായി 2012-13 വർഷം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിൻകീഴിൽ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി 495 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2401-00-800-31—ചെറുകിട നാമമാത്ര കർഷക പെൻഷൻ

നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ 13200 നെൽക്കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്കുകൂടി പെൻഷൻ നൽകുന്ന പുതിയ പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പെൻഷൻ തുക 300 രൂപ എന്നുള്ളത് പ്രതിമാസം 400 രൂപയായി വർദ്ധിപ്പിച്ചു.

നെൽക്കർഷകർക്കുവേണ്ടി നടപ്പിലാക്കികൊണ്ടിരുന്ന കിസാൻ അഭിമാൻ പെൻഷൻ പദ്ധതി 2012-13-ൽ 2401-00-800-31 നോൺ പ്ലാൻ ശീർഷകത്തിൽ ലയിപ്പിച്ചു. കിസാൻ അഭിമാൻ പദ്ധതിയിലെ അംഗങ്ങൾക്ക് 2011-12 വർഷത്തെ പെൻഷൻ കുടിശ്ശിക 250.80 ലക്ഷം രൂപ നൽകാനുള്ളതിനാലും കൂടാതെ എല്ലാ നാമമാത്ര കർഷകർക്കും പെൻഷൻ നൽകുന്ന പുതിയ 'ചെറുകിട നാമമാത്ര കർഷക പെൻഷൻ' പദ്ധതിക്കായി 4800.00 ലക്ഷം രൂപ വേണ്ടിവരുന്നതിനാലും ഈ ശീർഷകത്തിൽ അധികമായി 5050.80 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2402-00-102-87—<u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്തെ കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയായ 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2415-01-277-99-36—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം (ശമ്പളേതരം)</u>

ഈ ശീർഷകത്തിൽ 3500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2415-01-277-99-31—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം</u>

കേരള കാർഷിക സർവ്വകലാശാലയുടെ 2012 മാർച്ച് വരെയുള്ള ബാധ്യതകൾ തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 19620 ലക്ഷം രൂപയും, 2012-13-ലെ തനതു ചെലവുകൾക്ക് ഗ്രാന്റായി 17605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 37225 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2415-03-277-99-31—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സഹായം-ശമ്പളം</u>

യൂണിവേഴ്സിറ്റിക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 37.26 കോടി രൂപയ്ക്ക് പുറമേ 21.60 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2435-01-800-97—<u>അഗ്രോ ഇൻഡസ്ട്രീസ്</u>

വളർച്ചയുടെ നിർണ്ണായക ഘട്ടത്തിലുള്ള ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണ പായ്ക്കേജായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4401-00-119-99—ഹോർട്ടികോർപ്പിന്റെ ഹരിത വിപണനം പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഡി.പി.ഡി.സി.-യ്ക്ക് സഹായം

ഗുണനിലവാരം ഉറപ്പ് വരുത്തി മേന്മയേറിയ പച്ചക്കറികൾ ഉപഭോക്താവിന് നൽകുക, ജൈവവളം ഉപയോഗിച്ചുണ്ടാക്കിയ പച്ചക്കറികൾ കൂടുതലായി ഉൾപ്പെടുത്തി വിതരണ ശൃംഖല വിപുലീകരിക്കുക, ഉപഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് ജൈവവളകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മാത്രമായ വിതരണ ശൃംഖലകൾ കേരളത്തിൽ ഉടനീളം സ്ഥാപിക്കുക എന്നീ പദ്ധതിക്കായുള്ള പ്രവർത്തന മൂലധനമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4402-00-203-98—തൃശ്ശൂർ കരിനില വികസനം

ഈ ഹെഡ്ഡിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4402-00-203-97—കോൾനിലങ്ങളുടെ വികസനവും നിലമെച്ചപ്പെടുത്തലും

ഈ ഹെഡ്ഡിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് താഴെപ്പറയുന്ന പൊതു വിഷയങ്ങൾ സമിതി ചർച്ച ചെയ്യുകയുണ്ടായി.

ചേർത്തല താലൂക്കിലെ നെൽകൃഷി ചെയ്തുവന്നിരുന്ന കര നെൽപ്പാടങ്ങൾ നിലവിൽ തരിശായി കിടക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത പാടങ്ങളിൽ വീണ്ടും നെൽകൃഷി ഇറക്കുന്നതിനും, ഇടവേളകളിൽ ചെയ്തുവരുന്ന പച്ചക്കറി കൃഷിയുടെ വിളവുൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിലേക്കായി അവ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

വൈദ്യുതി ലഭ്യമല്ലാത്ത പാടശേഖരങ്ങളിൽ നിലവിൽ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിക്കുന്ന ചെറുകിട കർഷകർക്ക് സബ്സിഡിയായി നൽകി വന്നിരുന്ന മണ്ണെണ്ണ തുടർന്നും സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

ഉച്ചയ്ക്കുശേഷം 12.30-ന് സമിതി യോഗം അവസാനിച്ചു.

## 17-4-2012-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2012 ഏപ്രിൽ മാസം 17-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് സമിതി ചെയർമാനും കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിലെ V-ഡി കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. ഇ.പി. ജയരാജൻ, എം.എൽ.എ.

ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
2. ശ്രീ. ടി. കെ. മനോജ് കുമാർ, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
3. ശ്രീ. കെ. അജിത് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ജി. അശോക് കുമാർ, അഡീഷണൽ സെക്രട്ടറി, ഡയറി ഡവലപ്പ്മെന്റ് ആന്റ് ആനിമൽ ഹസ്ബെന്ററി ഡിപ്പാർട്ട്മെന്റ്
6. ശ്രീ. വി. എസ്. ഹരീന്ദ്രൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ഡോ. ആർ. വിജയകുമാർ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
8. ശ്രീ. പി. കെ. പഥക്, ഡയറക്ടർ , മിൽമ

9. ശ്രീമതി കെ. ടി. സരോജിനി, ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

10. ശ്രീ. എസ്. അമീർ ജാൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡയറി ഫാർമേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്

11. ശ്രീ. എം. പി. ജോൺ, പ്രോജക്ട് മാനേജർ, കേരള ഫീഡ്സ് ലിമിറ്റഡ്

12. ഡോ. പി. എം. പ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്

13. ഡോ. കെ. ജി. സുമ, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

14. ഡോ. കെ. രാധാകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ് ഇൻചാർജ്ജ്), മൃഗസംരക്ഷണ വകുപ്പ്

15. ഡോ. ഇ. ശ്രീധരൻ, ഫിനാൻസ് ഓഫീസർ, ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

16. ശ്രീ. സി. ബി. മനോമോഹൻ, രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്ക് യോഗത്തിൽ ഹാജരാകാൻ സാധിക്കാതിരുന്നതിനാൽ ധനാഭ്യർത്ഥന നമ്പർ XXXIII-മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മറ്റൊരു ദിവസം പരിഗണിക്കാമെന്ന് സമിതി ചെയർമാൻ അറിയിച്ചു. തുടർന്ന് 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം) എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

2403-00-001—ഭരണവും നടത്തിപ്പും-99-നടത്തിപ്പ്-01-ശമ്പളം-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലേയും, ഫാം ഇൻഫർമേഷൻ ബ്യൂറോയിലെയും ഉദ്യോഗസ്ഥന്മാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി അധികമായി ഒരു ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

ആകെയുള്ള വിഹിതത്തിൽ 800 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനായി നീക്കിവച്ചിട്ടുണ്ടെങ്കിലും ഈ തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ 2,000 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

ഈ ശീർഷകത്തിൽ 01-4-മൃഗാശുപത്രികളിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 50,000 രൂപയും കണ്ടം ചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനം വാങ്ങുന്നതിനായി 21-1-വാഹനം വാങ്ങൽ എന്ന ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-101-87—വെറ്റിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

05-ഓഫീസ് ചെലവുകൾ-1-വെള്ളക്കരം

പ്രസ്തുത സ്ഥാപനത്തിലെ വെള്ളക്കരം നൽകുന്നതിനായി 05-1 വെള്ളക്കരം എന്ന ഇനത്തിൽ ഒരു ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

21-1-വാഹനം വാങ്ങൽ

തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ സബ്സെന്ററുകൾ എന്നിവയിലെ കണ്ടം ചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-102-97—ലൈവ് സ്റ്റോക്ക് ഫാമുകൾ

04-1-യാത്രാബത്ത

ഫാമുകളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 50,000 രൂപയ്ക്ക് പുറമെ 20,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

ഫാമുകളുടെ ശക്തിപ്പെടുത്തലിനും സംരക്ഷണത്തിനുമായി 2012-13-ലേക്ക് വകയിരുത്തിയിരിക്കുന്ന 1,000 ലക്ഷം രൂപയ്ക്ക് പുറമേ ഈ ഇനത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-103-99—കോഴി വളർത്തൽ കേന്ദ്രങ്ങൾ

05-ഓഫീസ് ചെലവുകൾ-2-വൈദ്യുത ചെലവ്

ഈ ശീർഷകത്തിൽ വിവിധ കോഴി വളർത്തൽ കേന്ദ്രങ്ങളിലെ വൈദ്യുതി ചെലവുകൾക്കായി 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-103-84—വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി

സംസ്ഥാനത്ത് ഏറെ ജനശ്രദ്ധ ആകർഷിച്ചതും ലക്ഷക്കണക്കിന് വീട്ടമ്മമാർക്ക് പ്രയോജനം ചെയ്യുന്നതുമായ വീട്ടമ്മയുടെ അരുമക്കോഴികൾ, ഗ്രാമം നിറയെ കോഴികൾ, കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ്, കോഴി വളർത്തൽ ഗ്രാമങ്ങൾ, നഗരപ്രിയയായി കെപ്കോ എന്നിങ്ങനെ കെപ്കോ മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കെല്ലാം കൂടി 10.42 കോടിയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ 420 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

04-1-യാത്രാബത്ത

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും ഇവ പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ യാത്രാബത്ത ഇനത്തിൽ അധികമായി 2 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു. കൂടാതെ, അഞ്ച് വർഷത്തിലൊരിക്കൽ നടത്തുന്ന കന്നുകാലി സെൻസസിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

2403-00-190-94—കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം

ആഭ്യന്തര മുട്ടയുല്പാദനവും മാംസോത്പാദനവും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ഹെഡ്ഡിൽ 740 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-190-93—എം.പി.ഐ.-യ്ക്ക് സഹായം

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ആധുനികവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് 210 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-196-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റ്

എസ്.പി.സി.എ.-കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി ഈ ഇനത്തിൽ 3 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-800-88—പ്രത്യേക കന്നുകാലി വികസന പദ്ധതി

21-1 വാഹനം വാങ്ങൽ

കന്നുകുട്ടി പരിപാലനപദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലേക്കായി പുതിയ വാഹനങ്ങൾ വാങ്ങിക്കുവാൻ ഈ ഇനത്തിൽ 25 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-800-73—പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം (50% സി.എസ്.എസ്.)

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് പക്ഷികളെ നശിപ്പിക്കുന്നതിനായി നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുകയ്ക്ക് ഒരു ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

6403-00-190-99- (02)—മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

2009-10 സാമ്പത്തികവർഷം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 190 ലക്ഷം രൂപ അനുവദിക്കുകയുണ്ടായിയെന്നും 2009-10-ൽ 38 ലക്ഷം രൂപയും, 2010-11-ൽ 75 ലക്ഷം രൂപയും 2012-ൽ 50.00 ലക്ഷം രൂപയും നൽകിക്കഴിഞ്ഞുവെന്നും സമിതി മനസ്സിലാക്കുന്നു. ബാക്കിയുള്ള തുക നൽകുന്നതിനായി 27 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

6403-00-190-98—മീറ്റ് പ്രോസസ്സിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള വായ്പ (നബാർഡ്-15-ാം ആർ.ഐ.ഡി.എഫ്.)

2010-11 സാമ്പത്തികവർഷം ഒരു ആധുനിക അറവുശാല വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ സ്ഥാപിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുകയുണ്ടായിയെന്നും ഇതിൽ 597.97 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഇതിന്റെ രണ്ടാം ഗഡു നൽകുന്നതിനായി 200 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

6403-00-190-97—കരുനാഗപ്പള്ളിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പ (നബാർഡ്-ആർ.ഐ.ഡി.എഫ്.)

കേരള ഫീഡ്സിന് ആർ.ഐ.ഡി.എഫ്. വായ്പയ്ക്കായി 1200 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-101-71—വീട്ടുപടിക്കൽ മൃഗചികിത്സാസേവനം

സഞ്ചരിക്കുന്ന വിവിധ വിദഗ്ദ്ധ മൃഗാശുപത്രി ഏർപ്പെടുത്തുന്ന പദ്ധതി നടപ്പാക്കുന്നതിനായി ഒരു പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ കോഴിക്കോട് തിരുവമ്പാടിയിൽ ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2403-00-103-84—വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി

പിന്നാമ്പുറത്തെ കോഴിവളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ടെന്നും എന്നാൽ ഉയർന്ന തീറ്റവിലയും വിപണന സഹായത്തിന്റെ അഭാവവും കാരണം ഇക്കഴിഞ്ഞ വർഷങ്ങളിൽ മുട്ട ഉത്പാദനം കുറഞ്ഞുവരികയാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. ആയതിനാൽ

ഗ്രാമപ്രദേശങ്ങളിൽ കോഴി ഉത്പാദനം വർദ്ധിപ്പിക്കുവാൻ വിവിധ തരത്തിലുള്ള സഹായ സംവിധാനങ്ങളിൽ കൂടിയുള്ള സർക്കാർ ഇടപെടലുകൾ ആവശ്യമാണ് എന്നും പിന്നാമ്പുറത്തെ കോഴിവളർത്തൽ വികസനത്തിനായി വിലകുറവുള്ള തീറ്റകൾ നൽകി വളർത്താൻ കഴിയുന്ന മെച്ചപ്പെട്ട ഇനങ്ങളിൽപ്പെട്ട ഗ്രാമലക്ഷ്മി പോലെയുള്ള നാടൻ മുട്ടക്കോഴികൾ പ്രചാരത്തിലാക്കാവുന്നതാണ് എന്നും അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാമ്പുറത്തെ കോഴിവളർത്തലിന് സഹായം നൽകാവുന്നതാണെന്നും ഈ ഇനത്തിൽ തുക ചെലവഴിക്കുന്നതിനു മുമ്പായി പ്രവർത്തന പദ്ധതി തയ്യാറാക്കുകയും അതിനനുസരിച്ച് പദ്ധതി നടപ്പിലാക്കുകയും വേണമെന്നും സമിതി ശുപാർശ ചെയ്തു.

2403-00-109-92—<u>സംരംഭകത്വ വികസനം</u>

മൃഗസംരക്ഷണ പ്രവർത്തനങ്ങൾവഴി തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനുവേണ്ടി 12-ാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഒരു പുതിയ സ്കീമാണിത്. ദീർഘവീക്ഷണമുള്ള സംരംഭകരെ വൈദഗ്ദ്ധ്യവികസനത്തിൽ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടി ഉദ്ദേശിക്കുന്ന പൗൾട്രി ഡ്രസ്സിംഗ് സ്റ്റാളുകൾ സ്ഥാപിക്കുന്നതിനുള്ള നൈപുണ്യ വികസനം, ശാസ്ത്രീയ കറവക്കാരെ രൂപപ്പെടുത്തുക, ശ്വാനപരിപാലനത്തിലും മറ്റു മേഖലകളിലും പരിശീലനം എന്നിവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. വിഹിതത്തിൽ ഒരു ഭാഗം സാഹസിക സംരംഭങ്ങളിലും മറ്റു പദ്ധതികളിലും മൂലധന സഹായത്തിന് പ്രോജക്ടുകൾ തയാറാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈ പദ്ധതിക്കായി 2012-13 വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംരംഭകർക്ക് സഹായധനം/സബ്സിഡി നൽകുന്നതിനായി ഈ തുക ഉപയോഗിക്കണമെന്നും അതിൽ ഒരു ഭാഗം അവർക്കുള്ള പരിശീലനത്തിനായി വിനിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

2404-00-001-99-04-1—<u>യാത്രാബത്ത</u>

യാത്രാബത്ത ഇനത്തിൽ 2,08,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-99-04-2—<u>സ്ഥലംമാറ്റ ബത്ത</u>

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് കുടിശ്ശിക നൽകേണ്ടതിനാൽ അധികമായി 24,000 രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-99-05—<u>ഓഫീസ് ചെലവുകൾ</u>

ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ അധികമായി 10.55 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-99-21-1—<u>വാഹനം വാങ്ങൽ</u>

കാലപ്പഴക്കം കൊണ്ട് കേടുവന്ന വാഹനങ്ങൾക്കു പകരം രണ്ടു വാഹനങ്ങൾ വാങ്ങുന്നതിനായി 24.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-99-21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ സ്പെയർ പാർട്ടുകൾ, റിപ്പയർ ചാർജ്ജ് എന്നിവയുടെ ചെലവ് വർദ്ധിച്ചിരിക്കുന്നതിനാൽ ഈ വകയിൽ അധികമായി 45,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-98-04-1—യാത്രാബത്ത

14 ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പു വർഷത്തിലെ തുക നൽകുവാനും അനുവദിച്ച തുക അപര്യാപ്തമാണ് എന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് റ്റി. എ. കുടിശ്ശിക നൽകുന്നതിന് തുക അനിവാര്യമാണ് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ ഈ ഇനത്തിൽ 2.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-98-05—ഓഫീസ് ചെലവുകൾ

14 ജില്ലാ ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്കും, വൈദ്യുതി, വെള്ളം മുതലായവയ്ക്കും തപാലുകൾ അയയ്ക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2.7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-98-21-1—വാഹനം വാങ്ങൽ

പുതുതായി 8 വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-001-97-04-1—യാത്രാബത്ത

152 ഡെയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പു വർഷത്തിലെ തുക നൽകുവാനും അനുവദിച്ച തുക അപര്യാപ്തമാണെന്നതിനാലും റിട്ടയർ ചെയ്ത ജീവനക്കരുടെ റ്റി. എ. കുടിശ്ശിക നൽകുന്നതിന് തുക ആവശ്യമുള്ളതിനാലും ഇതിനായി 12.98 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

34-മറ്റു ചെലവുകൾ

ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുമായിട്ടാണ് ഈ ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിക്കുന്നത് എന്ന് യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം 20 Dairy Friendly പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പരിപാടികളെപ്പറ്റിയുള്ള വിജ്ഞാന വ്യാപനത്തോടൊപ്പം പുതിയതായി ഏറ്റെടുക്കുന്ന പരിപാടികളുടെ വിജ്ഞാന വ്യാപനം കൂടി നടപ്പിലാക്കുന്നതിനും ഈ ഹെഡ്ഡിൽ 500 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-400-102-83—ക്ഷീരോൽപ്പാദന ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ (സി.എസ്.എസ്സ്.)

കേന്ദ്ര സർക്കാരിലേക്ക് മേഖലാ യൂണിയനുകൾ സമർപ്പിച്ച 351.882 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളിൽ 203.85 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ റിലീസ് ഓർഡർ ലഭിച്ചിട്ടുണ്ടെന്നും അതിൽ തന്നെ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച 135 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള ധനസഹായം 2011-12-ൽ ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മൊത്തം 351.882 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള ധനസഹായം

33-സബ്സിഡികൾ

കാലിത്തീറ്റ സബ്സിഡി ദുർബല വിഭാഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തുന്നത് ഉല്പാദന വർദ്ധനവിനെ സഹായിക്കില്ല എന്നും സംഘത്തിൽ പാലൊഴിക്കുന്ന എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയാൽ മാത്രമേ സംഘടിത മേഖലയിൽ പാൽസംഭരണം വർദ്ധിപ്പിക്കുവാൻ സാധിക്കു എന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ഈ ഇനത്തിൽ കുറച്ചു തുക കണ്ടെത്താൻ കഴിയുമെന്നും വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1,200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

2404-00-109-98-04-1—യാത്രാബത്ത

ക്ഷീര വികസന പരിശീലന കേന്ദ്രത്തോട് ബന്ധപ്പെട്ട യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി 1.8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-109-98-21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

ജില്ലകളിലെ നിലവിലുള്ള വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി അധിക തുക ആവശ്യമുള്ളതിനാൽ ഈ ഇനത്തിൽ അധികമായി 1.77 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും, നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്ന പ്രകാരം 3 റീജിയണൽ ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മൊബൈൽ ഗുണനിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്നും ബോധ്യപ്പെട്ടതിനാൽ ഈ ഇനത്തിൽ 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-109-93—മിൽക്ക് ഷെഡ് വികസന പദ്ധതി

പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി കൂടുതൽ കർഷകരിലേക്ക് എത്തിക്കുവാനും കാഫ് അഡോപ്ഷൻ (Calf Adoption) പദ്ധതി നടപ്പിലാക്കുവാനുമായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-190-89—കെ. എൽ. ഡി. ബോർഡിനു ധനസഹായം

കന്നുകാലികളുടെ വംശവർദ്ധന, തീറ്റപ്പുൽ ഉൽപ്പാദനം എന്നീ രംഗങ്ങളിൽ ബോർഡ് ഗവേഷണം നടത്തുന്ന സാഹചര്യത്തിൽ ഈവിധ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പിലാക്കുന്നതിനും പതിനൊന്നാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മൃഗസംരക്ഷണ വികസന പരിപാടികൾക്ക് ആവശ്യമായ അനുബന്ധ സേവനങ്ങൾ നൽകുന്നതിനും ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തന പരിപാടികൾ നടപ്പിലാക്കുന്നതിനുമായി ആകെ 374.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2404-00-800-79—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീര കർഷകർക്ക് ആവശ്യമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും പെൻഷൻ തുക 300 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകർക്ക് പെൻഷൻ നൽകേണ്ടിവരുമെന്നതിനാലും 750 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4404-00-109-99—മരാമത്ത് പണികൾ

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കംമൂലം മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെവീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നിർവ്വഹിക്കേണ്ടതുണ്ടെന്നും കൂടാതെ മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്റോഡ് ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ടെന്നും സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. ക്ഷീര പരിശീലനകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാശാലയുടെ ലേസൺ ഓഫീസ് പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽ വച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്തായി രണ്ട് നിലകൂടി നിർമ്മിക്കേണ്ടതുണ്ടെന്നും കൂടാതെ ഡെയറി ഡയറക്ടറേറ്റ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകന യോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ അടിയന്തിരമായി പണിയേണ്ടതാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഈ ആവശ്യത്തിനായി ഈ ഹെഡ്ഡിൽ 250 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ക്ഷീരകർഷകർക്ക് നൽകുന്ന സബ്സിഡികൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യവേ, കൃഷിവകുപ്പ്, ക്ഷീരവികസന വകുപ്പ്, പഞ്ചായത്ത് എന്നിവ കർഷകർക്ക് നൽകുന്ന വിവിധ സഹായങ്ങൾ ഏകീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

യോഗം വൈകുന്നേരം 4.45 മണിക്ക് അവസാനിച്ചു.

## 24-4-2012-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2012 ഏപ്രിൽ മാസം 24-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ ചേർന്നു യോഗം ചേർന്നു. സമിതിയുടെ പ്രത്യേക ക്ഷണിതാവായി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ മറ്റ് അംഗങ്ങൾ :

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
3. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
4. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.
5. ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.
6. ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.
7. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
8. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. കെ. അജിത് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. വി. എസ്. ഹരീന്ദ്രൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ലത, സി. എ., ഡയറക്ടർ ഓഫ് ഫിഷറീസ്
6. ശ്രീമതി എൽ. ശ്യാമള, ഡി.സി.ഇ., ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. കെ. സോമരാജൻ, എം.ഡി., മത്സ്യഫെഡ്

8. ശ്രീ. കെ. ബി. ഷാജി, കമ്മീഷണർ, ഫിഷറീസ് യെൽഫെയർ ഫണ്ട് ബോർഡ്, തൃശ്ശൂർ

9. ശ്രീ. എസ്. അജയൻ, ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്

10. ശ്രീ. എസ്. ജയചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

11. ശ്രീ. എ. ഗോപാലകൃഷ്ണൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ

12. ശ്രീമതി സി. ആർ. സത്യവതി, എക്സിക്യൂട്ടീവ് ഡയറക്ടർ, എസ്.എ.എഫ്.

13. ഡോ. എൻ. കെ. അമ്പാടി, എം.ഡി., കെ.എസ്.സി.എ.ഡി.സി.

14. ശ്രീമതി കെ. അനിത, എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്.

സമിതി, 2012-13 സാമ്പത്തിക വർഷത്തിലേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം എന്ന വിഷയത്തിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തുടർന്ന്, താഴെപ്പറയുന്ന ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു:

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2405-00-101-76—പൊക്കാളി നിലങ്ങളിൽ കൊഞ്ചുകൃഷി വികസിപ്പിക്കാനുള്ള സംയോജിത പ്രൊജക്ട്

ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളി നിലങ്ങളിലും തൃശ്ശൂരും കണ്ണൂരും ചെമ്മീൻ/മത്സ്യകൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നുതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അഡാക്ക് നടപ്പിലാക്കുന്നതുമായ ഈ പദ്ധതിക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി തുക ചെലവാക്കുന്ന ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് 02-വേജസ് ഇനത്തിൽ 150.41 ലക്ഷം രൂപയും 18-മെയിന്റനൻസ് ഇനത്തിൽ 352.55 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നതായും എന്നാൽ യഥാക്രമം 110 ലക്ഷം, 200 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും കണ്ടതിനാൽ ബാക്കി തുകയായ 192.96 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-103-91—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

മത്സ്യവിഭവങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കൽ, മത്സ്യവിഭവ സംരക്ഷണം എന്നീ

ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധോദ്ദേശ്യ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

2405-00-105-96—മൂല്യവർദ്ധിത വിപണി

ദേശീയ മത്സ്യവികസന ബോർഡിന്റെ 90 ശതമാനം സഹായത്തോടകൂടി 2012-13 വർഷം 50 നവീന രീതിയിലുള്ള മത്സ്യ മാർക്കറ്റുകൾ ഘട്ടങ്ങളായി നിർമ്മിക്കാനായി ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ 200 ലക്ഷം രൂപ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും 100 ലക്ഷം രൂപ പൊതു അടിസ്ഥാന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുമായി ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 200 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

മത്സ്യത്തൊഴിലാളി പെൻഷനും മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതമായി 2012-13-ൽ അനുവദിച്ച 330 ലക്ഷം രൂപയ്ക്ക് പുറമെ, 2011-12 സാമ്പത്തിക വർഷം മുതൽ അനുവദിച്ചു വരുന്ന 400 രൂപ നിരക്കിലുള്ള പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിനും, 525 രൂപ നിരക്കിൽ വിധവാ പെൻഷൻ അനുവദിക്കുന്നതിനുമായി ഈ ബഡ്ജറ്റിൽ 2100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

സംസ്ഥാനത്തുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടേയും വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രതിവർഷം 1385 ലക്ഷം രൂപ ആവശ്യമാണെന്നും 2012-13 അദ്ധ്യയനവർഷം മുതൽ വിദ്യാഭ്യാസ ആനുകൂല്യ നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടുണ്ടെന്നും ചർച്ചയിൽ വിശദമാക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുൻവർഷത്തെ ബാദ്ധ്യത പരിഹരിക്കുന്നതിനും നടപ്പുവർഷം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-82—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനുള്ള പ്രീമിയം (50% കേന്ദ്ര സഹായം)

സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളായ 238466 പേർക്ക് തുടർന്നും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുന്നതിന് 2012-13 വർഷം 140 രൂപ നിരക്കിൽ 338.85 ലക്ഷം രൂപ ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 138.85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

2405-00-800-76—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികൾക്ക് ആവശ്യമായ സബ്സിഡികൾ അനുവദിക്കുന്നതിനായി 1,200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി യുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% കേന്ദ്ര സഹായം)

പഞ്ഞമാസങ്ങളിൽ കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യ തൊഴിലാളികൾ നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യവിഹിതം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് (50:50) നിക്ഷേപിക്കുകയും ഈ തുക മൂന്ന് തവണകളായി പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കുതന്നെ തിരികെ നൽകുകയും ചെയ്യുന്നു. 2012-13-ലെ ഗുണഭോക്താക്കളുടെ എണ്ണം ഏകദേശം 1.85 ലക്ഷം ആണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ വ്യക്തമാക്കപ്പെട്ടതിനാൽ 1.85 ലക്ഷം തൊഴിലാളികൾക്ക് 1,200 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് 2,220 ലക്ഷം രൂപ ആവശ്യമാണെന്ന് കണ്ട സമിതി ഈ ശീർഷകത്തിൽ 1,220 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരി ക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികളെ മുഴുവൻ ആളൊന്നിന് 140 രൂപ നിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിന് 100.28 ലക്ഷം രൂപ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ അധികമായി 70.28 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-30—കടുങ്ങല്ലൂർ അക്വാടെക്നോളജി പാർക്ക്

ആലുവയിലെ കടുങ്ങല്ലൂരിൽ ഒരു അക്വാടെക്നോളജി പാർക്ക് സ്ഥാപിക്കു ന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതായി യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിനായി 99.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-29—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

കൊച്ചിയിലെ പുതുവൈപ്പിനിൽ ഓഷ്യനേറിയവും ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 1,000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-24—സുനാമി ബാധിത പ്രദേശത്തിനു പുറത്തുള്ള മത്സ്യത്തൊഴിലാളി കൾക്കുള്ള കടാശ്വാസ പദ്ധതി

കേരളാ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് 2008 പ്രകാരം രൂപീകൃതമായിട്ടുള്ള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഭരണപരമായ ചെലവുകൾക്കും മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്ന തിനുമായി ഈ വർഷം 1,700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-09—നാടൻവള്ളങ്ങളുടെ ആധുനികവൽക്കരണം (50% കേന്ദ്ര സഹായം)

സംസ്ഥാനത്ത് നിലവിൽ ഏകദേശം 15,095 ഔട്ട്ബോർഡ് എഞ്ചിനുകൾ മത്സ്യ ബന്ധനത്തിനായി പരമ്പരാഗതമേഖലയിൽ ഉപയോഗിക്കുന്നുണ്ടെന്നും ഇവ മൂന്നു വർഷത്തിലൊരിക്കൽ മാറ്റി പുതിയവ ഉപയോഗിക്കേണ്ടതായി വരുന്നതായും, പൂർണ്ണ മായും ഇറക്കുമതി ചെയ്തുവരുന്ന 10 എച്ച്.പി. യിൽ താഴെയുള്ള എഞ്ചിനുകൾക്ക് പോലും 1,00,000 രൂപയിലധികമാണ് വിലയെന്നും ബോധ്യപ്പെടുത്തിയ ഉദ്യോഗസ്ഥർ 10 എച്ച്. പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് പരമാവധി 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാടൻ വള്ള ങ്ങളുടെ നവീകരണം എന്നും സമിതിയെ അറിയിച്ചു. കൊല്ലം, തിരുവനന്തപുരം ജില്ല കളിൽ പ്രവർത്തിച്ചുവരുന്ന ചെറിയ മത്സ്യബന്ധന യൂണിറ്റുകളാണ് 10. എച്ച്. പി. യിൽ താഴെയുള്ള എഞ്ചിനുകൾ കൂടുതലും ഉപയോഗിക്കുന്നത്. മത്സ്യബന്ധനത്തിനായി ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ഭാരത്തിന് ആശ്വാസം നൽകുന്ന ഈ പദ്ധതിക്കായി 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2405-00-800-08—തീരദേശ മേഖലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി

മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെകീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് സഹായം ലഭ്യമാക്കുവാനുള്ള പരിപാടിയാണിത്. ഒരു ഭവനത്തിന്റെ നിർമ്മാണ ചെലവ് 50,000 രൂപയാണ്. ഈ ചെലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി പൂർണ്ണ സബ്സിഡിയായി നൽകുന്നു. ഭവന നിർമ്മാണ ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ വ്യക്തമാക്കിയ വകുപ്പ് ഉദ്യോഗസ്ഥർ കേന്ദ്ര സർക്കാരിന്റെ ധനസഹായം 25,000 രൂപയായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ബാക്കി 1.75 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായി അനുവദിക്കേ ണ്ടതാണെന്നും സമിതിയെ ബോദ്ധ്യപ്പെടുത്തുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാന ത്തിൽ 2012-13 വർഷം 800 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കു ന്നതിന് ആകെ 16 കോടി രൂപ ആവശ്യമായിട്ടുള്ളതിനാൽ 2405-00-800-86 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷത്തിനു പുറമേ 2405-00-800-08 എന്ന ശീർഷകത്തിൽ 1,200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

ഈ ശീർഷകത്തിൽ ഓഹരിമൂലധനമായി 1,300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-97—വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 50% കേന്ദ്രധനസഹായം)

2/2011-ൽ കമ്മീഷൻ ചെയ്ത വിഴിഞ്ഞം ഫിഷറി ഹാർബറിന്റെ ഖബർ സംരക്ഷണം, ഡ്രഡ്ജിംഗ്, തീരസംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുള്ളതായും പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി 126 ലക്ഷം രൂപയുടെ ഭരണാനുമതി 5/2009-ൽ സർക്കാർ നൽകിയിട്ടുള്ളതാണ്. 12-ാം പഞ്ചവത്സര പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 200 ലക്ഷം രൂപയ്ക്കുള്ള പദ്ധതി രൂപരേഖ പ്ലാനിംഗ് ബോർഡ് അംഗീകരിച്ചെങ്കിലും 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്നും നിലവിൽ 25 ലക്ഷം രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനുമുണ്ടെന്നും ബോദ്ധ്യമായതിനാൽ 2012-13 സാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-91—പൊന്നാനി മത്സ്യബന്ധന തുറമുഖം (50% കേന്ദ്ര ധനസഹായം)

പൊന്നാനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് 50% കേന്ദ്രസഹായ പദ്ധതിയായി 33013 -7/91/എഫ്.വൈ. (എച്ച്) തീയതി 6-9-2001-ൽ 2759.40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി എന്നും കേന്ദ്ര വിഹിതമായി ഇതുവരെ 1379.70 ലക്ഷം രൂപ ലഭിച്ചിട്ടുള്ളതായും, ഭാഗികമായി കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ ചെലവ് ഭരണാനുമതി തുകയെക്കാൾ അധികരിച്ചതിനാൽ 3,593 ലക്ഷം രൂപയുടെ പുതുക്കിയ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി 30-1-2012-ൽ നൽകിയിരിക്കുന്നതായും സമിതിക്ക് അറിയാൻ കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. അനുബന്ധ പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷം 10 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-85—മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം 16-വൻകിട മരാമത്ത് പണികൾ (50% കേന്ദ്രാവിഷ്കൃത പദ്ധതി)

മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണം 50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 33013-2/95/എഫ്.വൈ (എച്ച്) തീയതി 30-3-2000 പ്രകാരം 1366 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായും നാളിതുവരെ 683 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ടെന്നും സമിതിക്ക് ബോദ്ധ്യമായി പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ പ്രവൃത്തി പുരോഗമിച്ചു വന്ന സമയത്ത് ഹാർബർ-മൗത്തിൽ മണ്ണടിയുന്ന പ്രതിഭാസം ഉണ്ടായതിനെ തുടർന്ന് CWPRS, Pune എന്ന സ്ഥാപനത്തെക്കൊണ്ട് റീ എഞ്ചിനീയറിംഗ് സ്റ്റഡി നടത്തുകയും അവരുടെ

നിർദ്ദേശപ്രകാരം പുലിമുട്ടുകളുടെ ദിശമാറ്റി നീളം വർദ്ധിപ്പിക്കുന്നതുമുൾപ്പെടെയുള്ള പുതുക്കിയ 4,468 ലക്ഷം രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന് 31-10-2011-ൽ സമർപ്പിക്കുകയുണ്ടായി. 2012-13 സാമ്പത്തിക വർഷം 18 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടുവെങ്കിലും 6.4 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മുതലപ്പൊഴി ഫിഷറി ഹാർബറിന് തന്നെ 75% കേന്ദ്ര സഹായ പദ്ധതിയിൽ 4405-00-104-65 (75% CSS) എന്ന ശീർഷകത്തിൽ 6.00 കോടി രൂപയും വകയിരുത്തിയതായി കാണുന്നു. മുതലപ്പൊഴി ഫിഷറി ഹാർബർ 50% കേന്ദ്ര സഹായപദ്ധതിയിൽ അംഗീകരിച്ചതാകയാൽ 4405-00-104-65 എന്ന ശീർഷകത്തിൽ 75% കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6.00 കോടി രൂപ 4405-00-104-85 എന്ന (50% CSS) ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 1925.74 ലക്ഷം രൂപയുടെ ഫിഷറി ഹാർബർ നിർമ്മാണത്തിന് ജി.ഒ. (എംഎസ്.) നമ്പർ 16/2007/എഫ് & പി.ഡി. തീയതി 13-4-2007 പ്രകാരം ഉത്തരവായിട്ടുള്ള ഈ പദ്ധതിക്ക് 850 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 16-8-2011-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിങ്ങിൽ തലായ് ഫിഷിംഗ് ഹാർബറിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രസർക്കാർ അംഗീകാരം നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2,684 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതി രൂപരേഖ 9381/ബി2/10/എഫ്&പി.ഡി തീയതി 9-3-2012 പ്രകാരം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടെന്നും, എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 574.20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2012-13-ൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നും, 4405-00-104-66 എന്ന 75% CSS ശീർഷകത്തിൽ 600 ലക്ഷം വകയിരുത്തിയിട്ടുള്ളതായും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, തലായ് ഫിഷറി ഹാർബർ 50% കേന്ദ്ര സഹായപദ്ധതിയാകയാൽ 4405-00-104-66 എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 600 ലക്ഷം രൂപ 4405-00-104-84 എന്ന 50% കേന്ദ്ര വിഹിത പദ്ധതിക്കായുള്ള ശീർഷകത്തിലേക്ക് റീഅപ്രോപ്രിയേറ്റ് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

വർക്കല, ചിലക്കൂർ, പുന്നപ്ര, സൗത്ത് പരവൂർ, പുതിയങ്ങാടി, വെള്ളയിൽ, മഞ്ചേശ്വരം എന്നീ ഫിഷിംഗ് ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കും, പരപ്പനങ്ങാടി, വലിയതുറ തുടങ്ങിയ ഫിഷിംഗ് ഹാർബറുകളുടെ EIA Study, പുതിയ ഇൻവെസ്റ്റിഗേഷൻ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കായി 2012-13 സാമ്പത്തിക വർഷം 80 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു എങ്കിലും 15 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് എന്നതിനാൽ 65 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം

കൊയിലാണ്ടി ഹാർബർ പദ്ധതി 50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ജി.ഒ. (ആർടി.) നമ്പർ 322/2006/എഫ്&പി.ഡി. തീയതി 11-7-2006 ഉത്തരവു പ്രകാരം 3,545 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇതുവരെ 1772.50 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 50% നബാർഡ് ധനസഹായമായി ലഭിച്ചുവരുന്നു. 2012-13 സാമ്പത്തിക വർഷം 715 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശേഷിക്കുന്ന 315 ലക്ഷം രൂപ ബഡ്ജറ്റിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-79—എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെയും വള്ളം കരയ്ക്കടുപ്പിക്കുന്ന കേന്ദ്രങ്ങളുടെയും ഡ്രെഡ്ജിങ്ങ് (50% കേന്ദ്ര സഹായം)

നീണ്ടകര, കായംകുളം, ചോമ്പാൽ, ബേപ്പൂർ, തോട്ടപ്പള്ളി, മുനമ്പം അഴീക്കൽ എന്നീ പൂർത്തീകരിച്ച ഫിഷിംഗ് ഹാർബറുകളിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായി 1,054 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ 50% കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നൽകുകയും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഗഡുവായി 210.80 ലക്ഷം രൂപ കേന്ദ്ര സഹായവും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി 2 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായതിനാൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 600 ലക്ഷം രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതിൽ 300 ലക്ഷം രൂപ 2012-13 വർഷത്തേക്ക് വകയിരുത്തിയിരിക്കുന്നത്. കേന്ദ്രം 50% CSS-ൽ പദ്ധതി രൂപരേഖ അംഗീകരിച്ചിട്ടുമുള്ളതിനാൽ ഈ ഇനത്തിൽ അധികമായി 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-76—സാമ്പ്രാണിക്കോടി, മുഹമ്മ, ബേക്കൽ ഇൻലാന്റ് ഫിഷ് ലാന്റിംഗ് സെന്ററുകൾ

ചെമ്പ്, മുറിഞ്ഞപുഴ, പനച്ചിക്കൽ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പ്രവൃത്തികൾ ക്രമീകരിക്കുന്നത് 4405-104-76 എന്ന ശീർഷകത്തിലാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ചെമ്പ്, മുറിഞ്ഞപുഴ എഫ്.എൽ.സി.-യ്ക്ക് 40 ലക്ഷം രൂപയും പനച്ചിക്കൽ എഫ്.എൽ.സി.യ്ക്ക് 38 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ലെന്നു കണ്ടതിനാൽ 78 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-74—ചെത്തി മത്സ്യബന്ധന തുറമുഖം (50% സി.എസ്.എസ്.)

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട വികസനത്തിന് ജി.ഒ. (ആർടി.) നമ്പർ 55/08/എഫ്&പി.ഡി. പ്രകാരം 24-1-2008-ൽ 500 ലക്ഷം രൂപയ്ക്കും രണ്ടാംഘട്ട വികസനത്തിന് ജി.ഒ. (ആർടി.) നമ്പർ 9/2010/എഫ് & പി.ഡി. തീയതി 1-2-2010 പ്രകാരം 495 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. ബ്രേക്ക് വാട്ടർ, വാർഫ്, ലേലപ്പുര, ഗേറ്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 600 ലക്ഷം രൂപ അനുവദിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ

പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ ശീർഷകത്തിൽ 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതി സ്റ്റേറ്റ് പ്ലാൻ സ്കീമാണ്. ആയതിനാൽ 4405-00-104-74: (50% സി.എസ്.എസ്.) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ (സ്റ്റേറ്റ് പ്ലാൻ സ്കീം) നിർമ്മാണത്തിന് ചെലവഴിക്കുന്ന തിനുള്ള അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

3024 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിക്ക് 75% കേന്ദ്ര സഹായമാണ് ലഭിച്ചിരിക്കുന്നത്. 2012-13 വർഷത്തിലേക്ക് 1,500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 640 ലക്ഷം മാത്രമാണ് ഈ ശീർഷക ത്തിൽ അനുവദിച്ചിട്ടുള്ളത്. ബ്രേക്ക് വാട്ടർ ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ ധൃതഗതിയിൽ നടന്നുവരുന്നു. കേന്ദ്ര സർക്കാർ അനുമതി പ്രകാരം ടി പദ്ധതി 4/2013-ൽ പൂർത്തീകരിക്കേണ്ടതാണ്. ആയതിനാൽ 860 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

ജി.ഒ. (എം.എസ്.) നമ്പർ 36/08/എഫ് & പി.ഡി. തീയതി 15-5-2010 പ്രകാരം 2,906 ലക്ഷം രൂപ ഭരണാനുമതി ലഭിച്ച ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന് 75% കേന്ദ്രസഹായ പദ്ധതിയാണിത്. ധൃതഗതിയിൽ പണി പുരോഗമിക്കുന്ന ഈ പദ്ധതിക്ക് 2012-13 സാമ്പത്തിക വർഷം 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും 4 കോടി മാത്രമേ അനുവദിച്ചിട്ടുള്ളു. പ്രവൃത്തി വളരെ വേഗം പുരോഗമിക്കുന്നതിനാൽ ഏകദേശം 15 കോടി രൂപയുടെ ബിൽ നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ അനുമതി പ്രകാരം ടി പദ്ധതി 4/2013-ൽ പൂർത്തീകരിക്കേണ്ടതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ശേഷിക്കുന്ന 1,100 ലക്ഷം രൂപ കൂടി അധികമായി വകയിരു ത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-71—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

മഞ്ചേശ്വരം ഫിഷറി ഹാർബർ നിർമ്മാണത്തിനുവേണ്ടി 49.81 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷം 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുള്ള അംഗീകാരം പ്രതീക്ഷിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-70—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വെള്ളയിൽ ഫിഷറി ഹാർബറിന്റെ നിർമ്മാണത്തിനായി 38.24 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചി രിക്കുകയാണ്. 75% കേന്ദ്ര സഹായ പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം ഈ പ്രോജക്ടിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. 100 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-69—<u>പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം</u> (75% കേന്ദ്ര വിഹിതം)

പദ്ധതിയുടെ കേന്ദ്രാനുമതി നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു. ആയതിലേക്കായി 1,00,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-68—<u>താനൂർ മത്സ്യബന്ധന തുറമുഖം</u> (75% കേന്ദ്ര വിഹിതം)

താനൂർ ഫിഷറി ഹാർബറിന്റെ നിർമ്മാണത്തിനായി 43.08 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 75% കേന്ദ്ര സഹായ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം ഈ പ്രോജക്ടിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. ആയതിലേക്കായി 1,00,00,000 രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-67—<u>വലിയതുറ മത്സ്യബന്ധന തുറമുഖം</u> (75% കേന്ദ്ര വിഹിതം)

വലിയതുറ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 61.44 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രോജക്ടിന് ഈ സാമ്പത്തിക വർഷം അംഗീകാരം പ്രതീക്ഷിക്കുന്നു. ആയതിലേക്കായി 1,00,00,000 രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-800-82—<u>നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം</u>

നബാർഡ് പദ്ധതിയനുസരിച്ച് ഭരണാനുമതി ലഭിച്ച റോഡുകൾ, പാലങ്ങൾ എന്നിവയുടെ പൂർത്തീകരണത്തിന് (ചെല്ലാനം, തലായ് ഫിഷിംഗ് ഹാർബറിന്റെ സംസ്ഥാന വിഹിതം എന്നിവയുടെ) നടപ്പ് വർഷം 4,990 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 2012-13 വർഷത്തേക്ക് 4,990 ലക്ഷം അനുവദിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ 600.00 ലക്ഷം മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. RIDF-XIII, XV, XVI, XVII എന്നീ സ്കീമുകളിലായി അനുവദിച്ച ഏകദേശം 60 കോടിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നതായി ബോധ്യമായതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ 4,390 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-800-78—<u>ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം</u>

635 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ടി പ്രവൃത്തിക്ക് നാളിതുവരെ 137.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 2012-13 വർഷത്തേക്ക് ഈ പ്രവൃത്തിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നും കണ്ടതിനാൽ 500 ലക്ഷം രൂപ ഈ പ്രവൃത്തിക്ക് വേണ്ടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങൾ കൂടി സമിതി ചർച്ച ചെയ്യുകയുണ്ടായി

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിനുള്ള 50.31 കോടി രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന്റെ 75% സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷം ഇതിന്റെ കേന്ദ്രാനുമതി പ്രതീക്ഷിക്കുന്നതിനാൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി പുതിയ ശീർഷകവും ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പ്രവൃത്തി പൂർത്തീകരിച്ച നീണ്ടകര, കായംകുളം തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെയും, നിർമ്മാണം പൂർത്തിയാക്കിയ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെയും ബ്രേക്കുവാട്ടർ റീഫ്ലീനിഷ്മെന്റ്, സ്ഥലമെടുപ്പ് തുടങ്ങിയ ക്യാപിറ്റൽ റിപ്പയേഴ്സിനായി ന്യൂ സ്കീം ആയി 10 കോടി രൂപ (പ്ലാൻ) ബഡ്ജറ്റ് പ്രൊപ്പോസൽ ചെയ്തിരുന്നുവെങ്കിലും ബഡ്ജറ്റിൽ ഈ വകയിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ഈ ഇനത്തിൽ പുതിയ ഹെഡ്ഡും 1,000 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇന്ധനമായ മണ്ണെണ്ണയുടെ അപര്യാപ്തതമൂലം നിലവിൽ തൊഴിലാളികൾക്ക് ഭീമമായ പ്രവർത്തന ചെലവ് വഹിക്കേണ്ടിവരുന്നു. ഇതിന് ഒരു ആശ്വാസ നടപടി എന്ന നിലയിൽ മത്സ്യഫെഡ് മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി ആനുകൂല്യത്തോടെ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മത്സ്യഫെഡ് മത്സ്യമേഖലയിൽ ഡീസൽ എഞ്ചിനുകളുടെ പ്രചരണവും വിതരണവും നടത്തിയതുമൂലം ഡീസൽ എഞ്ചിനുകളുടെ സ്വീകാര്യത നിലവിൽ വർദ്ധിച്ച് വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡീസൽ എഞ്ചിനുകളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന്റെ വിലയുടെ 50% സബ്സിഡിയായി നൽകുന്ന കാര്യം പരിഗണിക്കണമെന്നും മത്സ്യഫെഡ്‌വഴി പ്രസ്തുത സബ്സിഡി നൽകുന്നതിനായി 20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

വൈകുന്നേരം 4.00 മണിക്ക് യോഗം അവസാനിച്ചു.

## 2-5-2012-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2012 മേയ് 2, ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IIIഎ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ എക്സ് ഒഫീഷ്യോ അംഗമായ ബഹു. ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് സന്നിഹിതനായിരുന്നു.

ഹാജരായ മറ്റ് അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.

ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.

ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. പി. തിലോത്തമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

സമിതി 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും, താഴെപ്പറയുന്ന പൊതുശുപാർശകൾ കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചുകൊണ്ട്, അംഗീകരിക്കുകയും ചെയ്തു.

(1) ചേർത്തല താലൂക്കിലെ നെൽക്കൃഷി ചെയ്തു വന്നിരുന്ന കരനെൽപ്പാടങ്ങൾ നിലവിൽ തരിശായി കിടക്കുകയാണ്. പ്രസ്തുത പാടങ്ങളിൽ വീണ്ടും നെൽക്കൃഷി ഇറക്കുന്നതിനും ഇടവേളകളിൽ ചെയ്തുവരുന്ന പച്ചക്കറിക്കൃഷി വിളവുല്പന്നങ്ങൾ സംഭരിക്കുന്നതിനും കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും;

(2) വൈദ്യുതി ലഭ്യമല്ലാത്ത ചെറിയ പാടശേഖരങ്ങളിൽ നിലവിൽ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിക്കുന്ന ചെറുകിട കർഷകർക്ക് സബ്സിഡിയായി നൽകി വന്നിരുന്ന മണ്ണെണ്ണ തുടർന്നും സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.45-ന് അവസാനിച്ചു.

## 23-5-2012-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2012 മേയ് 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV 'സി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെ പറയുന്ന സമിതി അംഗങ്ങൾ ഹാജരായിരുന്നു:

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.

ശ്രീ. പി. തിലോത്തമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. പി. എൻ. പ്രേമചന്ദ്രൻ, അഡീഷണൽ ഡയറകടർ & ഹെഡ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
2. ശ്രീ. എസ്. എം. രഘുനാഥൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ
3. ശ്രീ. എസ്. അമീർജാൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡയറി ഫാർമേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
4. ശ്രീ. എം. എൻ. ബാബു, സെക്രട്ടറി, സ്റ്റേറ്റ് അഗ്രിക്കൾച്ചർ പ്രൈസസ് ബോർഡ്, തിരുവനന്തപുരം
5. ഡോ. പി. ജി. രവീന്ദ്രനാഥ്, എം.ഡി, കെ.എൽ.ഡി.സി.
6. ശ്രീ. എൻ. മോഹനകുമാർ, ചീഫ് എഞ്ചിനീയർ, എച്ച്.ഇ.ഡി.
7. ശ്രീ. ആർ. പി. ശർമ്മ, ലാൻഡ് യൂസ് കമ്മീഷണർ, തിരുവനന്തപുരം
8. ശ്രീ. കെ. സനൽകുമാർ, ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്.

9. ശ്രീ. പി. റജി വർഗീസ്, അഡീഷണർ സെക്രട്ടറി, പ്ലാനിംഗ് & ഇ.എ. ഡിപ്പാർട്ട്മെന്റ്

10. ശ്രീമതി കെ. ടി. സരോജിനി, ഡയറക്ടർ, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

11. ശ്രീ. ജി. അശോക കുമാർ, അഡീഷണൽ സെക്രട്ടറി (എ.എച്ച്&ഡി.ഡി.)

12. ഡോ. വി. സുനിൽ കുമാർ, എം.ഡി. കെ.ഇ.പി.സി.ഒ.

13. ശ്രീ. എൻ. വിജയൻ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

14. ശ്രീ. പി. സി. രവീന്ദ്രനാഥൻ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

15. ശ്രീ. ടി. എസ്. നെജിമുദ്ദീൻ, ജോയിന്റ് സെക്രട്ടറി, ഫിഷറീസ് & പോർട്ട്സ് ഡിപ്പാർട്ട്മെന്റ്

16. ശ്രീമതി കെ. എ. സൈറ ബാനു, അഡീഷണൽ ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്.

സമിതി, സബ്ജക്ട് കമ്മിറ്റി I-ന്റെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചു.

(1) 2011-2012-ലെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സ2/2011/ലെജി.)

ഖണ്ഡിക 11, 16, 29 മുതൽ 38 വരെ, 55 മുതൽ 61 വരെ, 66 എന്നിവ അംഗീകരിച്ചു.

ഖണ്ഡിക 21 പരിഗണിക്കവേ, സമിതി ശുപാർശ പ്രകാരം, സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റിൽ പച്ചക്കറി, പച്ചത്തേങ്ങ എന്നിവയുടെ സംഭരണം സംബന്ധിച്ച് പരാമർശിക്കാത്തത് എന്തുകൊണ്ടാണെന്നും സമിതിയുടെ ശുപാർശയിലില്ലാത്ത റബ്ബറിന്റെ വില സ്ഥിരതയ്ക്ക് തുക അനുവദിച്ചത് സമിതി ശുപാർശപ്രകാരം സ്വീകരിച്ച നടപടിയായി മറുപടി നല്കാനുണ്ടായ കാരണമെന്തെന്ന് പരിശോധിക്കണമെന്നും സമിതിയുടെ ശുപാർശയ്ക്കുള്ള മറുപടി എത്രയുംവേഗം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ഖണ്ഡിക 28 പരിഗണിക്കവേ, പ്രസ്തുത മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള SLEC അംഗീകരിച്ച 157.608 കോടി രൂപയുടെ പദ്ധതിയുടെ ബ്രേക്ക്-അപ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്തിരുന്ന തകഴി റൈസ്മില്ലിന്റെ പൂർത്തീകരണത്തിനുള്ള അധിക തുക വകയിരുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 39, 40 എന്നിവയിൽ സമിതിക്ക് മറുപടി ലഭ്യമാക്കിയശേഷം അനുവദിക്കപ്പെട്ട തുകയും അവ ചെലവാക്കിയതും സംബന്ധിച്ച് വിശദാംശങ്ങൾ അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 67 പരിഗണിക്കവേ, അന്ധകാരനഴിയുടെ വടക്കുഭാഗത്തെ പാലം നിർമ്മാണ പ്രവൃത്തികൾ ഫണ്ടില്ലാത്തതുകാരണം നിർത്തിവെച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി അടിയന്തിരമായി ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(2) 2010-2011-ലെ സബ്ജക്ട് കമ്മിറ്റി I-ന്റെ അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14979/സബ്.സി.സി2/2010/ലെജി.)

ഖണ്ഡിക 2, 11 അംഗീകരിച്ചു.

(3) 2010-11-ലെ സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 16583/സബ്.സി.സി2/2010/ലെജി.)

ഖണ്ഡിക 51, 52, 69 അംഗീകരിച്ചു.

(4) 2009-10-ലെ സബ്ജക്ട് കമ്മിറ്റി I-ന്റെ നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15597/സബ്.സി.സി2/2009/ലെജി.)

ഖണ്ഡിക 1, 2, 6, 7, 21, 44 മുതൽ 49 വരെ അംഗീകരിച്ചു.

(5) 2008-09-ലെ സബ്ജകട് കമ്മിറ്റി I-ന്റെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 16113/സബ്.സി.സി2/2008/ലെജി.)

ഖണ്ഡിക 25, 31, 32, 33 അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 53 പരിഗണിക്കവേ, അന്യസംസ്ഥാനങ്ങളിൽ നിന്നും മായംകലർന്ന പാൽ കേരളത്തിലേക്ക് കൊണ്ടുവരുന്ന അപകടകരമായ സ്ഥിതി ഒഴിവാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും നിലവിലുള്ള സംവിധാനങ്ങൾ ക്ഷീരവികസന വകുപ്പ് ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

(6) 2007-08-ലെ സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13415/സബ്.സി.സി2/2007/ലെജി.)

ഖണ്ഡിക 51 മുതൽ 67 വരെ അംഗീകരിച്ചു.

(7) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ സ്പെഷ്യൽ റിപ്പോർട്ട്

(ഫയൽ നമ്പർ 15381/സബ്.സി.സി2/2010/ലെജി.)

ഖണ്ഡിക 18 അംഗീകരിച്ചു.

(8) (2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 38

സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി സംബന്ധിച്ച് 10-11-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയത് സമിതി പരിഗണിച്ച് അംഗീകരിച്ചു.

(ഫയൽ നമ്പർ 17826/സബ്.സി.സി2/2010/ലെജി.)

(9) നെല്ലിയാമ്പതിയിലെ ഫ്ളോറിക്കൾച്ചർ മേഖലയിൽ നിന്നും തോട്ടം തൊഴിലാളികളെ ഒഴിപ്പിക്കുന്നതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി I-ന്റെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 7419/സബ്.സി.സി2/2004/ലെജി.)

അംഗീകരിച്ചു.

(10) സബ്ജക്ട് കമ്മറ്റി I-ന്റെ 2012 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി പരിഗണിച്ച് അംഗീകരിച്ചു.

(ഫയൽ നമ്പർ 2359/സബ്.സി.സി2/2012/ലെജി.)

ഉച്ചയ്ക്കുശേഷം 1.20-ന് യോഗം അവസാനിച്ചു.

## 24-7-2012-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2012 ജൂലൈ മാസം 24-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.10-ന് നിയമസഭാ സമുച്ചയത്തിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതി എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികാര്യവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്, പ്രത്യേക ക്ഷണിതാവായി ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

സമിതി, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 3, 23 എന്നീ ഖണ്ഡികകളിലെ

(ഫയൽ നമ്പർ 4871/സബ്.സി.സി.2/2011/ലെജി.) ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് അംഗീകരിക്കുകയും അവകൂടി ഉൾപ്പെടുത്തി കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു.

യോഗം 4.30-ന് പര്യവസാനിച്ചു.

## 2012 ഡിസംബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2012 ഡിസംബർ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായിരുന്ന ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി.

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് & പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട്സ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. എസ്. ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്
4. ശ്രീ. ജ്യോതിലാൽ, സെക്രട്ടറി, അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ്

5. ശ്രീ. ആർ. രാജരാജ വർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്

6. ശ്രീ. എൻ. വി. ത്രിവേദി ബാബു, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. & പി.എഫ്.എം.)

7. ശ്രീ. പ്രണബ് ജ്യോതിനാഥ്, മാനേജിംഗ് ഡയറക്ടർ, മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം

8. ശ്രീമതി സരോജം, കെ. റ്റി., ഡയറക്ടർ, ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

9. ഡോ. കെ. ജി. സുമ, ഡയറക്ടർ, ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്

10. ശ്രീ. ആർ. അജിത്കുമാർ, ഡയറക്ടർ, അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ്

11. ശ്രീ. എൻ. വിജയൻ, അഡീഷണൽ ഡയറക്ടർ, അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ്

12. ശ്രീ. കെ. ബാബു, ജോയിന്റ് ഡയറക്ടർ, അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ്

13. ശ്രീ. എ. കെ. മാധവ ചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

14. ശ്രീ. ജയചന്ദ്ര, ജി., സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ

15. ശ്രീ. ജോൺ എം. ജോൺ, അഡീഷണൽ സെക്രട്ടറി, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്

16. ശ്രീ. വി. കെ. ബാഹുലേയൻ, ജോയിന്റ് സെക്രട്ടറി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്.

17. ഡോ. എം. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കെ.എൽ.ഡി. ബോർഡ്

18. ഡോ. ബി. ജയപ്രകാശ് നായിക്, അസോസിയേറ്റ് ഡയറക്ടർ, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, പീലിക്കോട്.

I. സമിതി, പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ കൃഷി വകുപ്പിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ഫയൽ നമ്പർ 302/സബ്.സി.സി.2/2012/ലെജി.

പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ കൃഷി വകുപ്പിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട സ്കീമുകൾ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലും തുടരുന്നുണ്ടെന്ന് കൃഷി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത സ്കീമുകളിൽ തരിശുരഹിത ഗ്രാമങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണ് പ്രധാനമായും നടപ്പിലാക്കുന്നതെന്നും, ആയത് നടപ്പിലാക്കുന്ന പഞ്ചായത്തുകൾക്ക് പ്രോത്സാഹന സമ്മാനം പ്രഖ്യാപിച്ചിട്ടുണ്ടെന്നും, കൂടാതെ നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി യന്ത്രവത്കരണം വളരെ വിജയകരമായി ഏർപ്പെടുത്തിയിട്ടുള്ളതായും,

കുട്ടനാട് പദ്ധതിയിൽ കാലതാമസം കൂടാതെതന്നെ യന്ത്രവത്കരണം നടത്തിവരുന്നതായും കൃഷിവകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ഇപ്രകാരം ചെയ്തതുകാരണം കഴിഞ്ഞതവണ കാലതാമസമില്ലാതെ വിളവെടുപ്പ് നടത്താൻ കഴിഞ്ഞതായും ഡയറക്ടർ അറിയിച്ചു. കൂടാതെ, സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത രീതിയിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ മണ്ഡലങ്ങളിലും തുടങ്ങാൻ ഉദ്ദേശിക്കുന്നതായും തുടക്കത്തിൽ എട്ടെണ്ണം ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

തുടർന്ന് കാട്ടാമ്പള്ളി പ്രദേശത്തെ നെൽക്കൃഷിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമായി അന്വേഷിച്ച് പ്രസ്തുത വിവരം സമിതിയെ അറിയിക്കാൻ കൃഷിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

II. തുടർന്ന് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിന്മേൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ചു:

1. 2005-06-ലെ 5-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 7607/സബ്.സി.സി.2/2005/ലെജി.)

ഖണ്ഡിക 36, 37 അംഗീകരിച്ചു.

2. 2007-08-ലെ 2-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13415/സബ്.സി.സി2/2007/ലെജി.)

ഖണ്ഡിക 23, 28 അംഗീകരിച്ചു.

ഖണ്ഡിക 28 പരിഗണിക്കവേ, കാർഷികസർവ്വകലാശാല വികസിപ്പിച്ച സാങ്കേതിക വിദ്യയിലൂടെ തെങ്ങ് ചെത്തി തയ്യാറാക്കുന്ന മധുരക്കള്ളിൽ ആൽക്കഹോൾ ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ചറിഞ്ഞിട്ടുള്ളതായും എന്നാൽ രണ്ടുമണിക്കൂർ തുറന്നുവച്ചിരുന്നാൽ ആൽക്കഹോളായി മാറുമെന്നുള്ളതിനാൽ ഇത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത കണക്കിലെടുത്താണ് ഇതിന്റെ വ്യാവസായിക ഉത്പാദനത്തിനായി എക്സൈസ് വകുപ്പിന്റെ അനുമതികൂടി ആവശ്യമായി വരുന്നതെന്ന് കൃഷിവകുപ്പ് സെക്രട്ടറി സമിതി മുൻപാകെ വെളിപ്പെടുത്തി. ആരോഗ്യത്തിന് ഹാനികരമാകാത്ത വിധത്തിൽ ഇതിന്റെ ഫെർമന്റേഷൻ തടയണമെന്ന് ചെയർമാൻ നിർദ്ദേശിച്ചപ്പോൾ, എക്സൈസ് വകുപ്പുമന്ത്രി ഇതിനായി മീറ്റിംഗ് വിളിക്കാമെന്ന് പറഞ്ഞിട്ടുള്ളതായി സമിതിയെ കൃഷി വകുപ്പ് സെക്രട്ടറി അറിയിച്ചു.

3. 2008-2009-ലെ 3-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 16113/സബ്.സി.സി2/2008/ലെജി.)

ഖണ്ഡിക 8, 15, 17, 19 അംഗീകരിച്ചു.

ഖണ്ഡിക 8-നുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, ജില്ലാ കാർഷിക വികസന സമിതികൾ, സംസ്ഥാന കാർഷിക സമിതികൾ എന്നിവ യഥാക്രമം രണ്ട്-മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും നിർബന്ധമായും കൂടാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 17 പരിഗണിക്കവേ, പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന വർക്കായുള്ള ദീനബന്ധു ബയോഗ്യാസ് പ്ലാന്റിലേക്ക് ജനങ്ങളെ ആകർഷിപ്പിക്കുന്നതിനായി പ്രസ്തുത പ്ലാന്റിന്റെ പ്രദർശനം (ഡെമോൺസ്ട്രേഷൻ) നടത്താനും സർക്കാർ മുഖേന പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ പ്രോൽസാഹനം ജനങ്ങൾക്ക് നൽകാനും (കൃഷി വകുപ്പിനെ സമിതി ചുമതലപ്പെടുത്തി) സമിതി നിർദ്ദേശിച്ചു.

4. 2009-2010-ലെ 4-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 16445/സബ്.സി.സി2/2010/ലെജി.)

ഖണ്ഡിക 51 അംഗീകരിച്ചു.

നാടൻ വള്ളങ്ങൾ നവീകരിക്കുന്നതിനുള്ള സഹായം എന്ന ഹെഡ്ഡിൽ 10 എച്ച്.പി.-ക്ക് താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഘടിപ്പിക്കുന്നതിനായുള്ള സബ്സിഡിക്കായി 1414 അപേക്ഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായും, അവരിൽ 400 പേർക്ക് ഈ വർഷം സബ്സിഡി നൽകാനാവുമെന്നും, മറ്റുള്ളവർക്ക് തുടർന്നുള്ള വർഷങ്ങളിൽ നൽകുന്നതാണെന്നും മത്സ്യബന്ധന തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ വെളിപ്പെടുത്തി. അർഹരായ മത്സ്യ തൊഴിലാളികൾക്കെല്ലാം സബ്സിഡി ലഭ്യമാക്കുന്നതിന്റെ ഭാഗമായി, മത്സ്യഫെഡിൽ നിന്നോ മറ്റോ വായ്പ നൽകിയിട്ട്, ആയത് അടച്ചുതീർക്കുന്നതിനിടയിൽ ആനുകൂല്യം നൽകുകയാണെങ്കിൽ ഔട്ട് ബോർഡ് എഞ്ചിൻ മാറ്റിവയ്ക്കുന്നതിനുള്ള സബ്സിഡിക്കായുള്ള അവരുടെ കാത്തിരിപ്പ് ഒഴിവാക്കാനാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഈ ആവശ്യത്തിലേക്കായി അഡീഷണൽ ഓതറൈസേഷൻ ആയി 30 ലക്ഷം രൂപ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

5. 2011-2012-ലെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/ലെജി.)

ഖണ്ഡിക 51 മുതൽ 54 വരെ അംഗീകരിച്ചു.

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട 41 മുതൽ 54 വരെയുള്ള ഖണ്ഡികകൾ പരിഗണിക്കവേ, കെ.എൽ.ഡി. ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഹെഡ്ഡ് ഓഫ് അക്കൗണ്ടുകൾ മൃഗസംരക്ഷണ വകുപ്പിലേക്ക് മാറ്റാനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

6. നാളികേര മേഖലയിലെ പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകൾക്കുള്ള മറുപടികൾ

(ഫയൽ നമ്പർ 15380/സബ്.സി.സി2/2010/ലെജി.)

ഖണ്ഡിക 47 അംഗീകരിച്ചു.

7. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ചുള്ള റിപ്പോർട്ടിലെ ശുപാർശകൾക്കുള്ള മറുപടികൾ

(ഫയൽ നമ്പർ 15381/സബ്.സി.സി2/2010/ലെജി.)

ഖണ്ഡിക 17, 120, 121, 122, 141 അംഗീകരിച്ചു.

തുടർന്ന്, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത നടപടി സ്റ്റേറ്റ്മെന്റുകൾ എത്രയുംവേഗം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

രാവിലെ 10.45-ന് സമിതി യോഗം പിരിഞ്ഞു.

## 2013 ഫെബ്രുവരി 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 ഫെബ്രുവരി 7-ാം തീയതി വ്യാഴാഴ്ച രാവിലെ 10.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
2. ,, ജെയിംസ് മാത്യു
3. ,, സി. പി. മുഹമ്മദ്
4. ,, എം. വി. ശ്രേയാംസ് കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
2. ,, ആർ. അജിത്കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
3. ,, പി. എൻ. പ്രേമചന്ദ്രൻ, ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്
4. ,, ബി. ജെ. ജയകുമാർ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
5. ,, സി. ആർ. രമേഷ്, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്

6. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കന്നുകാലി വികസന ബോർഡ്

7. ശ്രീമതി ഷീല, പി., ജോയിന്റ് ഡയറക്ടർ, കൃഷി വകുപ്പ്

8. ശ്രീ. പ്രസാദ്, പി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്

9. ശ്രീ. ജി. ഹരി, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്

10. ,, ഐസക് കെ. തയ്യിൽ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന വകുപ്പ്

11. ,, അനിൽ കുമാർ, എസ്., ഫിനാൻസ് ഓഫീസർ, ക്ഷീരവികസന വകുപ്പ്

12. ,, സി. എൻ. സുനിൽ കുമാർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഗ്രിക്കൾച്ചർ ഡയറക്ടറേറ്റ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് സമിതി കൃഷി വകുപ്പിന്റെയും മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പിന്റെയും 2011-12 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിക്കുകയും ഇതു സംബന്ധിച്ച് വകുപ്പുമേധാവികളുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

കൃഷി വകുപ്പിന്റെ 2011-12-ലെ പ്രവർത്തന നേട്ടങ്ങൾ എന്തെല്ലാമെന്ന് സമിതി ആരായുകയുണ്ടായി. ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കരനെൽക്കൃഷിയും തരിശ് ഭൂമി കൃഷിയും കൂടുതൽ പ്രദേശത്ത് കൊണ്ടുവരാൻ സാധിച്ചതായും 6539 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷി നടത്തിയതായും ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ 29 കോടി രൂപയിൽ നിന്നും ഇതിനായി 3.27 കോടി രൂപ ചെലവാക്കിയതായും നാളികേര വികസനത്തിന് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സംവിധാനങ്ങൾ കൊണ്ടുവന്നതായും കിസാൻ അഭിമാൻ എന്ന പേരിൽ കൊടുത്തുകൊണ്ടിരുന്ന പ്രതിമാസ പെൻഷൻ തുക 300 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തിയതുമാണ് പ്രധാനപ്പെട്ട നേട്ടങ്ങളെന്ന് കൃഷി വകുപ്പ് ഡയറക്ടർ മറുപടി നൽകി. തുടർന്ന് സമിതി നെല്ല് സംഭരണം സംബന്ധിച്ച് ചർച്ചചെയ്തു. നെല്ല് സംഭരണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരാഞ്ഞ സമിതിക്ക് നെല്ല് സംഭരണം ഇപ്പോൾ കൃഷി വകുപ്പല്ല നടത്തുന്നതെന്നും ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടെ സിവിൽ സപ്ലൈസ് വകുപ്പിന് നെല്ല് സംഭരണം കൈമാറി കൊടുത്തിരിക്കുകയാണെന്നും കൃഷി വകുപ്പ് സെക്രട്ടറി മറുപടി നൽകി. തുടർന്നുള്ള ചർച്ചയിൽ, കൃഷി വകുപ്പ് എല്ലാ ക്വാർട്ടറിലും ശരിയായ അനുപാതത്തിലല്ല തുക ചെലവഴിച്ചിട്ടുള്ളതെന്നും അറുപത് ശതമാനത്തോളം തുക ചെലവഴിച്ചിട്ടുള്ളത് അവസാനത്തെ ക്വാർട്ടറിലാണെന്നും മനസ്സിലാക്കിയ സമിതി കൃഷി വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും നേട്ടങ്ങളും ക്വാർട്ടർലി ആയി നിരീക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി ഫണ്ടിന്റെ ശരിയായ വിതരണവും ഉപയോഗവും സംബന്ധിച്ച് ചർച്ച ചെയ്തു. ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ലഭിച്ച 521 കോടി രൂപയിൽ 469 കോടി രൂപ മാത്രമാണ് ഇതുവരെ ചെലവഴിച്ചതെന്നും ഡിസംബറിനകം 80% ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമേ അടുത്ത

വർഷത്തേക്കുള്ള വിഹിതം കേന്ദ്ര സർക്കാർ അനുവദിക്കുകയുള്ളൂവെന്നും എല്ലാ വർഷവും 50 മുതൽ 60 കോടി രൂപവരെ കേരളത്തിന് നഷ്ടപ്പെടുന്നുണ്ടെന്നും കൃഷി വകുപ്പ് സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി. ഈ സ്ഥിതി വളരെ നിർഭാഗ്യ കരമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞു. നിയമപ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് തുക ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടിമാത്രമേ ബന്ധപ്പെട്ട വകുപ്പിന് റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ഇതിനായി രണ്ട് മാസത്തിലധികം സമയം വേണ്ടിവന്നുകൊണ്ടിരുന്നുവെന്നും എന്നാൽ ചീഫ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാന ത്തിൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെ തന്നെ വകുപ്പിന് ഈ തുക റിലീസ് ചെയ്യാമെന്ന സ്ഥിതി ആയിട്ടുണ്ടെന്നും ഈ വർഷം മുതൽ 80% തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത വകുപ്പുമേധാവികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

ഫണ്ട് റിലീസ് ചെയ്തിരുന്നത് ഡിസ്ട്രിക്ട് ലെവൽ പ്ലാനിംഗ് വഴിയായിരുന്ന പ്പോൾ എല്ലാ ജില്ലകൾക്കും തുല്യ വിതരണം സാധ്യമായിരുന്നെന്നും എന്നാൽ ഇത് കേന്ദ്രീകൃതമാക്കിയതോടുകൂടി ചില ജില്ലകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നി ല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ആർ.കെ.വി.വൈ.-യുടെ ഫണ്ട് ചില പദ്ധതികൾക്കായി വീതിച്ചുപോവുകയാണെന്നും പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്ന ജില്ലകൾക്ക് മാത്രമേ ഈ തുക ലഭിക്കുകയുള്ളുവെന്നും മറ്റ് ജില്ലകൾക്ക് ഈ ഫണ്ട് ലഭിക്കാതെ പോകുമെന്നും ഇതിന് പരിഹാരമായി മൊത്തം കാർഷികോല്പാദനവും അതിൽനിന്നുള്ള വരുമാനവും കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് റിലീസ് ചെയ്യണമെന്നുള്ള മാനദണ്ഡം നിശ്ചയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നാലുശതമാനം കാർഷിക വളർച്ചാ നിരക്ക് കൈവരിക്കുക എന്ന ലക്ഷ്യ ത്തോടെ കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചിട്ടുള്ള ആർ. കെ. വി. വൈ. ഫണ്ട് ഹാർബർ എഞ്ചിനീയറിംഗ് പ്രോജക്ടിനും മെഡിക്കൽ പഠനത്തിനും കേരള കാർഷിക സർവ്വ കലാശാലയ്ക്കും വകമാറ്റി നൽകുന്ന കാര്യം ചർച്ചാവേളയിൽ സമിതിക്ക് ബോധ്യ പ്പെട്ടു. കാർഷിക മേഖലയുടെ ഉന്നമനത്തിനായി യൂണിവേഴ്സിറ്റി ഏതെങ്കിലും തരത്തിലുള്ള റിസർച്ചുകൾ നടത്താത്ത സാഹചര്യത്തിൽ കർഷകർക്കുള്ള പ്ലാൻ ഫണ്ട് ഭാവിയിൽ കാർഷിക സർവ്വകലാശാലയ്ക്ക് നൽകരുതെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന് സമിതി ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി നടത്തിവരുന്ന ജൈവ കൃഷിക്കാവശ്യമായ ഓർഗാനിക് വളമായ ട്രൈക്കോർഡെർമ കർഷകർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. ടി വളത്തിന്റെ ഉല്പാദന ചെലവ് ഒരു കവറിന് 100 രൂപയിൽ താഴെയാണെന്നും എന്നാൽ ഈ വളത്തിന് കർഷകർ 350 രൂപ നൽകേണ്ടതായി വരുന്നുവെന്നും സബ്സിഡിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ലെന്നും ഈ അവസ്ഥയ്ക്ക് കാരണം അത്തരം വളങ്ങളുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനും കുറഞ്ഞ വില നിശ്ചയിക്കുന്നതിനും ഇപ്പോൾ സംവിധാനമില്ലാത്തതാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഇത്തരം വളങ്ങളുടെ ഗുണമേന്മ സർട്ടിഫൈ ചെയ്ത് വില നിശ്ചയിക്കുവാൻ നടപടി സ്വീകരി ക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിശദമായ ചർച്ചയ്ക്കുശേഷം 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചുള്ള സമിതി റിപ്പോർട്ടിലെ 1 മുതൽ 9 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 11939/സബ്.സി.സി.2/1996/ലെജി.)

തുടർന്ന്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2005-06 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം. 7607/സബ്.സി.സി.2/2005/ലെജി.)

ഖണ്ഡിക 20,39

2. 2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14979/സബ്.സി.സി.2/2010/ലെജി.)

ഖണ്ഡിക 17

ടി ഖണ്ഡിക പരിഗണിക്കവേ, കെ.എൽ.ഡി.സി. നടപ്പിലാക്കികൊണ്ടിരിക്കുന്ന എത്ര തുകയ്ക്കുള്ള പദ്ധതികളുടെ സൂപ്പർവിഷൻ ചാർജ്ജാണ് ടി സ്ഥാപനത്തിന് അനുവദിച്ചതെന്നത് സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

3. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി.2/2011/ലെജി.)

ഖണ്ഡിക 6

ഖണ്ഡിക 27

ഖണ്ഡിക 27-ന് ലഭിച്ച മറുപടി പരിഗണിക്കവേ കൃഷിനാശവുമായി ബന്ധപ്പെട്ടുംമറ്റും നിരന്തരം ഫീൽഡിൽ പോകേണ്ടതിനാൽ ജീവനക്കാർക്ക് മറ്റ് എക്സ്റ്റെൻഷൻ ജോലികൾക്ക് സമയം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്ന് സമിതി ചൂണ്ടിക്കാണിച്ചു. കൃഷി വകുപ്പിലെ 350-ഓളം തസ്തികകൾ ത്രിതല പഞ്ചായത്തുകളിലേക്ക് പുനർവിന്യസിച്ചതിനാലാണ് ഈ സാഹചര്യം ഉണ്ടായതെന്നും ഈ തസ്തികകൾ തിരികെ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കൃഷി വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറവായതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകളും പ്രവർത്തനങ്ങളിലെ ന്യൂനതകളും സംബന്ധിച്ച ഒരു വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

4. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. 3037/സബ്.സി.സി.2/2012/ലെജി.)

ഖണ്ഡിക 8, 40 മുതൽ 58 വരെ.

2403 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വരേണ്ട ലൈവ് സ്റ്റോക്കിന്റെയും തീറ്റപ്പുല്ലിന്റെയും ചെലവുകൾ ഇപ്പോൾ ക്ഷീരവികസന വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് ആയ 2404 എന്ന ശീർഷകത്തിലായതിനാൽ പണം ചെലവഴിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ലൈവ് സ്റ്റോക്കിന്റെയും തീറ്റപ്പുല്ലിന്റെയും ചെലവുകൾ 2403 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2013 ഫെബ്രുവരി 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 ഫെബ്രുവരി 14-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം രാത്രി 07.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV-സി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും താഴെപ്പറഞ്ഞിരിക്കുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം. എൽ. എ.
2. ശ്രീ. ജെയിംസ് മാത്യു, എം. എൽ. എ.
3. ശ്രീ. ഇ. പി. ജയരാജൻ, എം. എൽ. എ.
4. ശ്രീ. എസ്. ശർമ്മ, എം. എൽ. എ.
5. ശ്രീ. എം. വി. ശ്രേയാംസ് കുമാർ, എം. എൽ. എ.

നിയമസഭാ സെക്രട്ടറിയേറ്റ്

1. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുബ്രത ബിശ്വാസ്, കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പ്.
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്.
3. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, അഡീഷണൽ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. പി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്.
5. ശ്രീ. സഞ്ജയൻ, കെ. ടി, ഡയറക്ടർ, ഡയറി ഡെവലപ്മെന്റ് കോർപ്പറേഷൻ.
6. ഡോ. കെ. ജി. സുമ, ഡയറക്ടർ, ആനിമൽ ഹസ്ബൻഡറി ഡിപ്പാർട്ടുമെന്റ്.

പ്രസ്തുത യോഗത്തിൽ സമിതി 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. ജെയിംസ് മാത്യു എന്നീ അംഗങ്ങൾ റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിക്കാൻ വിയോജനക്കുറിപ്പ് നൽകുകയും ചെയ്തു.

രാത്രി 8.00 മണിക്ക് യോഗം പിരിഞ്ഞു.

## 2013 മാർച്ച് 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 മാർച്ച് 25-ാം തീയതി തിങ്കളാഴ്ച്ച വൈകുന്നേരം 3.55-ന് നിയമസഭാ സമുച്ചയത്തിലെ IV-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
2. ശ്രീ. ജെയിംസ് മാത്യു
3. ശ്രീ. എസ്. ശർമ്മ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. ബെന്നി, പി. ജി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. പ്രസാദ്, പി. എസ്, ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്.
4. ശ്രീ. കൃഷ്ണപ്രകാശ്, പി, ഡെപ്യൂട്ടി രജിസ്ട്രാർ, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല.

സമിതി 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ശ്രീ. എസ്. ശർമ്മ, ശ്രീ. ജെയിംസ് മാത്യു എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി വൈകുന്നേരം 4.10-ന് യോഗം പിരിഞ്ഞു.